# തുളസീരവം

— ജനുവരി 2024 —



പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ

# സംസ്ഥാന കമ്മിറ്റി 2023–24

പ്രസിഡന്റ്



രമേഷ് എം. തമ്പി

ജനറൽ സെക്രട്ടറി



സുഭാഷ് ചന്ദ്രൻ പി. കെ.

ട്രഷറർ



സൂരജ് വി.

## വൈസ് പ്രസിഡന്റുമാർ



രേണുദാസ് എൻ.



അൻവർ സാജിദ് പി.

## ജോയിന്റ് സെക്രട്ടറിമാർ



അജിത്കുമാർ എസ്.



ശ്രീലത ടി.സി.

## എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ



സന്തോഷ് കുമാർ ഡി



അനിൽകുമാർ വി.എസ്.



സഞ്ജിത്ത് വി.



സനീഷ് സമദ്



ഗോപകുമാർ എസ്.എസ്.



ജയസേനൻ എസ്.എസ്.



വിനാംസി ലോറൻസ്



മിനു ആർ. എൽ.

# തുളസീരവം
## പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ മുഖപത്രം

പുതുവർഷപ്പതിപ്പ്

സ്ഥാപിതം : 1989
രജി. നമ്പർ : 267/91
ജനുവരി : 2024
പുസ്തകം : 11
ലക്കം : 1



**ചീഫ്എഡിറ്റർ**
ആൽബിൻരാജ് ഡി.എസ്.

**മാനേജിംഗ് എഡിറ്റർ**
അനിൽകുമാർ വി.എസ്.

**എഡിറ്റർമാർ**
സഞ്ജീവ് പി.എ.
സുരേഷ്കുമാർ ആർ.സി.

**പത്രാധിപസമിതി അംഗങ്ങൾ**
രമേഷ് എം. തമ്പി
സുഭാഷ്ചന്ദ്രൻ പി.കെ.
പ്രദീപ്കുമാർ. ഐ.പി.
സഞ്ജിത് വി.
ഫ്രഞ്ചസ് ഡി.
വനജ പി.
അനൂപ് വി. എസ്.
ശ്രീദേവ് എം.എസ്.
അനിൽകുമാർ വി.



പി.എസ്.സി. എംപ്ലോയീസ് അസോസിയേഷനുവേണ്ടി
ജനറൽ സെക്രട്ടറി
**സുഭാഷ്ചന്ദ്രൻ പി.കെ.**
പ്രസിദ്ധീകരിക്കുന്നത്
പി.എസ്.സി. ജീവനക്കാർക്ക് മാത്രം.

**ഡി.റ്റി.പി**
സി.എസ്.ഐ.പി.എഫ്

**ലേഔട്ട് & പ്രിന്റിംഗ്**
ടൈം ഓഫ്സെറ്റ്


ലേഖകരുടെ അഭിപ്രായങ്ങൾ തുളസീരവത്തിന്റേത് ആയിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.


**6** ലക്ഷ്യം കൈവരിയ്ക്കും വരെ...... പ്രക്ഷോഭങ്ങൾ തുടരും....
രമേഷ്. എം. തമ്പി

**9** 34–ാം സംസ്ഥാന സമ്മേളന റിപ്പോർട്ട്
സുഭാഷ് ചന്ദ്രൻ. പി.കെ.

**12** എരിതീയെ പ്രണയിക്കുന്നു
സഞ്ജിത്ത് വി.

**13** കഴുകനും പെൺകുട്ടിയും ഒരു പുനർവിചാരണയുടെ കഥ
ഷാനവാസ് ഇ.

**18** കഥ അല്ലിത് ജീവിതം
പി.എസ്.സി.ഇ.എ

**20** ലഹരി
ഷാജി.എ

**21** ഒരല്പം അസർ ബൈജാൻ എടുക്കട്ടെ
രാജേഷ് കൃഷ്ണൻ

**26** അടരുവാൻ വയ്യെന്നിക്ക് നിന്നിൽ നിന്നും
ലളിത. എസ്.

**28** ചത്ത മീനുകൾ
വനജ പി.

**33** ചിക്ക്മാംഗ്ലൂരിന്റെ ആത്മാവ് തൊട്ടറിഞ്ഞ യാത്രാവിസ്മയം
അബ്ദുസലാം വി.വി.

**37** അവൾ
അഭിഷേക്

**41** The Divine Smell of Christmas
ജിതിൻ ജോസ്

**42** സ്വർണ്ണം പൂശിയ പട്ടിണിവണ്ടി
ഉദ്ദാണ്ഡൻ

**45** സഹയാത്രിക
ലത എൻ.

**46** വീട്ടിലേയ്ക്കുള്ള വഴി
വി. ലോറൻസ്

**49** 2023 സിനിമ ഒരു തിരനോട്ടം
സുനിൽ വൈ.

**52** സമകാലിക രാഷ്ട്രീയവും കേരളവും
എ.കെ. സാദിക്

**56** കാകദൃഷ്ടി
പി.എസ്.സി.ഇ.എ

EDITORIAL



# എഡിറ്റോറിയൽ

കഴിഞ്ഞ കാലത്തിന്റെ കറുത്തുമായി പഴമയോട് വിട പറഞ്ഞ് ഇന്നലെകളിലെ പ്രതിസന്ധികളെ മറികടന്ന് എങ്ങുമെത്താതെ പോയ പ്രതീക്ഷകളുടെ കനൽ കെടുത്താത്ത ചെറു കാറ്റായി മാറട്ടെ ഈ പുതുവർഷം. നമുക്ക് മുന്നിലെ യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞ് നീതിയുടെയും സത്യത്തിന്റെയും തിരി തെളിയിച്ച് ആർക്കും കെടുത്താൻ കഴിയാത്ത വെളിച്ചമായ് മുന്നേറാം. നിശ്ശബ്ദമാക്കാൻ ശ്രമിക്കുന്നവരുടെ മുന്നിൽ ഇന്നിന്റെ ശബ്ദമാകാൻ നമുക്ക് കഴിയണം. ഇന്നിന്റെ നിശ്ശബ്ദത നാളെയുടെ ശബ്ദമായി മാറില്ല. ഇന്നിന്റെ ശബ്ദം നാളെയുടെ നല്ല ദിനങ്ങൾക്കുവേണ്ടി ഉള്ളതാണ് എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ആ തിരിച്ചറിവിൽ നിന്നുകൊണ്ട് എതിർക്കേണ്ടത് എതിർത്തും, വിമർശിക്കേണ്ടത് വിമർശിച്ചും പ്രതിഷേധിക്കേണ്ടിടത്ത് പ്രതിഷേധിച്ചും ഉൾക്കൊള്ളേണ്ടത് ഉൾക്കൊണ്ടും കൊണ്ട് നാളെയുടെ ശബ്ദമായി നമുക്ക് മാറാം. ആ ശബ്ദത്തിൽ പ്രതീക്ഷയുടെ പുതിയ നാമ്പുകൾ മുളക്കുമെന്ന് പ്രതീക്ഷിക്കാം.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചത് എങ്ങനെ എന്ന് ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. സ്വാതന്ത്ര്യചരിത്രത്തിന്റെ ഭാഗമല്ലാത്തവർ ഇന്ന് ഇന്ത്യയോട് കാണിക്കുന്ന സ്നേഹം കാണുമ്പോൾ ഇവരുടെ കപടമുഖങ്ങളെയാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. സ്വാതന്ത്ര്യം നേടിയെടുക്കുവാൻ മുന്നിൽ നിന്ന് നയിച്ചവർ ഒരിക്കലും ജാതിയോ, മതമോ, വർണ്ണമോ വർഗ്ഗമോ നോക്കിയല്ല ബ്രിട്ടീഷുകാരോട് പൊരുതാനിറങ്ങിയത്. ഇന്ത്യ എന്ന വികാരമായിരുന്നു അവർക്കു മുന്നിലുണ്ടായിരുന്നത്. ആ വികാരത്തിനു മുൻപിൽ ബ്രിട്ടീഷുകാരുടെ തോക്കുകൾക്കോ മർദ്ദനങ്ങൾക്കോ ചെറുത്തു നിൽപ്പുകൾക്കോ അവരെ തോൽപ്പിക്കുവാൻ സാധിച്ചില്ല. ധീര രക്തസാക്ഷികളുടെ പോരാട്ട ഫലമായി നേടിയെടുത്തതാണ് ഇന്ന് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം. എന്നാൽ ഇന്ന് ജനാധിപത്യത്തിന്റെ സിംഹാസനങ്ങളിൽ ഇരിക്കുന്നവർ സ്വേച്ഛാധിപതികളായി മാറി ജനാധിപത്യത്തെ കശാപ്പു ചെയ്യുകയാണ്. പ്രതിഷേധങ്ങളും എതിർ സ്വരങ്ങളും ഇന്ന് ജനാധിപത്യ സിംഹാസനങ്ങളിൽ ഇരിക്കുന്നവരെ അസ്വസ്ഥരാക്കുന്നു. പ്രതിഷേധസ്വരങ്ങൾ ഇല്ലായ്മ ചെയ്ത് സിംഹാസനങ്ങളിൽ

സ്ഥിര പ്രതിഷ്ഠയായി തീരുവാൻ വേണ്ടി അധികാരവർഗ്ഗം അധികാരത്തെയും പാർട്ടിയുടെ അണികളെയും ഉപയോഗിച്ചു കൊണ്ട് പ്രതിഷേധിക്കുന്നവരെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുമ്പോൾ മറന്നു പോകുന്ന ഒരു കാര്യമുണ്ട് ബ്രിട്ടീഷുകാരുടെ മുന്നിൽ തോൽക്കാൻ നിന്നില്ല പിന്നല്ലെ ജനാധിപത്യത്തിന്റെ പേരിൽ ഏകാധിപതികളായി സ്വയം പ്രതിഷ്ഠ നേടാൻ ശ്രമിക്കുന്നവരുടെ മുൻപിൽ തോൽക്കുവാൻ മനസ്സില്ല എന്ന സത്യം.

സംഘർഷഭരിതമായിരുന്നു 2023-ാം വർഷം. പാലസ്തീൻ-ഗാസ യുദ്ധവും ഭരണാധികാരികളുടെ തെറ്റുകൾ ചൂണ്ടികാണിക്കുന്നവരെ കൈയൂക്ക് കൊണ്ട് ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചതും വണ്ടിപെരിയാറിലെ പിഞ്ചു കുഞ്ഞിനെ പീഡിപ്പിച്ച് കൊന്നിട്ട് കൊന്നവരുടെ രാഷ്ട്രീയ താൽപര്യങ്ങൾക്കു മുൻപിൽ അധികാരികളും നിയമവാഴ്ചയും കണ്ണടച്ചതും ജനമനസ്സുകളുടെ നൊമ്പരമാണ്. ഈ നൊമ്പരങ്ങൾക്കുമിടയിലും ഇന്ത്യയുടെ ആത്മാവിനെ വീണ്ടെടുക്കാൻ വേണ്ടി രാഹുൽഗാന്ധി നയിക്കുന്ന ''ഭാരത് ജോഡോ നായ് യാത്ര'' കാലമാറ്റത്തിന്റെ കാഹളമായി മാറും എന്നതിൽ യാതൊരു സംശയവുമില്ല.

കേരളത്തിലെ സർക്കാർ ജീവനക്കാരെ സംബന്ധിച്ചിടത്തോളം കേരള സർക്കാരിന്റെയോ കേരളത്തിന്റെയോ ഭാഗമല്ല കേരളത്തിലെ സർക്കാർ ജീവനക്കാർ എന്ന കാഴ്ചപ്പാടിലൂടെയാണ് കേരള സർക്കാർ പൊയ്ക്കൊണ്ടിരിക്കുന്നത്. സർക്കാരിന്റെ കെടുകാര്യസ്ഥതയും സാമ്പത്തിക അച്ചടക്കമില്ലായ്മയും ധനം കണ്ടെത്തേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തി ധനം സ്വരൂപിക്കാതെയും അഴിമതിയും ധൂർത്തും മുഖേന ഉണ്ടായ സാമ്പത്തിക മാന്ദ്യത്തെ സർക്കാർ ജീവനക്കാർ സഹിക്കണമെന്ന ധാർഷ്ട്യത്തോടെയുമാണ് ഭരിക്കുന്നത്. ഈ സർക്കാരിനുവേണ്ടി തൊഴിലെടുക്കുന്ന ജീവനക്കാർക്ക് കുടുംബമുണ്ടെന്നും അവർക്ക് ജീവിക്കുവാൻ ധനം വേണമെന്ന കാര്യവും സർക്കാർ മനപൂർവമായി മറന്നു പോകുന്നു.

ലക്ഷോപലക്ഷം തൊഴിൽരഹിതരായ യുവതീ യുവാക്കളുടെ സ്വപ്ന സാക്ഷാത്കാരത്തിനുവേണ്ടി പണിയെടുക്കുന്ന കേരളത്തിലെ പി.എസ്.സി ജീവനക്കാരുടെ ഗതിയും അധോഗതിയായി തീർന്നിരിക്കുന്നു. പി.എസ്.സി യിൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ കിട്ടാക്കനിയായി മാറിയിരിക്കുന്നു. കൈയിലെ കാശ് മുടക്കി പരീക്ഷ ജോലികളും അനുബന്ധ കാര്യങ്ങളും ചെയ്യേണ്ട അവസ്ഥ പി.എസ്.സി യിൽ ജീവനക്കാരുടെ മേൽ സംജാതമായിരിക്കുന്നു. ടാർജറ്റുകൾ നൽകി അടിമകളെ പോലെ ജോലി ചെയ്യിപ്പിച്ചിട്ട് ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾക്ക് പകരമായി മെമ്മോകളും സെൻഷറുകളും ഇൻക്രിമെന്റ് ബാറും നൽകി ജീവനക്കാരെ ബഹുമാനപൂർവ്വം ആദരിക്കുന്നു. ഈ ആദരവ് നൽകുന്നവരും സ്വയം തങ്ങളിലേക്ക് തിരിഞ്ഞ് നോക്കുന്നത് നല്ലതായിരിക്കും.

ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം പുതുവർഷം പ്രതീക്ഷകളുടെ വർഷമാണ്. പുതിയ മാറ്റങ്ങളിലൂടെ ഉദ്യോഗാർത്ഥികളുടെ യോഗ്യതയ്ക്കനുസരിച്ച് ജോലി നേടുവാൻ തക്ക വിധം പരീക്ഷകളുടെ കാലമായി മാറിയിരിക്കുന്നു. ഈ മാറ്റം തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികളുടെ സ്വപ്നങ്ങൾക്ക് ചിറകേകട്ടെ.

ജീവനക്കാരുടെ എല്ലാ വിഷയങ്ങളിലും ഇടപെട്ടുകൊണ്ട് ജീവനക്കാർക്കായി നില കൊള്ളുവാൻ അസോസിയേഷന് കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. 34-ാം സംസ്ഥാന സമ്മേളനത്തിനും സംഘടനയുടെ പ്രവർത്തനങ്ങൾക്കും സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും ജീവനക്കാർ നൽകിയ പിന്തുണയ്ക്ക് നന്ദി അറിയിച്ചുകൊണ്ട് നല്ല നാളെയുടെ ഭാഗമായി നമുക്ക് ഒരുമിച്ച് പോരാടാം ഒരുമിച്ച് പ്രവർത്തിക്കാം. പി.എസ്.സി യിലെ എല്ലാ ജീവനക്കാർക്കും സമ്പൽസമൃദ്ധിയുടെ ഐശ്വര്യപൂർണ്ണമായ നവവത്സരം ആശംസിക്കുന്നു.

*സ്നേഹാദരങ്ങളോടെ,*

**ആൽബിൻരാജ് D.S.**
**ചീഫ് എഡിറ്റർ**



# ലക്ഷ്യം കൈവരിക്കും വരെ... പ്രക്ഷോഭങ്ങൾ തുടരും...



**കേ**രള സംസ്ഥാനത്തെ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും തുടർച്ചയായ ആനുകൂല്യ നിഷേധങ്ങൾ അനുഭവിച്ചു വരികയാണ്. 2019 ൽ നടപ്പാക്കിയ ശമ്പള പരിഷ്കരണം ജീവനക്കാർ അനുഭവിച്ചു വന്നിരുന്ന ആകർഷകമായ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് കേവലം ഒരു ശമ്പള പരിഷ്കരണ പ്രഹസനം മാത്രം ആയിരുന്നു. ജീവനക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകിയില്ല എന്നു മാത്രമല്ല അനുഭവിച്ചു വന്നിരുന്ന CCA, HRA, ഫിറ്റ്മെന്റ് ബെനിഫിറ്റ്, സർവ്വീസ് വെയിറ്റേജ് തുടങ്ങി ഒട്ടനവധി ആനുകൂല്യങ്ങൾ ഇല്ലാതാക്കുകയാണ് ചെയ്തത്. ഇത് ജീവനക്കാർക്ക് സർവ്വീസ് കാലത്ത് ഒട്ടാകെയും വിരമിച്ച ശേഷം പെൻഷനിലും തീർത്താൽ തീരാത്ത നഷ്ടമാണ് സൃഷ്ടിച്ചിരിക്കുന്നത്. കൂടാതെ HBA എന്ന ജീവനക്കാർക്ക് ആശ്വാസമായിരുന്ന പദ്ധതി ബാങ്കിംഗ് കോർപ്പറേറ്റുകൾക്ക് കൈ ഒഴിഞ്ഞുകൊണ്ട് സർക്കാർ, ജീവനക്കാരുടെ ക്ഷേമ പദ്ധതികളിൽ നിന്നും വിട്ടുനിൽക്കുകയാണ് ചെയ്തത്. കൂടാതെ 2019–2021 കാലത്തെ ശമ്പള പരിഷ്കരണ കുടിശ്ശിക നാളിതുവരെ നൽകിയിട്ടില്ല. പെൻഷൻ പരിഷ്കരണ കുടിശ്ശിക ലഭിക്കാതെ ഒരു ലക്ഷത്തിലേറെ പെൻഷൻകാർ ഇതിനകം മരണപ്പെട്ടു കഴിഞ്ഞു. റവന്യൂ സമാഹരണത്തിനും ധനവിനിയോഗത്തിനും ഉണ്ടായ അച്ചടക്കമില്ലായ്മ തീരാക്കടക്കെണിയിലേയ്ക്ക് സംസ്ഥാനത്തെ എത്തിച്ചിരിക്കുന്നു. ഉൽപ്പാദനമേഖല തീർത്തും നിർജീവമാകുകയും മദ്യത്തെയും ഭാഗ്യക്കുറിയെയും ആശ്രയിച്ചും ഉപഭോക്തൃസാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിപ്പിച്ചും സർക്കാരിന്റെ സേവനങ്ങൾക്കുള്ള ചാർജുകളും നികുതികളും നാലും അഞ്ചും ഇരട്ടി വർദ്ധിപ്പിച്ചും നിത്യനിദാന ചെലവ് കഴിച്ച് തട്ടിമുട്ടി മുന്നോട്ടു പോകുകയാണ് സർക്കാർ. ജീവിത വില നിലവാര സൂചികയിൽ വരുന്ന വ്യതിയാനത്തിനനുസരിച്ച് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന ക്ഷാമബത്ത 2021 ജനുവരി മുതൽ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടില്ല. നിലവിൽ അടിസ്ഥാന ശമ്പളത്തിന്റെ 18% (ആറ് ഗഡു) ക്ഷാമബത്ത ജീവനക്കാർക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. ദിനംപ്രതി കടക്കെണിയിൽ മുങ്ങി താണുകൊണ്ടിരിക്കുന്ന സർക്കാർ ക്ഷാമബത്ത കുടിശ്ശിക 18% എന്നു നൽകും എന്ന് പ്രവചിക്കുവാൻ പോലും ആകാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഇതിനെല്ലാം പുറമെ 2019 മുതൽ ജീവന

> “
>
> **റവന്യൂ സമാഹരണത്തിനും ധനവിനിയോഗത്തിനും ഉണ്ടായ അച്ചടക്കമില്ലായ്മ തീരാക്കടക്കെണിയിലേയ്ക്ക് സംസ്ഥാനത്തെ എത്തിച്ചിരിക്കുന്നു.**

ക്കാർക്ക് ആർജിത അവധി സറണ്ടർ നിഷേധിച്ചിരിക്കുകയാണ്. കാലങ്ങളായി ജീവനക്കാർ അനുഭവിച്ചു വന്നിരുന്ന ഈ ആനുകൂല്യം ഇപ്പോൾ തീർത്തും നിർത്തലാക്കിയ അവസ്ഥയിലാണ്. ജീവനക്കാർക്ക് ഈ ഇനത്തിൽ പ്രതിവർഷം ഒരു മാസത്തെ ശമ്പളമാണ് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത്. അടിസ്ഥാന ശമ്പളത്തിന്റെ 18 ശതമാനവും പ്രതിവർഷം ഒരു മാസത്തെ ശമ്പളവും നഷ്ടപ്പെടുകയെന്നാൽ അതിന്റെ വ്യാപ്തി എത്രത്തോളം വരുമെന്ന് പ്രിയപ്പെട്ട ജീവനക്കാർ സ്വയം തീരുമാനിക്കട്ടെ.

1960 ലെ ഗവൺമെന്റ് സർവ്വന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് പ്രകാരം ജീവനക്കാർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ആനുകൂല്യം ലഭിച്ചിരുന്നു. സർക്കാർ ജീവനക്കാരുടെ ആരോഗ്യപരിപാലനത്തിന് തുച്ഛമായ തുകയാണെങ്കിലും അത് മെഡിക്കൽ ബില്ലുകൾ സമർപ്പിച്ച് അപേക്ഷിച്ചിരുന്നാൽ ആയത് റീ-ഇമ്പേഴ്സ് ചെയ്തു നൽകിയിരുന്നു. അതുപോലെ ഗുരുതരമായ രോഗങ്ങൾക്കും ആകസ്മികമായ രോഗബാധകൾക്കും ചെലവേറിയ ചികിത്സകൾക്ക് ഇന്ററസ്റ്റ് ഫ്രീ മെഡിക്കൽ അഡ്വാൻസ് അനുവദിച്ചിരുന്നു. നിലവിൽ സർക്കാർ ഈ പദ്ധതികൾ എല്ലാം നിർത്തലാക്കി. 'മെഡിസെപ്പ്' പദ്ധതിയെന്ന പേരിൽ ഒരു പുതിയ സംരംഭം ആരംഭിക്കുകയും സർക്കാരിന്റെ പങ്കാളിത്തമില്ലാതെ സർക്കാർ പദ്ധതിയായി അത് നടപ്പാക്കുകയും ചെയ്തു. ജീവനക്കാർ എല്ലാവരിൽ നിന്നും പെൻഷൻകാരിൽ നിന്നും പ്രതിമാസം 500/- രൂപ നിരക്കിൽ പ്രീമിയം പിടിച്ചെടുത്തുകൊണ്ട് ഒട്ടും കാര്യക്ഷമമല്ലാത്ത ആശുപത്രികളിൽ വ്യത്യസ്തതരം ചികിത്സയ്ക്കും മാത്രം ബാധകമാകുന്ന തരത്തിൽ പദ്ധതി നിലനിർത്തിപ്പോകുകയാണ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ബഹുഭൂരിപക്ഷം ആശുപത്രികളും മെഡിസെപ്പിന്റെ സേവനം നൽകാൻ നിലവിൽ വിസമ്മതിക്കുന്ന സാഹചര്യമാണ് ഉള്ളത്. വാസ്തവത്തിൽ ജീവനക്കാർക്ക് ലഭിച്ചിരുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇല്ലാതാക്കി, അവരുടെ ജീവന് തന്നെ ഭീഷണിയാകുന്ന സാഹചര്യം സംജാതമാക്കിയിരിക്കുകയാണ്. സർക്കാർ പങ്കാളിത്തത്തോടെ സർക്കാരിന്റെ വിഹിതം കൂടി ഉൾപ്പെടുത്തി എല്ലാ ആശുപത്രികളിലും എല്ലാ ചികിത്സക്കും സേവനം ലഭിക്കുന്ന തരത്തിൽ ടി പദ്ധതി പരിഷ്കരിക്കണമെന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു.

2013 ഏപ്രിൽ മുതൽ സംസ്ഥാനത്ത് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി ഇപ്പോഴും അതേപടി തുടരുകയാണ്. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ അനുവദിച്ച തൊഴിലുടമ (സർക്കാർ) വിഹിതത്തിലുള്ള 4% വർദ്ധനവ്, DCRG എന്നിവ ഒന്നും തന്നെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. 2016 ൽ പൊതു തെരഞ്ഞെടുപ്പിനു മുന്നോടിയായി പ്രസിദ്ധീകരിച്ച എൽ.ഡി.എഫിന്റെ പ്രകടന പത്രികയിൽ ഏറെ പ്രാധാന്യമുണ്ടായിരുന്ന വാഗ്ദാനമായിരുന്നു സർക്കാർ അധികാരത്തിലെത്തിയാൽ പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തലാക്കുമെന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിലെത്തി ഒരു ടേം പൂർത്തിയായി, തുടർഭരണത്തിൽ മൂന്നാം കൊല്ലത്തിലേയ്ക്ക് പ്രവേശിക്കുമ്പോഴും പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്ന വാഗ്ദാനം പാലിച്ചിട്ടില്ല. രാജ്യത്തെ ആറ് സംസ്ഥാനങ്ങൾ പങ്കാളിത്ത പെൻഷൻ പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിച്ചപ്പോഴും 2016 ൽ നൽകിയ വാഗ്ദാനം ഈ സർക്കാർ പാലിച്ചിട്ടില്ല. പങ്കാളിത്ത പെൻഷൻ വരിക്കാരായ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക 18% കൂടി കണക്കാക്കിയാൽ പെൻഷൻ കോൺട്രിബ്യൂഷനിൽ നേരിടുന്നത് ഭീമമായ നഷ്ടമാണ്. നിലവിൽ പങ്കാളിത്ത പെൻഷൻ വരിക്കാരായ ജീവനക്കാർക്ക് സാമൂഹിക സുരക്ഷിതത്വം പാടേ നിഷേധിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

> **അടിസ്ഥാന ശമ്പളത്തിന്റെ 18 ശതമാനവും പ്രതിവർഷം ഒരു മാസത്തെ ശമ്പളവും നഷ്ടപ്പെടുകയെന്നാൽ അതിന്റെ വ്യാപ്തി എത്രത്തോളം വരുമെന്ന് പ്രിയപ്പെട്ട ജീവനക്കാർ സ്വയം തീരുമാനിക്കട്ടെ.**

മേൽപറഞ്ഞ വിഷയങ്ങൾ ഉന്നയിച്ച് പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടർപ്രക്ഷോഭങ്ങൾ നടത്തി വരുകയാണ്. ജീവനക്കാരുടെ ആവശ്യങ്ങൾ കേൾക്കുന്നതിനും അത് ന്യായമായി പരിഹരിക്കുന്നതിന

ും സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ ഒരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ ഉൾപ്പെട്ട സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് ഓർഗനൈസേഷൻസ് (SETO) ന്റെ ആഭിമുഖ്യത്തിൽ അതിജീവനയാത്ര കാസർഗോഡ് നിന്ന് തലസ്ഥാന നഗരി വരെ നടത്തുകയും ജീവനക്കാരുടെ നിലവിലെ പരിതാപകരമായ അവസ്ഥ പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുകയുണ്ടായി. തുടർപ്രക്ഷോഭമെന്ന നിലയിൽ SETO യുടെ ആഭിമുഖ്യത്തിൽ 2024 ജനുവരി 24 ന് സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും ഒരു ദിവസം പണിമുടക്കി പ്രതിഷേധിക്കുകയും ചെയ്തു.

മേൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ ഒന്നും തന്നെ രാഷ്ട്രീയ പ്രേരിതമല്ല. ജീവനക്കാർക്ക് അനുനിമിഷം നേരിട്ടു കൊണ്ടിരിക്കുന്ന ധനനഷ്ടം ആണിത്. 2002 ൽ യു.ഡി.എഫ് സർക്കാർ കൊണ്ടുവന്ന ഹ്രസ്വകാല ആനുകൂല്യ നിയന്ത്രണങ്ങളിൽ നിന്നും സർക്കാരിനെ പിന്തിരിപ്പിച്ചത്, ഭരണാനുകൂല സംഘടനയായ SETO യുടെ ജീവനക്കാരോടുള്ള പ്രതിബദ്ധതയും കൊടിയുടെ നിറം നോക്കാതെ രാഷ്ട്രീയ പരിഗണന കൂടാതെയുള്ള കടുത്ത പ്രതിഷേധം കൊണ്ടുമാണ്. ഇന്ന് 3 വർഷത്തോളമായി നടത്തുന്ന നീതിനിഷേധത്തിലും അവകാശ ധ്വംസനത്തിനും ഭരണാനുകൂല സംഘടനകൾ ഒത്താശ ചെയ്യുന്നു എന്നതാണ് പ്രത്യേകത. ഈ നിലപാട് തിരുത്തണമെന്നും ജീവനക്കാരുടെ അവകാശങ്ങൾ പുനഃസ്ഥാപിക്കുവാനും 2019-2021 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയും പെൻഷൻ പരിഷ്കരണ കുടിശ്ശികയും ആറ് ഗഡു (18%) ക്ഷാമബത്ത കുടിശ്ശികയും ആർജിതഅവധി സറണ്ടറും പങ്കാളിത്ത പെൻഷൻ പിൻവലിക്കലും സർക്കാർ ഉടനടി നടപ്പാക്കണമെന്നും ആവശ്യപ്പെട്ട് **2024 ജനുവരി 24 ന്** നടത്തിയ പണിമുടക്കിൽ അണിചേർന്ന എല്ലാ ആത്മാഭിമാനമുള്ള ജീവനക്കാരെയും അനുമോദിക്കുന്നു. തുടർ പ്രക്ഷോഭങ്ങളുടെ പാതയിലാണ് അസോസിയേഷൻ. ഇനിയുള്ള എല്ലാ പ്രക്ഷോഭങ്ങൾക്കും നല്ലവരായ പി.എസ്.സി. ജീവനക്കാരുടെ സാന്നിദ്ധ്യസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു..

**പുതുവത്സര ആശംസകളോടെ...**


**രമേഷ്.എം.തമ്പി**

പ്രസിഡന്റ്

---

# 3- ാം ചരമ വാർഷികം

**''എന്റെ കുഴിമാടത്തിങ്കൽനിന്ന് വിതുമ്പരുത്;**
**ഞാനവിടില്ല. ഞാൻ നിദ്രയിലുമല്ല.**
**ചൂളമടിച്ചു വീശിയടിക്കുന്ന ആ ആയിരം കാറ്റ് ഞാനല്ല.**
**തൂമഞ്ഞിൽ മിന്നിത്തിളങ്ങുന്ന വജ്രശോഭ ഞാനല്ല.**
**പാകമായ ധാന്യമണിയിലെ ആ സൂര്യാംശു ഞാനല്ല.**
**ശരത്കാലേ കുളിരേകും ചാറ്റൽമഴ ഞാനല്ല.**
**നനുത്ത പ്രഭാതത്തിൻ പ്രശാന്തിയിൽ നീയുണരവേ,**
**നിശബ്ദരായ് വലംവച്ചുപറക്കും പറവകളെപ്പോൽ,**
**നിന്നിൽ നിറയുന്ന നവോന്മേഷം ഞാനല്ല.**
**രാത്രി വാനിൽ ശോഭയാർന്നു കണ്ണുചിമ്മും താരകങ്ങൾ ഞാനല്ല.**
**എന്റെ കുഴിമാടത്തിങ്കൽവന്ന് കണ്ണീർപൊഴിക്കാതിരിക്കുക;**
**ഞാനവിടില്ല. ഞാൻ മരണപ്പെട്ടുപോയിരിക്കുന്നു.''**





# 34-ാം സംസ്ഥാന സമ്മേളന റിപ്പോർട്ട്



സുഭാഷ് ചന്ദ്രൻ പി.കെ.

**പി.**എസ്.സി എംപ്ലോയീസ് അസോസിയേഷന്റെ 34-ാം സംസ്ഥാന സമ്മേളന നടപടികൾക്ക് 19.12.2023 ന് രാവിലെ 10.30 ന് നടന്ന പതാക ഉയർത്തലോടെ സമാരംഭം കുറിച്ചു. അസോസിയേഷൻ ഹാൾ അങ്കണത്തിൽ പ്രവർത്തകരുടെ ആവേശോജ്ജ്വലമായ മുദ്രാവാക്യം വിളികളുടെ പശ്ചാത്തലത്തിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. രമേഷ്.എം.തമ്പി മൂവർണ്ണക്കൊടി ഉയർത്തി. തുടർന്ന് 1.15 ന് അസോസിയേഷൻ ഹാളിൽ ചേർന്ന വനിതാ സമ്മേളനം സംസ്ഥാന യൂത്ത് കോൺഗ്രസ് ഉപാദ്ധ്യക്ഷ കുമാരി അരിത ബാബു ഉദ്ഘാടനം ചെയ്തു. ഇടത് തുടർഭരണത്തിൻ കീഴിൽ സാധാരണക്കാരായ സ്ത്രീകളും പെൺകുട്ടികളും എന്തിനേറെ താരതമ്യേന സുരക്ഷിതരെന്ന് കരുതപ്പെടുന്ന ഉദ്യോഗസ്ഥരായ സ്ത്രീകളും തീരാദുരിതത്തിലാണെന്ന് ഉദ്ഘാടക അഭിപ്രായപ്പെട്ടു. വനിതാപ്രവർത്തകരുടെ നിറഞ്ഞ സാന്നിധ്യം അഭിമാനകരമെന്നും സ്ത്രീകൾ എല്ലാ മേഖലകളിലും ആത്മാഭിമാനത്തോടെ പോരാടി മുന്നേറണമെന്നും അവർ കൂട്ടിച്ചേർത്തു. നീണ്ട ഇടവേളയ്ക്ക് ശേഷം KSU പാനലിൽ നിന്ന് വിജയിച്ച തിരുവനന്തപുരം ഗവ. ലോ കോളേജ് ചെയർപേഴ്സണായ കുമാരി അപർണ്ണ പ്രസന്നൻ അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. അൻവർ സാജിദ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശ്രീമതി ബിന്ദു സോജ.സി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീമതി ജയലക്ഷ്മി.എം സ്വാഗതവും ശ്രീമതി ജീജ.എം കൃതജ്ഞതയും രേഖപ്പെടുത്തി.

സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഡിസംബർ 20-ാം തീയതി രാവിലെ 9.30 ന് തിരുവനന്തപുരം മഞ്ഞാലിക്കുളം ശിക്ഷക് സദനിൽ 34-ാം സംസ്ഥാന സമ്മേളന രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ സാംസ്കാരിക വിഭാഗത്തിന്റെ പ്രാർത്ഥനാഗാനത്തോടെ യോഗത്തിന് സമാരംഭം കുറിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. രമേഷ്.എം.തമ്പിയുടെ അധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സുഭാഷ് ചന്ദ്രൻ.പി.കെ സ്വാഗതം ആശംസിച്ചു. തുടർന്ന് പ്രതിനിധി സമ്മേളനം പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി.സതീശൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

നവകേരള ബസല്ല, പിണറായി വിജയൻ അമേരിക്കയിൽ ടൈം സ്ക്വയറിൽ ഇരുന്ന ഇരുമ്പ് കസേരയാണ് മ്യൂസിയത്തിൽ വയ്ക്കേണ്ടതെന്ന് പ്രതിപക്ഷ നേതാവ് അഭിപ്രായപ്പെട്ടു. അഞ്ച് മാസം മുൻപ് വരെ സെക്രട്ടറിയേറ്റിൽ ലഭിച്ച പരാതികളിൽ ഒന്ന് പോലും തുറന്നു നോക്കാതെ ചാക്കിൽ കെട്ടി വച്ചിരിക്കുകയാണ്. എന്നിട്ട് ജനങ്ങളെ പറ്റിക്കാൻ ബസിൽ ഇറങ്ങിയിരിക്കുകയാണ്. പറവൂരിലെ ഒരു മനുഷ്യൻ തന്റെ കടയ്ക്ക് നമ്പർ കിട്ടുവാൻ വേണ്ടി 25 ലേറെ തവണയാണ് പഞ്ചായത്ത് സെക്രട്ടറിയെ ചെന്ന് കണ്ടത്. കാര്യം നടന്നില്ല. നവകേരള സദസ്സ് വന്നപ്പോൾ പരാതി കൊടുത്തു. ഉടനെ

മറുപടിയും കിട്ടി. പഞ്ചായത്ത് സെക്രട്ടറിയെ പോയി കാണുക.

കോടിക്കണക്കിന് രൂപ പിരിച്ച് ധൂർത്ത് നടത്തുകയാണ് സർക്കാർ. ജി.എസ്.ടി ഇന്റലിജൻസ് കമ്മീഷണറുടെ ജോലി നികുതി വെട്ടിപ്പ് തടയുക എന്നതാണ് ആ ചുമതല ഉള്ള ഉദ്യോഗസ്ഥനെ നിർബന്ധിച്ച് പണപ്പിരിവ് നടത്തിക്കുകയാണ്. കൊല്ലത്ത് 2 ലക്ഷം രൂപയുടെ കശുവണ്ടി ഉപയോഗിച്ച് മുഖ്യമന്ത്രിയുടെ മുഖത്തിന്റെ ഇൻസ്റ്റലേഷൻ തീർത്തു. ആ പണം ഉപയോഗിച്ച് കുറച്ച് കശുവണ്ടി തൊഴിലാളികളുടെയെങ്കിലും പട്ടിണി മാറ്റാമായിരുന്നു. തീവ്രവലതുപക്ഷ സ്വഭാവമുള്ള സർക്കാരാണ് കേരളം ഭരിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ശ്രീ. എം.വിൻസെന്റ് MLA മുഖ്യപ്രഭാഷണം നടത്തി. ശ്രീ. എൻ.പീതാംബരക്കുറുപ്പ് Ex. MP, ശ്രീ. ശരത്ചന്ദ്രപ്രസാദ് Ex. MLA, SETO ചെയർമാൻ ശ്രീ. ചവറ ജയകുമാർ സംഘടനാ നേതാക്കളായ ശ്രീ. ഇർഷാദ്.എം.എസ്, ശ്രീ. പ്രദീപ്കുമാർ.എസ്, ശ്രീ. അരുൺകുമാർ.ആർ, ശ്രീ. സുരേഷ്.എസ്, ശ്രീ. ബി.എസ്.രാജീവ്, അസോസിയേഷൻ മുൻനേതാക്കളായ ശ്രീ. പി.കെ. സുധാകരൻ, ശ്രീ. എ.കെ.സാദിക്, ശ്രീ. പി. സതീഷ്കുമാർ, ശ്രീ. എം.മുഹമ്മദ് ജാസി, ശ്രീ. സജു ജോൺ തുടങ്ങിയവർ ആശംസകളർപ്പിച്ചു. മുൻ MLA ശ്രീ. കെ.എസ്.ശബരീനാഥൻ, ഡോ. കെ.ജി.അടിയോടി സ്മാരക എൻഡോവ്മെന്റ് അവാർഡുകൾ വിതരണം ചെയ്തു. വിരമിച്ച ജീവനക്കാർക്കുള്ള ഉപഹാരങ്ങളും അദ്ദേഹം കൈമാറി.

ഉച്ചഭക്ഷണത്തിന് ശേഷം അസോസിയേഷൻ സാംസ്കാരിക വിഭാഗത്തിന്റെ നേതൃത്വത്തിൽ അരങ്ങേറിയ കലാവിരുന്നും ഏവർക്കും ഹൃദ്യമായ അനുഭവമായി. തുടർന്ന് നടന്ന സുഹൃദ് സമ്മേളനം ശ്രീ. മാത്യു കുഴൽനാടൻ MLA ഉദ്ഘാടനം ചെയ്തു. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലുള്ള കെടുകാര്യസ്ഥതയാണ് ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പി.എസ്.സി യെ ശാക്തീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണെന്നും നിയമസഭയിൽ ഇതിനായി വേണ്ട എല്ലാ പ്രവർത്തനവും നടത്തുമെന്നും അദ്ദേഹം ഉറപ്പുനൽകി. സമാന്തര റിക്രൂട്ട്മെന്റ് ബോർഡുകൾ സ്ഥാപിച്ച് പി.എസ്.സി യുടെ പ്രസക്തി ഇല്ലാതാക്കുന്ന സർക്കാർ നിലപാട് ദുഷ്ടലാക്കോടെയുള്ളതാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

യശഃശരീരനായ മുൻ മുഖ്യമന്ത്രി, കാരുണ്യത്തിന്റെ ആൾരൂപമായ ശ്രീ. ഉമ്മൻചാണ്ടിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ എൻഡോവ്മെന്റ് അവാർഡും (ആതുരസേവനം – ഏതെങ്കിലും മെഡിക്കൽ ശാഖയിൽ ബിരുദം / ബിരുദാനന്തര ബിരുദം നേടിയ സംഘടനാംഗങ്ങളുടെ മക്കൾക്ക്) അദ്ദേഹം വിതരണം ചെയ്തു.

2023-ാം വർഷത്തെ സംഘടനാ റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. പി.കെ. സുഭാഷ് ചന്ദ്രൻ അവതരിപ്പിച്ചു. വരവ്-ചെലവ് കണക്കുകൾ ട്രഷറർ ശ്രീ. സൂരജ്.വി അവതരിപ്പിച്ചു. സംഘടനാ റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും സമ്മേളനം ഏകകണ്ഠേന അംഗീകരിച്ചു. അസോസിയേഷൻ വൈസ് പ്രസിഡന്റ് ശ്രീ. അൻവർ സാജിദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംഘടനാ ചർച്ചയിൽ ജില്ലാതല റിപ്പോർട്ടിംഗ് നടന്നു. വിവിധ ജില്ലാ കമ്മിറ്റി ഭാരവാഹികൾ 2023 വർഷത്തെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ടിംഗ് നടത്തി.

ജില്ലാകമ്മിറ്റികൾ നിർദ്ദേശിച്ചതുൾപ്പെടെ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട ചുവടെ പറയുന്ന പ്രമേയങ്ങൾ യോഗം ശബ്ദ വോട്ടോടെ അംഗീകരിച്ചു.

**1.** പി.എസ്.സി യുടെ ആസ്ഥാന, മേഖല, ജില്ലാ ഓഫീസുകളിൽ ജീവനക്കാർ ജോലിഭാരം കൊണ്ട് വലയുകയാണ്. സർവ്വീസ് വെരിഫിക്കേഷൻ, ഒറ്റത്തവണ പ്രമാണ പരിശോധന, കായികക്ഷമതാ പരീക്ഷകൾ, അഭിമുഖങ്ങൾ, ഓൺലൈൻ പരീക്ഷകൾ തുടങ്ങി ഞായറാഴ്ചകൾ പോലും വിശ്രമമില്ലാതെ ജീവനക്കാർ പണിയെടുക്കുകയാണ്. ജോലിഭാരം ലഘൂകരിക്കാനോ അമിതജോലിഭാരത്തിനാനുപാതികമായി സർക്കാരിനോടാവശ്യപ്പെട്ടതും സർക്കാരിന്റെ പരിഗണന കാത്തു കഴിയുന്നതുമായ തസ്തികകൾ അനുവദിച്ച് പി.എസ്.സിയെ ശക്തിപ്പെടുത്താനോ സർക്കാർ തയ്യാറായിട്ടില്ല. പുതിയ തസ്തികകൾ ഉടനടി അനുവദിച്ചു പി.എസ്.സി യെ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് സർക്കാരിനോട് പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ ആവശ്യപ്പെടുന്നു.

**2.** 2013 ഏപ്രിൽ മുതൽ നടപ്പാക്കി വരുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന് ഉറപ്പുനൽകി അധികാരത്തിലെത്തിയ സർക്കാർ 7 വർഷം കഴിഞ്ഞിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മറ്റു സംസ്ഥാനങ്ങൾ കേന്ദ്ര ഉത്തരവ് പ്രകാരം ഡി.സി.ആർ.ജി നടപ്പാക്കുകയും തൊഴിലുടമ (സർക്കാർ) വിഹിതം 14% ആയി വർധിപ്പിക്കുകയും ചെയ്തിട്ടും സംസ്ഥാന സർക്കാർ ഒരു ചെറുവിരൽ പോലും അനക്കിയിട്ടില്ല. പങ്കാളിത്ത പെൻഷൻ വരിക്കാർക്ക് ഒരു തരത്തിലുള്ള സാമൂഹിക സുരക്ഷിതാവസ്ഥയും ഇല്ലാത്ത സാഹചര്യമാണിന്നുള്ളത്. രാജസ്ഥാൻ, ഛത്തീസ്ഗഢ്, പഞ്ചാബ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾ പങ്കാളിത്ത പെൻഷൻ പിൻവലിച്ചു സ്റ്റാറ്റ്യൂ

ട്ടറി പെൻഷൻ സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടും സംസ്ഥാന സർക്കാർ ഇതൊന്നും അറിഞ്ഞ മട്ടില്ല. സർക്കാർ വാക്കു പാലിക്കുക തന്നെ വേണം. പെൻഷൻകാർക്ക് അർഹതപ്പെട്ട ആനുകൂല്യ ങ്ങൾ എല്ലാം തന്നെ മുൻകാല പ്രാബല്യത്തോ ടുകൂടി അനുവദിക്കണം.

**3.** പി.എസ്.സി യിൽ അനധികൃത സ്ഥാനക്ക യറ്റം നടക്കുന്നു എന്ന തെറ്റായ പ്രചാരണമാണ് നടക്കുന്നത്. മറ്റിതര സർക്കാർ സേവനമേഖല കളിൽ നിന്നും വ്യത്യസ്തമായി അതീവ രഹ സ്യ സ്വഭാവമുള്ള ജോലികളാണ് ഇവിടെ നിർ വ്വഹിക്കുന്നത്. ഇത്തരം ജോലികൾക്കായി നിയോ ഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ആ ജോലികളു മായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ചട്ടപ്ര കാരം ബാധ്യസ്ഥരായിരിക്കും. അവരുടെ ജോലി അവർ വഹിക്കുന്ന സ്ഥാനം മാറ്റുന്നത് വരെ മറ്റാരെയും ചുമതലപ്പെടുത്തുവാനോ മറ്റാർക്കും അതിൽ നടപടി സ്വീകരിക്കാനോ ആകാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് തന്നെ 30 ദിവസമോ അതിന്റെ ഗുണിതങ്ങളോ ആയ കാലയളവിൽ ഉദ്യോഗസ്ഥർ അവധിയിൽ പ്രവേ ശിക്കുന്ന സാഹചര്യങ്ങളിൽ അവരുടെ തൊട്ടു താഴെയുള്ള ജീവനക്കാർക്ക് ചാർജ് നൽകി ജോലി നിർവ്വഹിക്കാൻ സാധ്യമല്ലാത്തതുമൂലം അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ജോലി നിർവഹണം സുഗമമാക്കുകയാണ് ചെയ്തു വരുന്നത്. ഈ നടപടി 35 വർഷങ്ങ ളായി സർക്കാരുകൾ അംഗീകരിച്ചു നടപ്പിലാക്കി വരുന്ന കീഴ്‌വഴക്കമാണ്. അക്കൗണ്ടന്റ് ജനറലും ഈ നടപടി മേൽകാലയളവിൽ സാധൂകരിച്ചു ശമ്പള നിർണ്ണയം വരെ നടത്തിയിരുന്നു. സർ ക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങ ളിൽ സമയബന്ധിതമായി മനുഷ്യവിഭവശേഷി പ്രദാനം ചെയ്യാൻ ഭരണഘടനാ ദത്തമായ ഉത്ത രവാദിത്വം നിർവ്വഹിക്കുന്നതിനാണ് പി.എസ്. സി ക്കു ഈ പരിഗണന നൽകി വരുന്നത്. ആ സംവിധാനമാണ് സർക്കാർ 2022 സെപ്റ്റംബർ മാസം മുതൽ പ്രത്യേക ഉത്തരവ് വഴി റദ്ദാക്കി യിരിക്കുന്നത്. ഈ നടപടി ഉദ്യോഗസ്ഥരുടെ അഭാവം ഏറെ അനുഭവിക്കുന്ന ഈ സ്ഥാപന ത്തിൽ പ്രധാനപ്പെട്ട നിയമന നടപടികൾ നിർ വ്വഹിക്കാൻ കാലതാമസം നേരിടാൻ ഇടയാ ക്കുന്നതാണ്. സർക്കാർ ഇക്കാര്യത്തിൽ അടി യന്തിരമായി ഇടപെട്ട് ലീവ് പ്രൊമോഷൻ പുനഃസ്ഥാപിക്കണം.

4. പി.എസ്.സി യുടെ പ്രധാനപ്പെട്ട ഉത്തര വാദിത്വം പരീക്ഷ നടത്തിപ്പാണ്. സംസ്ഥാന ത്തുടനീളം വിവിധ പരീക്ഷാ കേന്ദ്രങ്ങളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളിലും ഞായ റാഴ്ച ഉൾപ്പെടെ പരീക്ഷകൾ നടത്തുന്നുണ്ട്. പ്രസ്തുത പരീക്ഷാ ജോലികൾക്കു സംസ്ഥാ നത്തുടനീളം നിയോഗിക്കപ്പെടുന്ന ജീവന ക്കാർക്ക് യാത്രാബത്ത പരിധി നിശ്ചയിച്ചു നിയ ന്ത്രിച്ചിരിക്കുകയാണ് സർക്കാർ. പരീക്ഷാ ജോലികൾ നിർവഹിക്കുന്ന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി യിലെ ജീവന ക്കാർക്ക് യാത്രാബത്ത വിലക്ക് ഏർപ്പെടുത്തുക വഴി ഈ സ്ഥാപനത്തെ നിശ്ചലമാക്കുകയാ ണ് സർക്കാർ. പി.എസ്.സി യുടെ പ്രവർത്തന ങ്ങൾക്കു സാമ്പത്തിക പരാധീനത തടസ്സമാക രുതെന്ന നിലയ്ക്ക് പ്രസ്തുത ചെലവുകൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും വഹിക്കുന്ന അവസരത്തിലാണ് കമ്മീഷന്റെ ജീവനക്കാർക്ക് യാത്രാബത്ത നിഷേധിച്ചിരിക്കു ന്നത് എന്നത് ശ്രദ്ധേയമാണ്. പി.എസ്.സി യെ ശക്തിപ്പെടുത്തുന്നതിന് പകരം അസ്ഥിരപ്പെടു ത്താനുള്ള ഗൂഢശ്രമമാണ് നിലവിൽ നടക്കുന്ന ത്. ഇത് അവസാനിപ്പിക്കേണ്ടത് പൊതുസമൂഹ ത്തിന്റെ ആവശ്യമാണ്. യാത്രാബത്ത സീലിംഗ് പൂർണ്ണമായി ഒഴിവാക്കണം.

**5.** സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നിഷേധിച്ചിരിക്കുന്ന 18% ക്ഷാമബത്ത, സ്ഥിര മായി മരവിപ്പിച്ചിരിക്കുന്ന സറണ്ടർ, ശമ്പള പരിഷ്കരണ, പെൻഷൻ പരിഷ്കരണ കുടി ശ്ശിക, അഞ്ചു വർഷത്തിൽ ഒരിക്കലുള്ള ശമ്പള പരിഷ്കരണ സമ്പ്രദായം അട്ടിമറിക്കൽ ഒട്ടന വധി തൊഴിലാളി വിരുദ്ധ നടപടികളിൽ ആനന്ദം കണ്ടെത്തുന്ന സർക്കാരും സർക്കാരിന്റെ പാദ സേവകരായി തുടരുന്ന പ്രതികരണ ശേഷി നഷ്ടപ്പെട്ട ഭരണപക്ഷ സംഘടനകളും കൂടി സേവന മേഖല ഒന്നടങ്കം നശിപ്പിച്ചു കൊണ്ടിരി ക്കുകയാണ്. സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെയുള്ള പരിപാടികൾ തുടരുവാനും ജനുവരി 24 ന്റെ പണിമുടക്ക് പൂർണ്ണ വിജയമാക്കുവാനും 34-ാമത് സംസ്ഥാന സമ്മേളനം തീരുമാനിച്ചു.

**6.** ആസ്ഥാന / മേഖല / ജില്ലാ ഓഫീസുക ളിലെ ജീവനക്കാരുടെ ജോലിഭാരം തുല്യമായി വിഭജിക്കപ്പെടുന്ന രീതിയിൽ ക്രമീകരിക്കുന്നതി നുമുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.

**7.** പി.എസ്.സി യുടെ പ്രസക്തി ഇല്ലാതാക്കുന്ന തരത്തിൽ പബ്ലിക് എന്റർപ്രൈസസ് റിക്രൂട്ട്മെന്റ് ബോർഡ് പോലെയുള്ള സമാന്തര റിക്രൂട്ട്മെന്റ് ബോർഡുകൾ രൂപീകരിക്കുന്ന സർക്കാർ നില പാടിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

തുടർന്ന് 2023-24 വർഷത്തെ തെരഞ്ഞെ ടുക്കപ്പെട്ട സംഘടനാ ഭാരവാഹികളെ വരണാധി കാരി ശ്രീ. പ്രദീപ്കുമാർ.ഐ.പി പ്രഖ്യാപിച്ചു. സംസ്ഥാന കൗൺസിൽ അംഗം ശ്രീ. ആൽബിൻ രാജ്.ഡി.എസ് കൃതജ്ഞത രേഖപ്പെടുത്തി. ദേശീയ ഗാനത്തോടെ 4.30 ന് സമ്മേളനം അവ സാനിച്ചു.

കവിത



# എരിതീയെ പ്രണയിക്കുന്നു




സഞ്ജിത് വി.

രാവേതു, പകലേതറിയാ-
തഭിശപ്ത മുഹൂർത്തങ്ങളിലാ-
ബാലികമാരവസാനത്തെ-
ക്കളിയൂഞ്ഞാലാടി രസിക്കെ,
ആ നിശ്ചല നയനങ്ങളില-
ന്നസ്തമയ ച്ചോരവരണ്ട്
ആകാശം ചത്തു മലച്ചു
ഇറയത്തെ സന്ധ്യാ ദീപ-
മെന്നേ തല തല്ലിയണഞ്ഞു.
അവർ നട്ടു നനച്ചൊരു പനിനീർ
പ്പൂ വാടി പൂങ്കരൾ വാടി
അവർ കണ്ട കിനാക്കളിൽ നിന്നും
നിറമേഴുമിഴഞ്ഞു മറഞ്ഞു.
ഉറ്റവർ തൻ സങ്കടമാഴി-
ത്തിര പോലേ കവിളിലുറഞ്ഞു
നിയമത്തിന്നർബുദ മുറിവിൽ
വിപ്ലവമിര തേടിയിറങ്ങി
കൊലപാതക രക്തക്കറയിൽ
ഉപജാപത്തൊങ്ങലുതൂക്കി
കോമ്പല്ലുകൾ രാകി മിനുക്കി
നേരിൻ കൊരവള്ളി ഞെരിച്ച്
അവിടെല്ലാം ചിതറി നിറഞ്ഞു
അധികാരപ്പച്ച വെളിച്ചം!
പാഴ്മണ്ണു പുതച്ചു മറഞ്ഞത്
ഭാവിപ്രിയ ദർശിനിയല്ലോ
വേരോടെയിളകി മറിഞ്ഞത്
നാടിന്റെ നെടുംതൂണല്ലോ
മനതാരിൽ തീരാനോവായ്
മകളേ നീ അവശേഷിക്കെ
അടയാതാ മിഴി കാത്തവരേ
ഇനിയുള്ള വസന്തം കാണൂ
കരയുന്ന മനസ്സുള്ളവരേ,
കടലാകാൻ നിങ്ങൾക്കാകും
കാലത്തിൻ നീല ഞരമ്പിൽ
ഉടനീളം നിങ്ങളിരമ്പും
അടിവേരുകൾ തോണ്ടിമറിക്കാൻ
ജല തുമ്പിക്കൈ നിവരുമ്പോൾ
അധികാരം നിന്നു വിറയ്ക്കും...
ഒരു ശൂന്യത പിറവിയെടുക്കും.
തൊഴിലാളിത്തലകൾ കൊയ്ത്-
'അരിവാളു'കൾ വിളയുണ്ണുമ്പോൾ
അവർ 'വേലി'കളാണെന്നോർപ്പവർ
എരിതീയെ പ്രണയിക്കുന്നു



# കഴുകനും പെൺകുട്ടിയും

## ഒരു പുനർവിചാരണയുടെ കഥ...



ഷാനവാസ് ഖാൻ.

22.12.1967.

ജൊഹന്നാസ് ബർഗ്.

പാതിരാവായിട്ടും പാർക്ക്മോറിലെ തെരുവീഥികൾ ഉറക്കമായിട്ടില്ലായിരുന്നു.. കണ്ണ് ചിമ്മി തുറക്കുന്ന നക്ഷത്രങ്ങളും, പുൽക്കൂടുകളും വെള്ളിവെളിച്ചം വിതറിയ നിരത്തുകളിൽ, കരോൾ സംഘങ്ങളുടെ വാദ്യഘോഷങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു.. ചില്ലിട്ട ജാലകത്തിനപ്പുറത്ത്, മഞ്ഞിൽ കുളിച്ചു നിൽക്കുന്ന പൈൻ മരങ്ങൾക്ക് മേലെ.. മിന്നിത്തിളങ്ങുന്ന കുഞ്ഞ് വെള്ളിനക്ഷത്രങ്ങൾ വാരി വിതറുന്ന വെള്ളിനിലാവിന്റെ മായാജാലവും കണ്ടു നിൽക്കുകയായിരുന്നു ഞാൻ..

പെട്ടെന്നാണ് ഇരുട്ടിനെ കീറിമുറിച്ചുകൊണ്ട് ചീറിപ്പാഞ്ഞു വന്ന ഒരു ജീപ്പ്, നിരത്തിന്റെ വലതുവശത്തുണ്ടായിരുന്ന ഒരു കൊച്ചു വീടിന്റെ മുന്നിൽ സഡൻ ബ്രേക്കിട്ട് ഇരച്ചു നിന്നത്. ഇരമ്പിയാർക്കുന്ന പേമാരി പോലെ ബൂട്ടുകളുടെ ശബ്ദവും, കാത് തുളച്ചു കയറുന്ന വിസിലിന്റെ ശബ്ദവും അവിടമാകെ മുഴങ്ങി. ആയുധധാരികളായ കുറേ പോലീസുകാർ ആ കൊച്ചു വീടിന്റെ വാതിൽ ചവിട്ടി പൊളിച്ച് അകത്തേക്ക് പാഞ്ഞു കയറി. പിന്നാലെ ഒരു കൂട്ടനിലവിളി അവിടെനിന്നും ഉയർന്നു കേട്ടു..നിമിഷങ്ങൾക്കകം, പട്ടിണിക്കോലമായ നീണ്ടു മെലിഞ്ഞ ഒരു നീഗ്രോ യുവാവിനെ അവർ വലിച്ചിഴച്ച് പുറത്തുകൊണ്ടുവന്നു... ഉച്ചത്തിൽ തെറിവിളിച്ചുകൊണ്ട് അവർ അയാളെ അടിക്കുകയും, നിലത്തിട്ട് മാറി മാറി ചവിട്ടുകയും ചെയ്തു. മൃതപ്രായനായ ഇരയെ ഒടുവിൽ കൈകൾ പിന്നിലാക്കി ഒരു മരത്തിൽ കെട്ടിയിട്ടതിനു ശേഷം, ജീപ്പിൽ സൂക്ഷിച്ചിരുന്ന പെട്രോളിൽ കുതിർത്ത വലിയ റബ്ബർ ടയർ പുറത്തെടുത്ത് അവന്റെ കഴുത്തിൽ അണിയിച്ചു.. ട്യൂബിൽ നിന്ന് ഒഴുകി ഇറങ്ങിയ പെട്രോളിൽ കുളിച്ചു നിന്നു അലമുറയിട്ടു കരഞ്ഞു അയാൾ.. തിരികെ ജീപ്പിന് അടുത്തെത്തിയ പോലീസുകാരിൽ ഒരാൾ പെട്ടന്ന് തിരിഞ്ഞു നിന്ന്, പോക്കറ്റിൽ നിന്ന് ഒരു തീപ്പെട്ടി എടുത്ത്, ഒരു കൊള്ളി ഉരച്ചു കത്തിച്ചു ആ ശരീരത്തിലേക്ക് വലിച്ചെറിഞ്ഞു ഒരു നിമിഷം..ഭീകരമായ അലർച്ചയോടെ ആ മനുഷ്യൻ ഒരു തീഗോളമായി നിന്നു കത്തി !!

പേടിച്ച് വിറച്ചുപോയ ഞാൻ വേഗം പുതപ്പിനുള്ളിലേക്ക് ഓടി കയറി.. മുത്തശ്ശിയോട് ചേർന്ന് കിടന്ന് കിതച്ചുകൊണ്ട് ചോദിച്ചു 'അവരെന്തിനാണ് ആ പാവത്തിനെ കത്തിച്ച് കൊന്നത് മുത്തശ്ശി?..

ഒന്നും പറയാതെ മുത്തശ്ശി ഉറക്കം നടിച്ചു കിടന്നു ! പാപികൾക്ക് വേണ്ടി കുരിശിലേറിയ യേശുദേവന്റെ, ഭിത്തിയിലെ ചില്ലിട്ട ചിത്രത്തിലേക്ക് നോക്കി ഞാനും കിടന്നു..ഉറക്കം വരാതെ...

'മാധ്യമപ്രവർത്തനത്തിലെ ധാർമികത' എന്ന

വിഷയത്തിലെ 'The vulture and little girl' എന്ന ചാപ്റ്ററിന്റെ ആമുഖം വായിച്ചിട്ട്, പ്രൊഫസർ സിൽവ പുസ്തകത്തിൽ നിന്ന് മുഖമുയർത്തി ക്ലാസ്സിലാകമാനം ഒന്ന് നോക്കി..വായിച്ച വരികളിലെ ഭീകരദൃശ്യം അദ്ദേഹത്തിന്റെ മുഖത്തു കാണാമായിരുന്നു.. 'കെവിൻ കാർട്ടർ തന്റെ കുട്ടിക്കാലത്തേക്കുറിച്ച് എഴുതിയ അപൂർവം ഡയറിക്കുറിപ്പുകളിൽ ഒന്നാണ് ആമുഖത്തിൽ നാം വായിച്ചത്. ഇരുണ്ട ഭൂഖണ്ഡത്തിലെ ഇരുണ്ടവരുടെ ജീവിതം എത്ര ഭീകരമായിരുന്നു എന്നുള്ളതിന്റെ ഒരു വെള്ളക്കാരന്റെ ദൃക്സാക്ഷ്യം!! പതിഞ്ഞതെങ്കിലും പ്രൊഫസർ സിൽവയുടെ ഘനഗാംഭീര്യമുള്ള ഓരോ വാക്കിലും അർത്ഥഗർഭമായ ഒരു വാചാലത ഒളിഞ്ഞിരിക്കുന്നതായി തോന്നി. കൊളംബിയ യൂണിവേഴ്സിറ്റിയുടെ ഗ്രാജുവേഷൻ ഓഫ് ജേണലിസത്തിന്റെ പൊതുവെ വിരസമായി ക്ലാസ്മുറിയിലേക്ക്, ഒരു വീൽചെയറിൽ.. ഒരു ദിവസം അതിഥി അധ്യാപകനായി എത്തിയതായിരുന്നു ഇരു കാലുകളും മുട്ടിനു മുകളിൽ വെച്ച് മുറിച്ചുമാറ്റപ്പെട്ട പ്രൊഫസർ സിൽവ...മനസ്സാക്ഷിയുടെ കോടതിയിൽ മായാതെ കിടക്കുന്ന ആ ക്ലാസ്സ് റൂമിലേക്ക് ഒരിക്കൽ കൂടി...

'ജോഹന്നാസ് ബർഗിലെ വെളുത്ത വർഗ്ഗക്കാരായ, സമ്പന്ന, യാഥാസ്ഥിതിക, റോമൻ കത്തോലിക്കാ കുടുംബത്തിലായിരുന്നു ജനിച്ചതെങ്കിലും, വെളുത്ത വർഗ്ഗക്കാർ കറുത്തവരോട് കാണിക്കുന്ന വിവേചനത്തിന്റെയും കൊടുംക്രൂരതകളുടെയും ദൃശ്യങ്ങൾ കുട്ടിക്കാലത്തേ കെവിന്റെ മനസ്സിനെ അസ്വസ്ഥമാക്കിയിരുന്നു.. വിദ്യാഭ്യാസത്തിനു ശേഷം പല പല മേഖലകളിൽ ജോലി ചെയ്തുവെങ്കിലും, തന്റെ ഉറക്കം കെടുത്തുന്ന ദൃശ്യങ്ങൾ തന്നെ അവിടെയും കണ്ടുമടുത്തപ്പോളാണ്, എല്ലാം ലോകത്തെ അറിയിക്കണമെന്ന ഒരേയൊരു ലക്ഷ്യവുമായി ഒരു ക്യാമറ വ്യാപാര സ്ഥാപനത്തിൽ ജോലി നേടിയതും, പിന്നീട് ഫ്രീലാൻസ് ഫോട്ടോഗ്രാഫർ ആയതും.. കെൻ ഓസ്റ്റർബുക്, ഗ്രെഗ് മറിനോവിച്, ജോവ സിൽവ എന്നിവരും വംശീയ അതിക്രമങ്ങൾക്കെതിരെ ക്യാമറ കൊണ്ട് പോരാടുന്നവരായിരുന്നതു കൊണ്ട് വളരെ പെട്ടെന്ന് തന്നെ കെവിൻ അവരുമായി ചങ്ങാത്തത്തിലാവുകയും, നാൽവർ സംഘം പിന്നീട് 'ബാങ് ബാങ് ക്ലബ്ബ്' എന്ന പേരിൽ അറിയപ്പെടുവാനും തുടങ്ങി.. കറുത്ത വർഗ്ഗക്കാരുടെ കഴുത്തിൽ പെട്രോൾ നനച്ച ടയർ അണിയിച്ച് തീ കൊളുത്തി കൊല്ലുന്ന 'നെക്ലേസിങ്' എന്ന കൊടും ക്രൂരത ലോകത്തിനു മുന്നി ൽ എത്തിച്ചത് കെവിന്റെ ക്യാമറാക്കണ്ണുകൾ ആയിരുന്നു..



ഇനി നമുക്ക് കെവിന്റ 'കഴുകനും കൊച്ചുപെൺകുട്ടിയും' എന്ന വിഖ്യാത ചിത്രത്തിലേക്ക് വരാം...

പ്രൊഫസർ ടേബിളിലിരുന്ന ഗ്ലാസിൽ നിന്നും അല്പം വെള്ളമെടുത്തു കുടിച്ചു കൊണ്ട് പറഞ്ഞു...ആഭ്യന്തര കലാപവും, കടുത്ത വരൾച്ചയും കാരണം കൊടിയ പട്ടിണിയും, ഭീകരതയും തളംകെട്ടി നിന്നിരുന്ന സുഡാനിലെ അയോഡിലേക്ക് ഭക്ഷണവും, മരുന്നുകളും എത്തിക്കാനുള്ള ഐക്യരാഷ്ട്രസഭയുടെ 'ഓപ്പറേഷൻ ലൈഫ് ലൈൻ സുഡാൻ' എന്ന രക്ഷാദൗത്യസംഘത്തിലേക്ക് 'സുഡാന്റെ ദയനീയ അവസ്ഥ ലോകത്തെ അറിയിക്കുന്നതിനായി ഫോട്ടോ ജേണലിസ്റ്റുകളെ കൂടി ക്ഷണിച്ചിട്ടുണ്ട്..' എന്ന് അതിലെ അംഗമായ റോബർട്ട് ഹാർഡ്‌ലിയാണ് ജോവ സിൽവയോടും കെവിൻ കാർട്ടറോടും പറഞ്ഞത്. അത് ഒരു അവസരമായി കണ്ട സിൽവ്വയും കെവിനും രണ്ടാമതൊന്ന് ആലോചിക്കാതെ 1993 മാർച്ച് 20ന് ദൗത്യസംഘത്തോടൊപ്പം അയോഡിലേക്ക് പറന്നു.. കലാപകാരികളുടെ ആക്രമണ ഭീഷണി ഉണ്ടായിരുന്നതിനാൽ ഭക്ഷണം വിതരണം ചെയ്യാനുള്ള 30 മിനിറ്റ് സമയം മാത്രമേ ചിത്രങ്ങൾ എടുക്കാൻ ഫോട്ടോഗ്രാഫർമാർക്കും അനുവദിച്ചിട്ടുണ്ടായിരുന്നുള്ളൂ..

സിൽവ ഗറില്ലപോരാളികളുടെ ചിത്രങ്ങൾ എടുക്കാനായി പോയപ്പോൾ, കെവിൻ ഭക്ഷണ വിതരണ ക്യാമ്പിലേക്ക് ഓടിയെത്തിക്കൊണ്ടിരുന്ന എല്ലും തോലും മാത്രമായ പട്ടിണിക്കോലങ്ങളുടെ ചിത്രങ്ങളാണ് പകർത്തിക്കൊണ്ടിരുന്നത്..മരുഭൂമി പോലെ

വരണ്ട് കിടന്ന പ്രദേശത്തെ, കത്തിക്കരിഞ്ഞ വയലുകളും ഉണങ്ങിയ മരക്കൂട്ടങ്ങളും വരാനിരിക്കുന്ന ദുരന്തത്തിന്റെ അടയാളം പോലെ ചുറ്റും കാണാമായിരുന്നു.. അഴുകിയ മാംസത്തിന്റെ ഗന്ധവും പേറി നിർത്താതെ വീശിക്കൊണ്ടിരുന്ന ചുടുകാറ്റും, പട്ടിണിയുടെയും മരണത്തിന്റെയും ദയനീയകാഴ്ചകളും കണ്ടു മനം മടുത്ത കെവിൻ ക്യാമ്പിലേക്ക് തിരികെ നടക്കാനൊരുങ്ങുമ്പോൾ ആയിരുന്നു..അധികം അകലെ അല്ലാതെ ഒരു ഞരക്കം കേട്ടത്! പെട്ടെന്ന് ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കിയപ്പോൾ ഏതോ കറുത്ത ജീവി ഇഴഞ്ഞ് പോകുന്നതായിട്ടാണ് ആദ്യം തോന്നിയതെങ്കിലും, അതിനടുത്തേക്ക് നടന്ന കെവിൻ ആ കാഴ്ച കണ്ടു തരിച്ചു നിന്നുപോയി!! ചുട്ടു പഴുത്ത മണലിലേക്ക് തല കൂമ്പിട്ട് കൂനികൂടി ഞരങ്ങി നീങ്ങുന്ന ഒരു കൊച്ചു കുട്ടി!!! എല്ലുകളെല്ലാം പുറത്തേക്ക് ഉന്തി നിന്നിരുന്നതിനാൽ ഏതോ കറുത്ത ജീവിയാണെന്നേ തോന്നുമായിരുന്നുള്ളൂ! എഴുന്നേറ്റ് നിൽക്കാൻ പോലും ത്രാണിയില്ലാതെ ഭക്ഷണവിതരണ ക്യാമ്പിലേക്ക് ഇഴഞ്ഞുനീങ്ങുന്ന കുട്ടിയുടെ പിന്നിൽ ഏറെ അകലെ അല്ലാതെ ഒരു ശവംതീനി കഴുകനും അപ്പോൾ പറന്നിറങ്ങി!!! ജീവൻ നിലനിർത്താൻ പൊരുതുന്ന കുട്ടിയും.. ഇരയുടെ ജീവൻ നിലക്കാൻ കാത്തിരിക്കുന്ന കഴുകനും!! മരണവും ജീവിതവും ഒറ്റ ഫ്രെയിമിൽ!! കെവിന്റെ ഉള്ളിലെ ഫോട്ടോഗ്രാഫർ പെട്ടെന്ന് ഉണർന്നു..ഒരു ജനതയുടെ ദയനീയാവസ്ഥ പുറംലോകത്തെ അറിയിക്കാൻ ഇതിലും ഭീകരമായ എന്ത് ദൃശ്യമാണുള്ളത്?..!! എന്ന് ചിന്തിക്കുന്നതിനിടയിലാണ് ക്യാമ്പിൽ നിന്നും ഉച്ചത്തിൽ ഒരു അലാറവും മുഴങ്ങിയത്. ഞെട്ടിത്തരിച്ച കെവിൻ പെട്ടെന്ന് കയ്യിലെ വാച്ചിലേക്ക് നോക്കി.. ഫ്ളൈറ്റ് പറന്നുയരാൻ ഇനി 5 മിനിറ്റുകൾ മാത്രം ! പിന്നെ ഒട്ടും സമയം കളയാതെ അതേ ആംഗിളിൽ തന്നെ രണ്ടുമൂന്ന് ചിത്രങ്ങൾ പകർത്തിയിട്ട്, കുട്ടിയുടെ അരികിൽ നിന്ന് കഴുകനെ ആട്ടിപ്പായിച്ച് ക്യാമ്പിലേക്ക് തിരികെ ഓടി. തയ്യാറായി നിന്നിരുന്ന ചെറുവിമാനത്തിൽ ഓടികയറിയ ഉടൻതന്നെ അത് പറന്നുയരുകയും ചെയ്തു..

ജൊഹന്നാസ് ബർഗിൽ മടങ്ങിയെത്തിയ കെവിൻ, താൻ എടുത്ത ചിത്രങ്ങൾ വേഗം തന്നെ ന്യൂയോർക്ക് ടൈംസിന് അയച്ചുകൊടുക്കുകയും,1993 മാർച്ച് 26ലെ പത്രത്തിന്റെ ഫ്രണ്ട് പേജിൽ വളരെ പ്രാധാന്യത്തോടെ തന്നെ ചിത്രം അച്ചടിച്ചു വരികയും ചെയ്തു. ലോകമനസ്സാക്ഷിയെ തന്നെ ഞെട്ടിച്ച ചിത്രം, വ്യാപകമായി പ്രചരിച്ചതോടെ ലോകത്തിന്റെ നാനാ ദിക്കിൽ നിന്നും വലിയ സഹായപ്രവാഹമായിരുന്നു സുഡാനിലേക്ക്. ദുരവസ്ഥയിൽ നിന്ന് ഒരു ജനതയുടെ അതിജീവനത്തിന് കാരണമായ ചിത്രം വളരെയേറെ പ്രകീർത്തിക്കപ്പെട്ടെങ്കിലും..'ആ കുട്ടിക്ക് പിന്നീട് എന്ത് സംഭവിച്ചു? എന്ന ചോദ്യവും പരക്കെ ഉയർന്നു.'കുട്ടിയെ ക്യാമ്പിൽ ഉണ്ടായിരുന്നവർ ഉറപ്പായും രക്ഷിച്ചിട്ടുണ്ടാകും.. 'എന്ന് കെവിൻ ആവർത്തിച്ച് പറഞ്ഞുവെങ്കിലും, കുട്ടിയുടെ ജീവൻ രക്ഷിക്കുക എന്ന മാനുഷികമായ ഉത്തരവാദിത്തത്തെക്കാൾ തന്റെ ജോലിയോടുള്ള ഉത്തരവാദിത്തത്തിന് പ്രാധാന്യം നൽകിയ ഫോട്ടോഗ്രാഫറുടെ 'ധാർമികത' പരക്കെ ചോദ്യം ചെയ്യപ്പെട്ടു..വളരെ പെട്ടെന്നാണ് വ്യാപക



പ്രതിഷേധമായി അത് മാറിയത്.! 'ചിത്രത്തിലുള്ള കഴുകനേക്കാൾ ക്രൂരനായ കഴുകൻ താങ്കൾ അല്ലേ?.. എന്ന ചോദ്യത്തിന് ഉത്തരം നൽകാനാവാതെ മാനസികമായി തകർന്ന കെവിൻ, തന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളിൽ നിന്നു പോലും അകന്ന്, മെല്ലെ മദ്യത്തിലും മയക്കുമരുന്നിലും അഭയം പ്രാപിച്ചതോടെ വിഷാദത്തിന്റെ പിടിയിൽ അകപ്പെട്ടു. അപ്പോഴാണ് ആ സന്തോഷവാർത്തയും കെവിനെ തേടിയെത്തിയത്..ഏതൊരു മാധ്യമപ്രവർത്തകനും കൊതിക്കുന്ന അമേരിക്കയുടെ പരമോന്നത മാധ്യമപുരസ്കാരമായ പുലിറ്റ്സർ പ്രൈസ് 'The vulture and Sudane little girl' എന്ന ചിത്രത്തിന് ലഭിച്ചിരിക്കുന്നു!!

'കഴുകൻ' എന്ന് വിളിച്ചവർ പോലും അഭിനന്ദനങ്ങളുമായി എത്തിയെങ്കിലും, വിഷാദത്തിന്റ മാറാല കെട്ടിയ മനസ്സിലേക്കെത്താൻ അവർക്കായില്ല.. 1994 മെയ് 26 ന് കൊളംബിയ യൂണിവേഴ്സിറ്റിയിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ, തകർന്ന മനസ്സുമായാണ് കെവിൻ 'പുലിറ്റ്സർ പ്രൈസ്' ഏറ്റുവാങ്ങിയത്..

ഒടുവിൽ... ഉത്തരം കിട്ടാതെ.. ചോദ്യങ്ങളാൽ വീർപ്പുമുട്ടുന്നവർ കണ്ടെത്തുന്ന ആ ഉത്തരത്തിലേക്ക് കെവിനും എത്തിച്ചേർന്നു.. ജൂലൈ 27ന്, ഒരു നിസ്സാൻ പിക്കപ്പ് വാനിൽ തന്റെ ജന്മനാടായ പാർക്ക് മോറിലേക്ക് യാത്ര തിരിച്ചു.. ജനിച്ചുവളർന്ന വീടും നാടും ഒരിക്കൽ കൂടി കണ്ണ് നിറയെ കണ്ടതിന് ശേഷം 'ഫീൽഡ് ആൻഡ് സ്റ്റഡി സെന്റർ' പാർക്കിന്റെ ഒഴിഞ്ഞ ഒരിടത്തു, ഒരു യൂക്കാലിപ്സ് മരത്തിന് അഭിമുഖമായി വാൻ നിർത്തിയിട്ടു..

''ക്ഷമിക്കൂ..എന്നോട് നിരുപാധികം ക്ഷമിക്കൂ.. ജീവിതത്തിന്റെ വേദന സന്തോഷത്തെ മറികടന്നു.. ഇപ്പോൾ സന്തോഷം എന്നൊരു അവസ്ഥ തന്നെയില്ല.. അരും കൊലകൾ, ശവശരീരങ്ങൾ, വിശന്നു നിലവിളിക്കുന്ന കുട്ടികളെ കൊന്നൊടുക്കുന്ന ഭ്രാന്തൻ കൊലയാളികൾ.. ഒരിക്കലും നിലയ്ക്കാത്ത നിലവിളിയുടെ ദൃശ്യങ്ങൾ നിരന്തരം വേട്ടയാടുന്ന ലോകത്ത് ഇനി ജീവിക്കാൻ ആഗ്രഹമില്ല..'' 'ഇതായിരുന്നു കെവിൻ തന്റെ ഡയറിയിൽ അവസാനം കുറിച്ച വരികൾ.. ഹ്രസ്വമെങ്കിലും, അനീതിയോടും അസമത്വങ്ങളോടും സന്ധിയാകാൻ കഴിയാത്തവന്റെ മരണസന്ദേശമായ വരികൾ!! പുറത്തിറങ്ങിയ കെവിൻ വാനിന്റെ പുകക്കുഴലിൽ ഒരു റബ്ബർ ഹോസ് ഘടിപ്പിച്ചു, അതിന്റെ മറ്റേയറ്റം വിൻഡ് ഗ്ലാസിന്റെ അല്പം തുറന്ന വിടവിലൂടെ അകത്തേക്കിട്ടു. അതിനു ശേഷം അകത്തു കയറിയിരുന്നു വാക്മാനിൽ തനിക്ക് ഇഷ്ടപ്പെട്ട ഗാനങ്ങളും കേട്ടുകൊണ്ട് എൻജിൻ സ്റ്റാർട്ട് ചെയ്തു..! കാറിൽ നിറഞ്ഞു കൊണ്ടിരുന്ന പുകയിലെ കാർബൺ മോണോക്സൈഡ് മെല്ലെ മെല്ലെ ശ്വാസിച്ചുകൊണ്ടിരുന്നു.. ഒരു കൊച്ചു കുട്ടിയെ പോലെ പൊട്ടി പൊട്ടി ചിരിച്ചുകൊണ്ട്..ഒടുവിൽ നേർത്ത ഒരു തേങ്ങലോടെ, ലോക മനസാക്ഷിയുടെ മുന്നിൽ ഉത്തരം കിട്ടാത്ത മറ്റൊരു ചോദ്യമായി മാറി...

പുസ്തകത്തിലേക്ക് നോക്കാതെ തന്റേതായ ശൈലിയിൽ പറഞ്ഞാണ് പ്രൊഫസർ ചാപ്റ്റർ അവസാനിപ്പിച്ചത്. 'ഇനി ഇതിന്മേലുള്ള നിങ്ങളുടെ അഭിപ്രായങ്ങളും, സംശയങ്ങളും, ചോദ്യങ്ങളും ആകാം..' പ്രൊഫസർ പറഞ്ഞു നിർത്തി..

'എന്തൊക്കെയായാലും കുട്ടിയെ രക്ഷിക്കാതിരുന്നത് കടുത്ത അപരാധം തന്നെയല്ലേ പ്രൊഫസർ..?

'നല്ല ചോദ്യം..തീർച്ചയായും അപരാധം തന്നെയാണ്..പക്ഷേ സമ്പന്നതയുടെ മടിത്തട്ടിൽ പിറന്നിട്ടും, ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള പോരാട്ടമായി തന്റെ ജീവിതത്തെ കണ്ട ഒരാൾ അങ്ങനെ ചെയ്യുമോ? എന്ന് ഒട്ടും സംശയമില്ലാതെയുള്ള മുൻവിധി തന്നെയാണ് അവരെപ്പോലെ തന്നെ നിങ്ങളുടെയും പ്രശ്നം..

**ഒന്ന്**: 'കലാപകാരികളുടെ ഭീഷണിയും, അവിടെ പടർന്നു പിടിച്ച പകർച്ചവ്യാധികളും കാരണം ഐക്യരാഷ്ട്ര സംഘടനയുടെ കർശന നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ, ആ കുട്ടിയുടെ ഒരു നിശ്ചിത അകലം വരെ മാത്രമേ കെവിന് പോകാൻ കഴിയുമായിരുന്നുള്ളൂ എന്നതാണ് വസ്തുത..'!

**രണ്ട്**: 'കഴുകനെ അവിടെ നിന്നും ആട്ടിപ്പായിച്ചതിനുശേഷം ക്യാമ്പിൽ എത്തിയ കെവിൻ 'ആ കുഞ്ഞിനെ എത്രയും പെട്ടെന്ന് അവിടെ നിന്ന് ക്യാമ്പിലെത്തിക്കണം' എന്ന് അറിയിച്ചതിനുശേഷമാണ് ഫ്ലൈറ്റിൽ കയറിയത് എന്നുള്ളത് '!

**മൂന്ന്** : ഇതെല്ലാം തന്നെ ഐക്യരാഷ്ട്ര സംഘടനയും, ഒപ്പം ഉണ്ടായിരുന്ന ജോവ സിൽവയും മറ്റും..മാധ്യമങ്ങളെ അറിയിച്ചുവെങ്കിലും,

വെള്ളക്കാരുടെ കെണിയിൽ പെട്ടുപോയ മാധ്യമങ്ങൾ കെവിനെതിരെയുള്ള പ്രചാരണങ്ങൾക്കാണ് പിന്നീട് ചുക്കാൻ പിടിച്ചത്! അങ്ങനെ എല്ലാവരും ആ കൊടിയ അപരാധിക്കെതിരെ ഒത്തൊരുമിച്ചു!!

'ഇങ്ങനെയുള്ള വാദങ്ങൾ കുട്ടി രക്ഷപ്പെട്ടു എന്ന് കരുതാൻ പര്യാപ്തമാണോ പ്രൊഫസർ..?

'പര്യാപ്തമല്ല.. പക്ഷേ കെവിന്റെ മരണത്തിന് ശേഷം നടന്ന അന്വേഷണങ്ങളിൽ, പെൺകുട്ടി എന്ന് കെവിൻ തെറ്റിദ്ധരിച്ചത് 'കൊങ്ങ്ന്യോങ്' എന്ന് പേരുള്ള ഒരു ആൺകുട്ടിയായിരുന്നെന്നും, അപ്പോൾ തന്നെ സുരക്ഷിതമായി അവനെ ക്യാമ്പിൽ എത്തിച്ച് പിതാവിനൊപ്പം വിട്ടയച്ചു! എന്നും.. പിൽക്കാലത്ത് 2007 ൽ ദൗർഭാഗ്യവശാൽ മലേറിയ ബാധിച്ചാണ് അവൻ മരണപ്പെട്ടുപോയതെന്നും... കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

'കെവിന്റേത് ഒരു നരഹത്യ ആണെന്നാണോ പ്രൊഫസറുടെ വാദം..?

'അതേ..കൊടിയ കുറ്റബോധം മനസ്സിൽ കുത്തിവെച്ചു ആത്മഹത്യയിലേക്ക് നയിക്കുന്നത് നരഹത്യ തന്നെയല്ലേ..? കെവിന്റെ ചിത്രത്തിലെ കുട്ടിയും കഴുകനും പ്രതീകങ്ങൾ മാത്രമാണ്.

വർണ്ണവെറിയും, മതവെറിയും, യുദ്ധവും, കലാപവും.. സൃഷ്ടിക്കുന്ന 'പട്ടിണി' എന്ന മഹാവിപത്തിന്റെ പ്രതീകമാണ് കുട്ടിയെങ്കിൽ.., നിലനിൽപ്പിനായി പൊരുതുന്ന ശവംതീനികളുടെ പ്രതീകമാണ് കഴുകൻ.. പിന്നെ ആരാണ് ക്രൂരനായ കഴുകൻ..? എന്ന ചോദ്യത്തിനാണ് നിങ്ങൾ ഉത്തരം കണ്ടെത്തേണ്ടത്..

അമർഷം കടിച്ചമർത്തിയ ശബ്ദത്തിൽ പ്രൊഫസർ പറഞ്ഞു നിർത്തിയപ്പോൾ ക്ലാസ് അവസാനിച്ചതിന്റെ ബെൽ മുഴങ്ങിയിരുന്നു...

"താങ്കളെ ഞങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു പ്രൊഫസർ.. കെവിൻ കാർട്ടറുടെ പ്രിയസുഹൃത്തിനും ബാങ് ബാങ് ക്ലബ്ബിലെ പോരാളിക്കും ഞങ്ങളുടെ ഹൃദയാഭിവാദ്യങ്ങൾ.. സല്യൂട്ട്."



നിറഞ്ഞ ആദരവിനും അഭിവാദ്യങ്ങൾക്കുമിടയിലൂടെ പ്രൊഫസറുടെ വീൽചെയർ മെല്ലെ പുറത്തേക്കുരുണ്ടു...

അദ്ദേഹം കടന്നുപോയിട്ടു കാലമേറെയായിരിക്കുന്നു... കാലപ്രവാഹം മറവിയുടെ മാറാലകൾക്ക് ഇഴകൾ എത്ര നെയ്താലും, അവയെല്ലാം ഭേദിച്ച് ഇടയ്ക്കിടെ ഓടിയെത്തുന്ന ആ ക്ലാസ് മുറിയിൽ..ഇന്നും ഉയരുന്നു..അതേ ചോദ്യം

'ആരാണ് ക്രൂരനായ കഴുകൻ..?

## 2023 ഡിസംബർ മാസം സർവ്വീസിൽ നിന്നും വിരമിച്ച സംഘടനാംഗം



**സുനിത വി.ജി.**
**സെക്ഷൻ ഓഫീസർ**




# കഥ അല്ലിത് ജീവിതം

റെയിൽവേ സ്റ്റേഷൻ

ചുമലിൽ ചാക്കുമായി ഒരാൾ

**സൂത്രധാരൻ** : കൂട്ടരെ ഞാനിന്ന് ഒരു കഥ പറയാം. കേട്ടിട്ട് നല്ല കൈയടി കിട്ടിയാൽ തരക്കേടില്ല.

**ഉൽപ്പലാക്ഷൻ** : സാർ, രാവിലെ ചാക്ക് കെട്ടുമായി എങ്ങോട്ടാ ?

**ഭഗീരഥൻ** : പരീക്ഷാ ഡ്യൂട്ടിയ്ക്ക് കാസറഗോഡ് പോവുകാ...

**ഉൽപ്പലാ** : എന്താ ചാക്കില് ?

**ഭഗീ**:നാളത്തെ പരീക്ഷയുടെ അപേക്ഷയാണ്. തിങ്കളാഴ്ച വരുമ്പോൾ പ്രപ്പോസൽ വയ്ക്കാനാണ് ഉത്തരവ്. പതിനായിരം പേരുണ്ട്. ഞാനിന്ന് ചെയ്തിട്ടു വേണം SOക്കിന്ന് അഡ്മിറ്റ് ചെയ്യാൻ.

**ഉൽപ്പലാ** : അതെങ്ങനെ...........

**ഭഗീ** : എങ്ങനെ എന്ന് ചോദിക്കരുത്. അണ്ടറിന് നോട്ടുബുക്കിൽ ട്യൂഷൻ ക്ലാസിൽ നിന്നു ലഭിച്ച നിർദ്ദേശമാണ് വച്ചില്ലെങ്കിൽ മറ്റന്നാൾ മെമ്മോയും രണ്ട് ഇൻക്രിമെന്റും പോവും പോലും.

**ഉൽപ്പലാ** : അപ്പോ പാടത്ത് പണി വരമ്പത്ത്... PSC യിലും നടപ്പിലാക്കി അല്ലേ.....

**ഭഗീ** : ഓ. തന്നെ പാളത്താറുടുത്തവന് ഓലക്കീറുടുത്തവനോട് അസൂയ അല്ലേ.

**ഉൽപ്പലാ** : ആ അതുപോട്ടെ. സാറ് ജൂണിൽ പ്രമോഷനാന്നു പറഞ്ഞല്ലോ. അതെന്തായി ?

**ഭഗീ** : എന്നൊക്കെ വിചാരിച്ചതാ. ഇപ്പോഴത്തെ പ്രാമോഷൻ കമ്മിറ്റിയിൽ, EMS ൽ ഞാനെന്തോ ചെയ്തത് പണിയായി. എന്റെ പേര് DPC തള്ളിയെന്നാ കേട്ടത്.

**ഉൽപ്പലാ** : കൊള്ളാം EMS നെ പണിഞ്ഞാൽ അവർ വെറുതെ വിടുമോ

**ഭഗീ** :EMS എന്നാൽ പഴയ കാരണഭൂതനല്ല സാറേ... ഇത് പരീക്ഷാ സോഫ്റ്റ്‌വെയറാ. Android phone app ൽ Present, Absent കൊടുക്കണം. എന്നിട്ടത് upload ചെയ്യണം. എനിക്കിതൊക്കെ അറിയാമോ ? ഉള്ള ഫോൺ വീട്ടിൽ Online class ന് മക്കൾക്ക് കൊടുത്തിട്ട് പഴയ സോപ്പുപെട്ടി phone മായാണ് വന്നത്. School ൽ Clerk ന്റെ Phone ലാണ് ചെയ്തത്. അവിടെ computer ഇല്ല. സമയത്ത് കറന്റുമില്ല. ചെയ്തപ്പോൾ Error കാണിച്ചു. പിന്നെ ഒന്നും പറയണ്ട. പിന്നീടത് മാറ്റാനും കഴിയില്ല.

**ഉൽപ്പ** : സാറേ ഈ EMS സോഫ്റ്റ്‌വെയറൊക്കെ സുരക്ഷാ ആഡിറ്റ് നടത്തിയതാണോ

**ഭഗീ** : എന്ത് ആഡിറ്റ്. ഒരു സ്വകാര്യ ആപ്പ് വഴിയാ ഇപ്പോ EMS. ചെയ്തില്ലെങ്കിൽ പണി പാളും. PSC യുടെ സെർവ്വർ നാലഞ്ച് മണിക്കൂർ Access ചെയ്യാൻ ഈ കച്ചട സോഫ്റ്റ്‌വെയറിന് അനുമതി ഉണ്ട് പോലും. എല്ലാം കൂടി കളിച്ച് പിള്ളേരെ വഴിയാധാരമാക്കുമോ എന്തോ ?

**ഉൽപ്പ** : അപ്പോ പരിപാടികളെല്ലാം സ്വന്തം ഫോണിൽ ചെയ്യണം. എന്നിട്ട് വല്ല സുരക്ഷാ ആഡിറ്റില്ലാത്ത സോഫ്റ്റ്‌വെയറിലും പണിയണം. എല്ലാ പണിയും കഴിഞ്ഞ് ഓഫീസിലെത്തിയാൽ കൂലി വരമ്പത്ത് കിട്ടും. അല്ലേ ?

**ഭഗീ** : നിനക്കിതൊക്കെപ്പറയാം. അവസാന റാങ്കായിട്ടും നിനക്ക് ഭരണപരിഷ്കാരത്തിൽ കിട്ടി. ഇപ്പോ ജായിന്റ് ആയില്ലേ. നമക്കാണെങ്കിൽ മാസത്തിൽ 4 പരീക്ഷ. മറ്റു ജില്ലയിൽ മൂന്നു പരീക്ഷ / ഓൺലൈൻ പരീക്ഷ ജില്ലയിൽ കൂടാതെ വെരിഫിക്കേഷനും. നാളിതുവരെ പരീക്ഷയ്ക്ക് പോയാ 4 എണ്ണത്തിൽ സീലിംഗ് കാരണം ഒരു TA കിട്ടും. കിട്ടും എന്നല്ല. കിട്ടുമെന്ന് പറയുന്നു. 9 മാസത്തെ TA കിട്ടിയിട്ടില്ല. ഭാര്യയുടെ കെട്ടുതാലി വരെ ഇപ്പ പണയത്തിലായി. ഗതികേട് എന്നല്ലാതെ എന്ത് പറയാൻ.

**ഉൽപ്പ** : പിന്നെ എന്തിനാ പോവുന്നത്

**ഭഗീ** : ഇത് പറഞ്ഞാ തോന്നും ഇഷ്ടപ്പെട്ട് പോവുന്നു എന്ന്. പോയില്ലെങ്കിൽ അടുത്ത പണി Sensure ആയിട്ട് ഇങ്ങ് പോരും. ഒരു പാവപ്പെട്ടവൻ കഴിഞ്ഞ വർഷം നൂറോളം പരിക്ഷയ്ക്ക് പോയിട്ടുണ്ട്. അതിരാവിലെയുള്ള (അല്ല പാതിരാത്രി തുടങ്ങുന്ന) ഒരു പരീക്ഷയ്ക്ക് K doc ലെ നടപടി ഉത്തരവ് കാണാതെ ഡ്യൂട്ടിക്കെത്തിയില്ല പാവം. വിളിച്ചാ വിളിപുറത്തുള്ള പാവത്തിന് ഇപ്പോ Sensure ന് അപ്പീലും എഴുതി നടക്കാനാണു വിധി. നിങ്ങൾക്കൊന്നും ഈ വിധി ഇല്ലല്ലോ ?

ഉൽപ്പ : അപ്പോ നീ ഈ ലോകത്തല്ലേ. എടാ നമുക്ക് ഇപ്പോ 18% ഡി.എ ഇല്ല. സറണ്ടർ പോയിട്ട് നാലുവർഷം. Pay Revision അരിയർ 1.5 Lak സ്വാഹ: എല്ലാ കൂടി നഷ്ടം നോക്കിയാ ജീവിതത്തിൽ 10 വർഷം പോയി. പഹയൻമാരെ പറഞ്ഞിട്ടെന്ത് കാര്യം.

**ഭഗീ** : ഞങ്ങൾക്ക് ഇതൊന്നും ആലോചിക്കാൻ സമയമില്ല. ഇപ്പോ അടുത്ത വെരിഫിക്കേഷൻ തുടങ്ങി അതും സ്വന്തം ഫോണിൽ ചെയ്യണം പോലും. TA നൽകാതെ, DA നൽകാതെ, ശമ്പളകുടിശ്ശിക നൽകാതെ, സറണ്ടർ നൽകാതെ, പരീക്ഷാ ഡ്യൂട്ടി പ്രതിഫലം നൽകാതെ, ഇൻക്രിമെന്റ് തടഞ്ഞ്, മെമ്മോയും സെൻഷറും തന്ന് സേവനത്തെ ആദരിച്ചശേഷം ഇപ്പോൾ സ്വകാര്യ ആവശ്യത്തിനായി സ്വന്തം കീശയിൽ നിന്നു പണം കൊടുത്ത് വാങ്ങിയ ഫോണിൽ വെരിഫിക്കേഷൻ നടത്തണമത്രെ.

**ഉൽപ്പ** : അപ്പോ അതിൽ എന്തെങ്കിലും കുഴപ്പമുണ്ടായാലോ ?

**ഭഗീ** :കുഴപ്പമുണ്ടായാൽ ഇനി തടയാൻ ഇൻക്രിമെന്റ് ഒന്നും ഇല്ല. അതിനാൽ ശമ്പളം കൂടി അങ്ങ് തടയുമായിരിക്കും. അങ്ങനെ സർക്കാരിനു അതും ലാഭമാകുമല്ലോ.

**ഉൽപ്പ** : അപ്പോ നിങ്ങളുടെ ഊണിയൻ സംഘടന എവിടെ പോയി ?

**ഭഗീ** :അവരിപ്പോ താജ്മഹൽ കണ്ടിട്ട് ജീവനക്കാരുടെ പ്രശ്നം ഷാജഹാൻ ചക്രവർത്തിയോട് ഉണർത്തിക്കുകയാണ്. എന്നിട്ട് NPS ൽ പുനഃപരിശോധനയ്ക്കുള്ള കാര്യം പറയാൻ വേണ്ടി അമേരിക്കയ്ക്ക് പോകാൻ പെർമിഷൻ കിട്ടുമോ എന്ന് ചർച്ച ചെയ്യുകയാണ്. ഇനി ഏക ആശ്രയം ബൈഡൻ മാത്രമാണത്രെ. ഞങ്ങൾ ജീവനക്കാർ കുഞ്ഞിന്റെ അരഞ്ഞാണം വിറ്റിട്ട് ദേശാഭിമാനിയുടെ വരിയും സമ്മേളനഫണ്ടും നൽകിയ എന്നോടവർക്കിപ്പോൾ കണ്ടാൽ പുച്ഛമാണ്.

ഉൽപ്പ : അപ്പോ. ഞങ്ങൾ കേട്ടതൊക്കെ ശരി തന്നെയോ ഓഫീസിലെ അഞ്ചാം നില യിലേയ്ക്കുള്ള വഴി ഷീറ്റിട്ടടച്ചു എന്നത് ശരിയാണോ ?

ഭഗീ :ഓ. തന്നടേയ്, മൂന്നാല് അസിസ്റ്റന്റുമാരെ സെക്യൂരിചേട്ടൻ അവിടെ വച്ച് കണ്ട് എന്ന്

ഉൽപ്പ : അവുതുങ്ങള് എന്തര് പരിപാടിയടേയ്

ഭഗീ :അതുപിന്നെയ് തിങ്കളാഴ്ചത്തെ ടാർജറ്റ് ഒത്തില്ലാത്തോട്ട് സെക്ഷനിൽ കേറാൻ പറ്റില്ലാന്ന്. അതിനാല് താഴോട്ട് നോക്കി നിക്കണ കണ്ടിട്ടാണ് സെക്യൂരിറ്റി അണ്ണൻ പിടിച്ചിറക്കിയത്. കുറച്ചൂടി കഴിഞ്ഞാ അവുത്തുങ്ങളെ മാത്രമല്ല പാവത്തിന്റെയും പണി പോയേനെ!

ഉൽപ്പ : എന്തായാലും ഞങ്ങളെ ഊണിയൻകാർ ഇപ്പോ ആലപ്പുഴ കൃഷിയും ഓണത്തിന് വടംവലിയും ക്രിസ്മസിന്

കേക്കുമുറിക്കലും ഒക്കെ നടത്തി ജീവനക്കാർക്ക് സംഘടനപ്രവർത്തനം കാണിച്ചു കൊടുക്കുന്നുണ്ട്.

**ഭഗീ** : ആഫീസിലിപ്പോ LPR ഉം VRS ഒക്കെ കൂടി ആകെ ജഗപൊകയാണ്. ഇപ്പോ പൊതു ജനമല്ല കഴുത. ഒന്നും പ്രതികരിക്കാനാകാത്ത നമ്മൾ ജീവനക്കാരാണ് കഴുതകൾ. ഓ പോട്ടെ ട്രെയിൻ വന്നു. ടിക്കറ്റ് കിട്ടിയില്ല. സമയത്തിന് അറിഞ്ഞാലല്ലേ ടിക്കറ്റ് എടുക്കാൻ പറ്റൂ. ഇന്ന് വൈകിട്ട് അഞ്ച് 10 നാണ് ഡ്യൂട്ടി ഉത്തരവ് കിട്ടിയത്. അപ്പം വിട്ടതാ ചാക്കുമായിട്ട് ഇനി ഏതെങ്കിലും ജനറൽ സീറ്റ് കിട്ടിയാ ഭാഗ്യം.

(ഭഗീരഥൻ വണ്ടിയിൽ കയറി പോകുന്നു)

**ഉൽപ്പ** : (ആത്മഗതം) കഷ്ടം. ഞാനും അവനും ഒന്നിച്ചാണ് പരീക്ഷ എഴുതിയത്. എനിക്ക് റാങ്ക് 900. അവന് റാങ്ക് ഒന്ന്. പാവത്തിന് കിട്ടിയത് അവിടെ ആയി പോയി. ഞാനെത്ര ഭാഗ്യവാൻ. എനിക്ക് DA യും Surrender ഉം Pay Rev Arrear ഉം മാത്രം. അവന്റെ ജിവിതം തന്നെ നായ നക്കിയതു പോലായി.

**സൂത്രധാരൻ** : മാന്യമിത്രങ്ങളെ ഇതൊരു നാടക കഥ മാത്രമാണ്. ചിലപ്പോൾ നിങ്ങളിലൊരാൾ യാത്രകളിൽ കേട്ടിരിക്കാവുന്നത് പക്ഷെ ഞാനിത് ഒരിടത്തു നിന്നും കേട്ടതല്ല. ഇനി കേൾക്കരുത് എന്ന് ആഗ്രഹിക്കുന്നതാണ്. ഇതൊന്നും സത്യമാവാതിരിക്കട്ടെ. എനിക്കും നിങ്ങൾക്കും ചുറ്റുമുള്ള മനുഷ്യർ സ്വയം ചിന്തിക്കട്ടെ അതിന് ഈ കവി വചനം നമുക്ക് പാഠമാവട്ടെ.........

''മാറ്റുവിൻ ചട്ടങ്ങളെ സ്വയം – അല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ''

സൂത്രധാരൻ വിട ചൊല്ലുന്നു.

*തയ്യാറാക്കിയത് : പി.എസ്.സി.ഇ.എ.*

---



# ലഹരി




ഷാജി.എ

ലഹരി പൂക്കുന്നു നാട്ടിൽ
പുലരിയിൽ പോലും
ലഹരിയാണെന്നും
കരളില്ല കനിവില്ല
കരുണയില്ല നാട്ടിൽ
കുരുന്നുകൾ ലഹരിക്കടിമ-
യായി തീരുന്നു നാട്ടിൽ
ചുടുചോര നുണയുന്നു
കാട്ടാള വർഗ്ഗം
കണ്ടിട്ടും കാണാത്ത
അധികാരി വർഗ്ഗം

വഴിയോരങ്ങളിൽ തളർന്ന്
വീഴുന്നു കുമാരസ്വപ്നങ്ങൾ
കരയാതിരിക്കാൻ ആവില്ല
എനിക്കെന്റെ നാടിന്റെ
ദുർഗതി ഓർത്ത്
നമുക്കിനി ഉണർന്നിരിക്കാം
കുരുന്നുകൾക്ക് രക്ഷയേകാം
ഇന്നീ ബാല്യങ്ങൾക്ക്
സ്നേഹത്തിരി തെളിക്കാൻ
നമുക്കീ നല്ല നാളെയുടെ
പുതുവെളിച്ചമാകാം

യാത്രാവിവരണം



Maiden Tower in Baku City

# ഒരല്പം അസർബൈജാൻ എടുക്കട്ടെ



രാജേഷ് കൃഷ്ണൻ

**2022** ലെ ഒരു പ്രവൃത്തിദിനം. ഭൗതിക ശരീരം സെക്ഷനിലും ആത്മാവ് മറ്റെവിടെയോ പറന്നു നടന്നുകൊണ്ടുമിരിക്കുമ്പോൾ അതാ ഒരു കോൾ. കുര്യൻ സാർ ആണ്. '2023 ലെ കലണ്ടർ കിട്ടിയിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ ലേശം ചുവപ്പ് കൂടുതലാണ്... നാലു ദിവസം അവധി എടുത്താൽ രണ്ടാഴ്ച എങ്ങോട്ടെങ്കിലും പോകാം.. നീ കാന്റീനിലോട്ട് വാ..' ഒരിക്കലും തീരാത്ത കണക്കു എഴുതിക്കൊണ്ടിരുന്ന കാന്റീൻ മാനേജറിനെ കൊണ്ട് രണ്ടു നാരങ്ങാ വെള്ളവും എടുപ്പിച്ചു, ആയതും നുണഞ്ഞു കൊണ്ട് അസർബൈജാൻ ജോർജിയ അർമേനിയ യാത്ര പ്ലാനിംഗ് തുടങ്ങി. അങ്ങനെ പല ദിവസങ്ങളായി, ഒട്ടനവധി നാരങ്ങാ വെള്ളങ്ങൾക്കും വാദ പ്രതിവാദങ്ങൾക്കും ഒടുവിൽ യാത്ര പ്ലാൻ തയ്യാറായി. പക്ഷെ ചെറിയൊരു പ്രശ്നം.

അസർബൈജാനും അർമേനിയയും, പഴയ സോവിയറ്റു റഷ്യയുടെ ഭാഗവും, അയൽ രാജ്യങ്ങളും ആണെങ്കിലും, അവർ പരസ്പരം നയതന്ത്ര ബന്ധം ഇല്ല. അസർബൈജാനിൽ ചെന്നാൽ അർമേനിയയെക്കുറിച്ചും, തിരിച്ചും മിണ്ടാൻ പാടില്ല. അത്രയ്ക്ക് വിരോധമാണ് പരസ്പരം. അതിനു കാരണമോ, Nagorno-Karabakh എന്ന പ്രദേശം. അർമേനിയൻ വംശജർ

ഭൂരിപക്ഷമുള്ള ഇവിടം സോവിയറ്റ് യൂണി യന്റെ കാലത്തു അസർബൈജാന് നൽകി, സ്വയം ഭരണ പ്രദേശം ആയി നിലനിർത്തി. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ശേഷം അർമേനിയയിൽ ലയിക്കുന്നതിനായി Nagorno-Karabakh ലെ ജനങ്ങൾ വോട്ട് ചെയ്തെങ്കിലും, അസർബൈജാൻ അത് നിരാകരിച്ചു. ഇതേ തുടർന്ന് 1991-ൽ ഇരു രാജ്യങ്ങൾ തമ്മിൽ യുദ്ധം ഉണ്ടാകുകയും, അർമേനിയൻ സൈന്യം Nagorno-Karabakh ലെ ഭൂരിപക്ഷ പ്രദേശങ്ങളും കൈവശപ്പെടുത്തുകയും ചെയ്തു.. യുദ്ധത്തിൽ തിരിച്ചടി നേരിട്ട അസർബൈജാൻ, തുർക്കിയുടെ സഹായത്തോടെ തങ്ങളുടെ സൈനിക ബലം ശക്തിപ്പെടുത്തുകയും, 2020 ൽ, നാല്പത്തിനാല് ദിവസങ്ങൾ നീണ്ടു നിന്ന യുദ്ധത്തിൽ Nagorno-Karabakh തിരിച്ചു പിടിക്കുകയും ചെയ്തു. അപ്രതീക്ഷിത ആക്രമണത്തിൽ പിടിച്ചു നിൽക്കാൻ കഴിയാതെ അർമേനിയ കീഴടങ്ങി. നിലവിൽ തുർക്കിയുടെയും റഷ്യയുടെയും കീഴിലുള്ള സമാധാന സേനകളുടെ നിയന്ത്ര ണത്തിൽ ആണ് ഈ പ്രദേശമെങ്കിലും ഇരു രാജ്യങ്ങളും തമ്മിൽ സംഘർഷാവസ്ഥ നിലനി ൽക്കുന്നു.

അസർബൈജാനിൽ നിന്നും അർമേനിയ യിലേക്കോ തിരിച്ചോ യാത്ര അനുവദിക്കില്ല. അതിനിടയിൽ ജോർജിയയിൽ പോയിട്ട് വരാം എന്നായിരുന്നു പ്ലാൻ. പക്ഷെ ജോർജിയക്കാർക്കു ഇന്ത്യക്കാരെ വിശ്വാസം ഇല്ലാത്തതിനാൽ, വിസ കിട്ടണമെങ്കിൽ ചെന്നൈയിലെ എംബസിയിൽ പോയി ഇന്റർവ്യൂ നു പങ്കെടുക്കണം. അതിനുള്ള സമയം ഇല്ല താനും. ജോർജിയയോടുള്ള പ്രതിഷേധം രേഖപെടുത്തികൊണ്ടു, അങ്ങോട്ടേക്കുള്ള യാത്ര ഉപേക്ഷിച്ചു. അസർബൈജാനിൽ നിന്ന് അർമേനിയയിലേക്കു നേരിട്ട് കയറ്റി വിടാത്തതിനാൽ മറ്റേതെങ്കിലും ഒരു രാജ്യത്തു രണ്ടു രാത്രി നിൽക്കേണ്ടി വരും. ഒടുവിൽ ആ ഭാഗ്യം ദുബായിക്ക് കിട്ടി. അങ്ങനെ മൂന്ന് രാജ്യത്തേക്കുമുള്ള വിസ ഓൺലൈനായി അപേക്ഷിച്ചു. മര്യാദക്കാർ ആണെന്ന് അവർക്കു ബോധ്യപ്പെട്ടതിനാൽ രണ്ടാഴ്ചയ്ക്കുള്ളിൽ വിസ ലഭിച്ചു.

കൊച്ചിയിൽ നിന്ന് ദുബായിലേക്കും അവിടുന്ന് കണക്ഷൻ ഫ്ലൈറ്റിൽ അസർബൈജാനിലേക്കും ഉള്ള ടിക്കറ്റും തരപ്പെടുത്തി. പെട്ടിയും പ്രമാണവും എടുത്തു കൊച്ചി വിമാനത്താവളത്തിൽ എത്തി. ഞങ്ങളുടെ ടിക്കറ്റ് കണ്ടതും ബാഗേജ് ചെക്ക് ചെയ്യാനിരു ന്ന തരുണീമണിക്ക് ആകപ്പാടെ സംശയം. നിങ്ങളെന്തിനാ ദുബായിൽ പോയിട്ട് പിന്നെ അസർബൈജാനിൽ പോയിട്ട് പിന്നെ ദുബായി ൽ പോയിട്ട് പിന്നെ അർമേനിയയിൽ പോകുന്നത് എന്നൊരു ചോദ്യവും. അർമേനിയയും അസർബൈജാനും തമ്മിലുള്ള പ്രശ്നങ്ങൾ ഒക്കെ പറഞ്ഞു മനസിലാക്കി അവരെ ബോധ്യപ്പെടുത്തി എമിഗ്രേഷനിൽ എത്തിയപ്പോൾ വീണ്ടും അതേ ചോദ്യം. കഥ പറഞ്ഞു മുഴുമിപ്പിക്കാൻ സമ്മതിച്ചില്ല. പാസ്പോർട്ട് തിരിച്ചു തന്നു, നീയൊക്കെ എവിടെയോ പൊയ്ക്കോ എന്ന് പറയാതെ പറഞ്ഞു അവർ ഞങ്ങളെ യാത്ര ആക്കി.



Baku Airport

ഏപ്രിൽ അഞ്ച്, 2023, ഞങ്ങൾ അസർബൈജാൻ തലസ്ഥാനമായ ബാകൂ വിമാനത്താവളത്തിൽ കാല് കുത്തി. നേരെ Currency Exchange Counter ലക്ഷ്യമാക്കി നടന്നു. ഇവിടുത്തെ കറൻസിയുടെ പേര് Mannat എന്നാണ്. ഏകദേശം അമ്പതു രൂപ കൊടുത്താൽ ഒരു Mannat കിട്ടും. കൂടുതൽ രൂപ കൊടുത്തു കുറച്ചു Mannat വാങ്ങി പുറത്തിറങ്ങി. ഞങ്ങളെ കാത്തു ഞങ്ങളുടെ ഡ്രൈവർ അഹമ്മദ് അവന്റെ ചൈനീസ് നിർമ്മിത കാറുമായി കാത്തു നില്പുണ്ടായിരുന്നു. ചൈനീസ് ഉത്പന്നങ്ങൾ ബഹിഷ്കരിക്കണം എന്ന് ഉണ്ടായിരുന്നെങ്കിലും വേറെ കാറു കിട്ടാത്തതിനാൽ അതിൽ തന്നെ കയറി, വണ്ടി നേരെ ഹോട്ടലിലേക്ക് പോയി. Go room come back in fifteen minutes for city tour എന്ന് ഡ്രൈവർ. റൂമിൽ കയറി ഫ്രഷ് ആയി നേരെ ഒരു കൊച്ചു സിറ്റി ടൂറിനായി പുറപ്പെട്ടു.

പുറത്തു നല്ല തണുപ്പ് ആണ്. കറുത്ത ജാക്കറ്റും ധരിച്ചു രണ്ടു കയ്യും ജാക്കറ്റിന്റെ പോക്കറ്റിൽ ഇട്ടാണ് ആൾക്കാർ സഞ്ചരിക്കുന്നത്. തണുപ്പ് കാലത്തു പത്തു ഡിഗ്രിക്ക് താഴെയും മാർച്ച് ഏപ്രിൽ മാസങ്ങളിൽ നാൽപതു ഡിഗ്രി

വരെയും താപനില മാറാറുണ്ട്. മലപ്രദേശങ്ങളിൽ മിക്കവാറും മൈനസ് ആണ് താപനില.

സോവിയറ്റ് യൂണിയന്റെ ഭാഗം ആയിരുന്നപ്പോൾ റഷ്യൻ ഭാഷ പഠിക്കുന്നത് നിർബന്ധം ആയിരുന്നു. എന്നാൽ ഇപ്പോൾ കൂടുതലും ആൾക്കാർ ഉപയോഗിക്കുന്നത് അസർബൈജാനി ഭാഷ ആണ്. പുതിയ തലമുറയിൽ ഉള്ളവർക്ക് റഷ്യൻ ഭാഷ പരിചിതമല്ല. രണ്ടും അറിയാത്തതു കൊണ്ട് നമുക്ക് അതൊരു പ്രശ്നമായി തോന്നിയതേ ഇല്ല. ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം കുറവാണ്. ആയതിനാൽ പല സ്ഥലത്തും ഭാഷ പ്രശ്നം നേരിടേണ്ടി വന്നു.



അസർബൈജാന്റെ തലസ്ഥാനമായ Baku നു ചില പ്രത്യേകതകൾ ഉണ്ട്. അസർബൈജാനിലെ ഏറ്റവും വലിയ നഗരമായ Baku, സമുദ്രനിരപ്പിൽ നിന്ന് 28 മീറ്റർ താഴെയാണ് സ്ഥിതി ചെയ്യുന്നത്. സമുദ്രനിരപ്പിനു താഴെ സ്ഥിതി ചെയ്യുന്ന ഏക തലസ്ഥാന നഗരവും, ഏറ്റവും വലിയ നഗരവും എന്ന ബഹുമതി Baku വിനാണ്.

**സോവിയറ്റ് യൂണിയന്റെ ഭാഗം ആയിരുന്നപ്പോൾ റഷ്യൻ ഭാഷ പഠിക്കുന്നത് നിർബന്ധം ആയിരുന്നു. എന്നാൽ ഇപ്പോൾ കൂടുതലും ആൾക്കാർ ഉപയോഗിക്കുന്നത് അസർബൈജാനി ഭാഷ ആണ്.**

അധികം വീതി ഇല്ലാത്ത റോഡുകൾ ആണ് ബാകൂവിൽ. ഒട്ടനവധി കാറുകൾ, എന്നാൽ ഇരുചക്ര വാഹനങ്ങൾ ഇല്ല എന്ന് തന്നെ പറയാം. ഫോർമുല one കാർ റേസിംഗ് മത്സരങ്ങളുടെ ഒരു വേദി ആണ് ബാകൂ. എല്ലാ വർഷവും ഇവിടെ കാറോട്ട മത്സരം നടക്കാറുണ്ട്. പക്ഷെ അതിനായി പ്രത്യേക റേസിംഗ് ട്രാക് ഇല്ല. പകരം നഗരത്തിലെ റോഡുകളിൽ തന്നെ ആണ് ഈ മത്സരം നടക്കുന്നത്.

ആധുനികതയുടെയും പൗരാണികതയുടെയും മിശ്രിതമാണ് ഈ നഗരം. റഷ്യൻ ഭരണ കാലത്തുള്ള, തീപ്പെട്ടി കൂടുകൾ പോലെയുള്ള കൂറ്റൻ അപ്പാർട്മെന്റ് സമുച്ചയങ്ങളും, ആധുനിക വാസ്തുവിദ്യ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളും ഇവിടെ കാണാം.

വണ്ടി നേരെ ഒരു പാർക്കിൽ എത്തി. ബാകൂവിലെ ഉയർന്ന പ്രദേശത്തു സ്ഥിതി ചെയുന്ന ഒരു പാർക്ക് ആണ് Highland Park. ഇവിടെ നിന്നു തണുത്ത കാറ്റിന്റെ തഴുകൽ ഏറ്റു, ചൂട് ചായയുടെ മാധുര്യം ആസ്വദിച്ചു, കാസ്പിയൻ സമുദ്രത്തിന്റെ കരയിൽ വ്യാപിച്ചു കിടക്കുന്ന നഗരം കാണുവാൻ പ്രത്യേക സുഖം ആണ്. അതിനടുത്താണ്, വിശാലമായ നഗരത്തിൽ തലയെടുപ്പോടെ നിൽക്കുന്ന മൂന്ന് Flame Tower. പേര് സൂചിപ്പിക്കുന്ന പോലെ തീ നാളങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ കെട്ടിടങ്ങൾ. രാത്രിയിൽ, ടവറുകളിൽ ഉള്ള പ്രകാശ സംവിധാനങ്ങൾ കാരണം, അക്ഷരാർത്ഥത്തിൽ



View of Baku from Highland Park



Flame Tower

തീ നാളങ്ങൾ ആയി മാറും.

നഗരം ചുറ്റി ഒടുവിൽ ഹോട്ടലിന്റെ മുന്നിൽ ഇറക്കി വിട്ട് നാളെ കാണാം എന്ന വാഗ്ദാനവും നൽകി അഹമ്മദ് പോയി. റൂമിൽ കയറിയപ്പോഴാണ് വിശപ്പെന്ന വികാരം തലപൊക്കിയത്. ഫ്ലൈറ്റിൽ നിന്ന് ലഭിച്ച ഭക്ഷണത്തിനു ശേഷം പിന്നൊന്നും ആമാശയത്തിലേക്കു യാത്ര തിരിച്ചിട്ടില്ല. ഭക്ഷണത്തിനു എന്ത് ചെയ്യും എന്ന് ആലോചിച്ചു. തണുപ്പായതിനാലും രാത്രി ആയതിനാലും പുറത്തിറങ്ങേണ്ട എന്ന് തീരുമാനിച്ചു. റൂമിൽ കോഫിമേക്കറും Instant coffee mix ഉം ഉണ്ട്. ഉള്ളത് കൊണ്ട് ഓണം പോലെ എന്ന് മനസ്സിൽ കരുതി കാപ്പി കുടിച്ചു ഉറങ്ങാൻ കിടന്നു.

പ്രഭാതം. രാവിലെ ഹോട്ടലിൽ Complimentary Buffet Breakfast ഉണ്ട്. പലതരം പച്ചക്കറികളും പഴങ്ങളും ആണ് കൂടുതലും. മുട്ട, പാൽ വിഭവങ്ങളും ഉണ്ട്. പിന്നെ പഴച്ചാറുകളും. ഏകദേശം വയർ നിറച്ചു, കുറച്ചു instant coffee powder പാക്കറ്റുകൾ അടിച്ചു മാറ്റി പോക്കറ്റിൽ ഇട്ട്, ചൈന കാറിൽ കയറി. പുരാതന ബാകൂ നഗരത്തിലോട്ടാണ് ആദ്യ യാത്ര.

അതി പുരാതനമായ ഒരു നഗരമാണ് Baku. പുരാതനമായ കെട്ടിടങ്ങളും തെരുവുകളും ഉൾപ്പെട്ട Old City യിലൂടെ നടന്നാൽ അതിമനോഹരമായ കെട്ടിടങ്ങൾ കാണാം. കല്ല് പാകിയ നിരത്തുകളും, പടിക്കെട്ടുകളും പാർപ്പിടങ്ങളും, പള്ളികളും Old City യിൽ ഉൾപ്പെടുന്നു. നഗരത്തെ സംരക്ഷിക്കുവാനായി ഒരു കോട്ട മതിലും, അതിൽ പലയിടത്തായി പീരങ്കികളും സ്ഥാപിച്ചിരുന്നു. കോട്ടമതിൽ പൂർണമായും ഇപ്പോൾ ഇല്ല. എങ്കിലും അതിന്റെ ഭാഗങ്ങൾ പലയിടത്തായി കാണുവാൻ സാധിക്കും.

Old City യിലെ ഒരു പ്രധാന കെട്ടിടമാണ് Maiden Tower. പ്രത്യേക ആകൃതിയിൽ പണി കഴിപ്പിച്ചിരിക്കുന്ന ഇത്, ബാകൂവിലെ ആദ്യ കെട്ടിടമായി ആണ് കണക്കാക്കപ്പെടുന്നത്. എന്തിനു വേണ്ടി ആണ് ഈ കെട്ടിടം ഉപയോഗിച്ചിരുന്നത് എന്നോ ആരാണ് ഇത് പണി കഴിപ്പിച്ചത് എന്നോ ഇത് വരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ശത്രുക്കൾ Old City ആക്രമിച്ചപ്പോൾ തീ ജ്വാലകൾ, മുടിയിഴകളായുള്ള ഒരു സുന്ദരി പ്രത്യക്ഷപ്പെട്ടു ശത്രുക്കളെ കീഴടക്കി എന്നും, ആ സുന്ദരിക്ക് വേണ്ടി പണി കഴിപ്പിച്ചതാണ് ഈ കെട്ടിടം എന്നും, അഗ്നിയെ ആരാധിക്കുന്ന ക്ഷേത്രമായിരുന്നു എന്നും, അതല്ല ജ്യോതിശാസ്ത്രം പഠിക്കുവാനുള്ള സ്ഥലം ആയിരുന്നു എന്നും പല വാദങ്ങൾ ഉണ്ട്.

പതിനൊന്നാം നൂറ്റാണ്ടിൽ ഈ നഗരം Shirvan-Shah എന്ന രാജ വംശത്തിന്റെ കീഴിൽ ആയി. അവർ അവിടെ ഒരു കൊട്ടാരവും പണിതു. മംഗോൾ, പേർഷ്യൻ രാജവംശങ്ങൾ കൈക്കലാക്കിയ ഈ നഗരം ഒടുവിൽ റഷ്യൻ സാമ്രാജ്യം കൈവശപ്പെടുത്തി.

നഗരം വികസിക്കുവാൻ തുടങ്ങിയതോടെ കോട്ട മതിലുകൾ പൊളിക്കുവാൻ തുടങ്ങി. പതുക്കെ പതുക്കെ Old City യുടെ ചുറ്റുമുള്ള പ്രദേശങ്ങൾ, യൂറോപ്യൻ ഗോഥിക് വാസ്തു വിദ്യ

കളുടെ സ്വാധീനമുള്ള കെട്ടിടങ്ങൾ ഉയരുവാൻ തുടങ്ങി. അത്തരത്തിലുള്ള ഒരു തെരുവാണ് Nizami Street. Nizami Ganjavi എന്ന പേർഷ്യൻ കവിയുടെ പേരിൽ അറിയപ്പെടുന്ന ഈ തെരുവിന്റെ ഇരുവശവും മനോഹരമായ കെട്ടിടങ്ങൾ ആണുള്ളത്. കെട്ടിടങ്ങളുടെ താഴത്തെ നിലകൾ കടകൾ ആണ്. മുകളിലത്തെ നിലകളിൽ വീടുകളും ഉണ്ട്. ഷോപ്പിങ്ങിനും, വെറുതെ കാഴ്ചകൾ കാണുന്നതിനുമായി ഇപ്പോഴും ഇവിടെ ആളുകൾ ഉണ്ടായിരിക്കും. നമ്മുടെ നാട്ടിൽ കടത്തിണ്ണകളിൽ ഇരുന്നു പരദൂഷണം പറയുന്ന ആളുകളെ പോലുള്ളവരെ ഇവിടെയും കാണാം. പ്രാവുകൾക്ക് ഭക്ഷണവുമായി നിൽക്കുന്ന ചിലരുണ്ട്. അവർ എറിഞ്ഞുകൊടുക്കുന്ന ധാന്യമണികൾ കൊത്തി തിന്നുവാൻ കൂട്ടത്തോടെ പ്രാവുകൾ വരുമ്പോൾ അതിനിടയിൽ നിന്ന് ഫോട്ടോ എടുക്കുവാൻ വരുന്നവരോട് കാശും ചോദിക്കുന്നുണ്ട്.

വിവിധതരം nuts, ഗ്രാമ്പൂ എന്നിവ സിറപ്പിൽ ചേർത്ത് മാവിൽ മുക്കി പൊരിച്ചെടുക്കുന്ന Baklava എന്ന മധുരപദാർത്ഥം ഇവിടെ പ്രസിദ്ധമാണ്. അത് വിൽക്കുന്ന പല കടകളും ഈ തെരുവിൽ കാണുവാൻ സാധിക്കും. അതിലൊരു കടയിൽ അതിന്റെ സാമ്പിൾ രുചിച്ചു നോക്കാൻ കൊടുക്കുന്നുണ്ട്. ഞങ്ങളും കൈ നീട്ടി. സംഭവം കൊള്ളാം.. വീണ്ടും വാങ്ങി... വാങ്ങലുകളുടെ എണ്ണം കൂടിയപ്പോൾ കടയുടമ എണീറ്റു. ഇന്ത്യയും അസർബൈജാനും തമ്മിലുള്ള ബന്ധം വഷളാക്കണ്ട എന്ന ഒറ്റ കാരണത്താൽ ഞങ്ങൾ പിന്തിരിഞ്ഞു.

ഞങ്ങളുടെ സാംപ്ലിങ് കണ്ടിട്ടാണ് എന്ന് തോന്നുന്നു, ഭക്ഷണശാലയിലേക്കു പോകാമോ എന്ന് അഹമ്മദ് ചോദിച്ചു. എന്നാൽ അങ്ങനാകട്ടെ എന്ന് ഞങ്ങൾ. സാമാന്യം ഭേദപ്പെട്ട ഒരു അസർബൈജാനി ഹോട്ടലിലേക്ക് വണ്ടി കയറ്റി. ഹോട്ടൽ മുതലാളിക്ക് ഞങ്ങളെ പരിചയപ്പെടുത്തി. നിങ്ങൾ ഏതു രാജ്യക്കാർ ആണെന്ന് അയാൾ. ഇന്ത്യക്കാർ ആണെന്ന് മറുപടി പറഞ്ഞ ഉടൻ ഒരു ഇന്ത്യൻ പതാകയും അസർബൈജാനി പതാകയും മേശപ്പുറത്തു വയ്ച്ചു മെനു കാർഡും തന്നു. പുതുതായി ജോയിൻ ചെയ്ത അസിസ്റ്റന്റിനെ കയ്യിലെ PSC Manual പോലെ ആയതു തിരിച്ചും മറിച്ചും നോക്കി, കേൾക്കാൻ കൊള്ളാവുന്ന പേരുള്ള ഒരു ഐറ്റം തൊട്ടു കാണിച്ചു. വന്നത് ഫ്രൈഡ് റൈസും കോഴി കാലും. അത് കഴിഞ്ഞു ബില്ലും, അപ്പുറത്തെ ടേബിളിലെ ജപ്പാൻകാരി കൊടുത്ത വമ്പൻ ടിപ്പും വാങ്ങി, ഇന്ത്യക്കാരുടെ കയ്യിൽ നിന്ന് ടിപ്പും പ്രതീക്ഷിച്ചു Waiter ഉം വന്നു. ബില്ല് കാശു മാത്രം വയ്ച്ചു ഇറങ്ങുമ്പോൾ അസർബൈജാനി ഭാഷയിൽ അവർ എന്തോ പറയുന്നുണ്ടായിരുന്നു.

*(തുടരും)*



Nizami Street

# അടരുവാൻവയ്യെനിക്ക് നിന്നിൽ നിന്നും..



ലളിത എസ്.

കഥ



സന്ധ്യാദീപം തെളിച്ചു കഴിഞ്ഞ് ടി വി കണ്ടുകൊണ്ടിരിക്കുമ്പോഴാണ് വാതിലിനടുത്ത് ഒരു ചലനം പോലെ തോന്നിയത്. തിരിഞ്ഞു നോക്കുമ്പോൾ ഒരു കൊച്ചു പയ്യൻ കയ്യിൽ ഒരു സഞ്ചിയും തൂക്കിപിടിച്ച് നിൽക്കുന്നു. എന്നെ നോക്കി അവൻ ചെറുതായി ചിരിച്ചു..ഞാനും അവനെ നോക്കി ചിരിച്ചു..

എന്തേ വന്നത്? 'ഞാൻ ചോദിച്ചു

അവൻ മിണ്ടുന്നില്ല..

ടിവി നോക്കി നിൽപ്പാണ്

'ടിവി കാണാനാണോ?'..

ഞാൻ വീണ്ടും ചോദിച്ചു

അവൻ പിന്നെയും ഒന്നും മിണ്ടിയില്ല. 'അകത്തേക്ക് കയറിയിരിയ്ക്കു'.

ഞാൻ കസേരയിലേക്ക് ചൂണ്ടി പറഞ്ഞു അവൻ പതിയെ അകത്തു കയറി കസേരയിലിരുന്നു.

'പേരെന്താ?

'എവിടെയാ വീട്?'

പിന്നെയും അവനൊന്നും മിണ്ടിയില്ല.

അവന്റെ കൈയിലെ സഞ്ചി പിടിച്ച് ഞാൻ വീണ്ടും ചോദിച്ചു 'കടയിൽ പോകാൻ വന്നതാണോ?'

അവൻ തല കുലുക്കി...

അതെ എന്നോ അല്ല എന്നോ ആയിരിക്കാം എന്ന് തോന്നി.

'ഏത് ക്ലാസിൽ പഠിക്കുന്നു?'

എന്റെ കൗതുകം അവസാനിക്കുന്നില്ല.

അവൻ ഒന്നിനും ഉത്തരം പറഞ്ഞില്ല. പക്ഷേ എന്നെ നോക്കി ചിരിക്കുന്നുണ്ട്. ഒടുവിൽ എനിക്ക് മനസ്സിലായി അവൻ മിണ്ടില്ല.

അങ്ങനെയുള്ള കുട്ടിയാണ്. കഷ്ടിച്ച് ഏഴോ

എട്ടോ വയസ്സുകാണും.

ടിവിയിലേക്ക് നോക്കി ഒരേ ഇരിപ്പാണ്.

നേരം ഇരുട്ടുന്നുണ്ട്.

ഞാൻ ആംഗ്യഭാഷയിൽ വീണ്ടും അവനോട് ചോദിച്ചു

'നിനക്ക് പോവണ്ടേ?'

പുറത്തേക്ക് ചൂണ്ടി 'ഇരുട്ടായി '

എന്ന് കാണിച്ചുകൊടുത്തു.

'ഒറ്റയ്ക്ക് പോകുമോ?'

എന്നൊക്കെ ഞാൻ അവനോട് ചോദിക്കാൻ ശ്രമിച്ചു..

എന്നെ അതിശയിപ്പിച്ചുകൊണ്ട് അവൻ എന്നോട് ആംഗ്യഭാഷയിൽ ഭക്ഷണം തരുമോ എന്ന് ചോദിച്ചു.

ഞാനവന്റെ കണ്ണുകളിലേക്ക് നോക്കി.

നിഷ്കളങ്കനായ കുട്ടി അവന്റെ കണ്ണിൽ ആഹാരം കിട്ടും എന്നുള്ള പ്രതീക്ഷയുണ്ട്.

എനിക്ക് സങ്കടം വരുന്ന പോലെ തോന്നി.

ഞാൻ അവനെ കൂട്ടി അടുക്കളയിലേക്ക് പോയി.

പാത്രം എടുത്ത് ചോറും കറികളും അവന്റെ ആവശ്യം അനുസരിച്ച് വിളമ്പി കൊടുത്തു.

അടുക്കളയുടെ ഒരു അരികിലിരുന്ന് അവൻ അത് മുഴുവനും കഴിച്ചു.

ഞാൻ കൂടെയിരുന്നു പാത്രം ഞാൻ കഴുകിക്കോളാം എന്ന് പറഞ്ഞു അവന്റെ കയ്യിൽ നിന്നും വാങ്ങി. സന്തോഷത്തോടെ എന്നെ നോക്കി ചിരിച്ച് സഞ്ചിയും തൂക്കി അവൻ ഇറങ്ങി ഓടി. ഗേറ്റ് കടന്ന് റോഡിൽ ഇറങ്ങുന്നത് നോക്കി ഞാനും നിന്നു. പിന്നെ ഇടയ്ക്കിടയ്ക്ക് അവൻ വരാൻ തുടങ്ങി.

ഇതുപോലെ സന്ധ്യ സമയത്ത് തന്നെയാണ് അവൻ വരുന്നത്. കുറേനേരം എനിക്കൊപ്പം ടിവി കാണും..ടിവിയിൽ കാണുന്നത് അവന് മനസ്സിലാകുന്നുണ്ടോ എന്നൊന്നും എനിക്ക് അറിയില്ല..പക്ഷേ പോകാറാകുമ്പോൾ പ്രതീക്ഷയോടെ അവൻ എന്നെ നോക്കും.

ആ നോട്ടത്തിന്റെ അർത്ഥം എനിക്കറിയാം. അതിനായി ഞാൻ കാത്തിരിക്കും.അവന് ഞാൻ ആഹാരം വിളമ്പും. സന്തോഷത്തോടെ അവനത് കഴിക്കും, ഓടി പോകും. എനിക്ക് അവനെ വളരെ ഇഷ്ടമായി. ഓരോ ദിവസവും അവൻ വരുന്നത് നോക്കി ഞാനിരിക്കും..

മിക്കവാറും ദിവസങ്ങളിൽ അവൻ വരും.

അവന്റെ പേര്, വീട് ഒന്നും എനിക്കറിയില്ല. പിന്നെ അതൊട്ട് ചോദിച്ചുമില്ല.

കുറച്ചു ദിവസങ്ങൾക്ക് ശേഷം അവനെ കാണുന്നില്ല.. അവൻ വരാതായി. സ്ഥിരമായി വരാതായപ്പോൾ ഞാൻ അന്വേഷിച്ചു. ആരായിരുന്നു എന്തായിരുന്നു എന്നൊക്കെ. അപ്പോഴാണ് അറിഞ്ഞത് അവന്റെ അച്ഛൻ മദ്യത്തിന് അടിമപ്പെട്ടു പോയ ഒരാൾ ആയിരുന്നു. എന്നും സന്ധ്യയ്ക്ക് വീട്ടിലുള്ള വഴക്കും ബഹളവും കാരണം അവൻ രക്ഷപെട്ടിറങ്ങിയിരുന്നതാണ്. മിക്ക ദിവസവും എന്റെ അടുത്ത് വരാനുള്ള കാരണം.

പക്ഷേ ലഹരിക്കടിമപ്പെടൽ എന്നാൽ മനുഷ്യത്വമില്ലാതാകൽ എന്നുകൂടി അർത്ഥം ഉണ്ടല്ലോ.

അങ്ങനെയുള്ള ഒരു ശപിക്കപ്പെട്ട നിമിഷത്തിലാണ് അയാൾ തന്നെ ആ കുഞ്ഞിന്റെ ഘാതകൻ ആയത്.

എനിക്കത് താങ്ങാൻ ആവുന്ന ഒരു വാർത്ത ആയിരുന്നില്ല. സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. എന്റെ നെഞ്ചുവേദനിക്കുന്ന പോലെ തോന്നി.

നിഷ്കളങ്കനായ കുട്ടിയും അവന്റെ ചിരിയും ആഹാരം കഴിച്ച് കഴിഞ്ഞുള്ള അവന്റെ സംതൃപ്തിയോടെയുള്ള നോട്ടവും എന്റെ ഉള്ളിൽ ഒരു വിങ്ങലായി നൊമ്പരമായി ഇന്നും നിറഞ്ഞു നിൽക്കുന്നു..

എന്തിനായിരുന്നു അവൻ എന്റെ അടുത്തേക്ക് തന്നെ ഓടിയെത്തിയത്? എന്തിനായിരുന്നു ഹൃദയത്തിൽ ചേക്കേറി കൂടുകൂട്ടിയിട്ട് ഒന്നും മിണ്ടാതെ പറന്നകന്നത്?

ഒരു പക്ഷെ അല്പനേരത്തേയ്ക്കെങ്കിലുമുള്ള ഒരു സുരക്ഷിത ഇടം എന്ന് അവനു തോന്നിയിട്ടുണ്ടാകാം.

ഒരു നേരത്തെ ആഹാരം അവന്റെ പ്രതീക്ഷയായിരുന്നിരിക്കാം.

അവനു സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ചിലപ്പോൾ എന്നോട് പറയുമായിരുന്നിരിക്കാം.

എല്ലാം പറയാൻ കഴിഞ്ഞെങ്കിലെന്ന് അവൻ ആഗ്രഹിച്ചിരുന്നിരിക്കാം.

മനുഷ്യർക്കിടയിൽ ഇങ്ങനെയും ചില ഹൃദയബന്ധങ്ങൾ പ്രകൃതിചേർത്ത് വയ്ക്കും. മനുഷ്യരാണ് നാമെല്ലാം....മനുഷ്യത്വം മറക്കരുതെന്ന് ഓർമ്മപ്പെടുത്താൻ...



കവിത

# ചത്ത മീനുകൾ



വനജ പി.

ചത്ത മത്സ്യങ്ങളുടെ
നാറ്റമാണിവിടെ.
മൂക്കുപൊത്തിക്കൊണ്ടു
കാര്യം പറഞ്ഞിടാം.
'വേദിയിലുള്ളവൻ
സൂര്യനായീടണം.
ചുറ്റുമുള്ളോർക്കായി
വെട്ടം പരത്തണം.
കുറ്റാരോപിതരെന്ന
പ്രതികളെ, കേൾക്കുക:
നിരപരാധിത്വം തെളിയും
വരേയ്ക്കും
സ്ഥാനമില്ലിവിടെ,
നിൽക്കണം ദൂരെ.
സ്ത്രീപീഡകനെങ്കിൽ
തീണ്ടാപ്പാടകലെ.'
പുച്ഛച്ചിരിയോടെ
പുതിയ നേതാവ്
പുരികം ചുളിച്ചിട്ടു
മൊഴിയുന്നു ധീരം.

സ്ത്രീപീഡനങ്ങൾ
'വെറുമൊരു ചായകുടി
എന്നല്ലേ പണ്ടൊരു
നേതാവു ചൊല്ലിയത്?
ആ വഴിയിലേയ്ക്കിന്ന്
വളരുകയാണ് നാം.
അറുപിന്തിരിപ്പനാം
ആശയങ്ങൾ വേണ്ട.
പറയുന്നതു കേട്ടിട്ട-
നുസരിച്ചാൽ മതി.'
മതത്തിന്നടിമകൾ
പുരോഹിതവർഗ്ഗത്തെ
എപ്രകാരം പണ്ട്
നേതാവായ് കണ്ടുവോ
അപ്രകാരം തന്നെ അനു
സരിയ്ക്കുന്നണികൾ.
സന്തോഷമോടെ,
'ഓ ബ്രോ ' സ്വരത്തോടെ.
സ്ത്രീപീഡന പ്രതി
വേദിയിൽ കയറുന്നു.

പെണ്ണെഴുത്തിൻ പ്രതി
പ്രകാശനം ചെയ്യുന്നു.
ആ കാഴ്ചയിൽ മനം
നൊന്തു ഞാൻ പറയുന്നു.
മിഴികൾ തുറക്കണം,
കാണണം ചുറ്റിലും.
ഒഴുക്കിനോടൊപ്പം
മാത്രം ചലിക്കുന്ന
ചത്ത മീനുകളുടെ
നാറ്റമാണിവിടെ.
വാക്കുകൾ ഔഷധ -
മാക്കുവോർ നമ്മൾ,
കവികൾ വെറും ചെളികൾ
എന്നു കേൾപ്പിക്കരുത്.
നമ്മൾക്കു ചുറ്റും നാം
വൃത്തിയാക്കീടുകിൽ
ഈ നാടിൻ ദുർഗന്ധം
പാടേയകറ്റിടാം


പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ
കേരള പി.എസ്.സി, പട്ടം, തിരുവനന്തപുരം
REG :NO: 267/91
34-ാം
സംസ്ഥാന
സമ്മേളനം
ശിക്ഷക് സദൻ
PSCEA





കേരള പി.എസ്.സി, പട്ടം, തിരുവനന്തപുരം
REG :NO: 267/91
34
സംസ്ഥാന


കേരള പി.എസ്.സി, പട്ടം, തിരുവനന്തപുരം
REG :NO: 267/91
സംസ്ഥാന















34
സംസ്ഥാന
സമ്മേളനം




യാത്രാവിവരണം



അബ്ദുസ്സലാം വി വി

# ചിക്ക് മാംഗളുരിന്റെ ആത്മാവ് തൊട്ടറിഞ്ഞ യാത്രാ വിസ്മയം

**അ**ക്ഷരാർത്ഥത്തിൽ കണ്ണൂർ പി എസ് സി കുടുംബത്തിലെ യാത്രാസ്വാദകരുടെ ഹൃദയം തൊട്ട, 2022 സെപറ്റംബർ മാസത്തിലെ മൈസൂർ യാത്രയുടെ പച്ചപ്പിൽ നിന്നാണ് ചിക്ക് മാംഗ്ളൂർ ടൂർ പാക്കേജിനെ കുറിച്ചുള്ള ചിന്തകൾ മുള പൊട്ടിയത്.2023 സെപ്റ്റംബർ 30 ന് രാത്രി എട്ടേ കാലോടെ ചെറുപുഴയിൽ നിന്നും തുടങ്ങി, പയ്യന്നൂർ, കണ്ണൂർ, മട്ടന്നൂർ എന്നിങ്ങനെ ചെറു കൈവഴികളായി പല ഭാഗത്ത് നിന്നുമായി വന്നെത്തിയ പി.എസ്.സി കുടുംബാംഗങ്ങൾ ഇരിട്ടിയിൽ സംഗമിച്ചപ്പോഴേക്കും അതൊരു ചെറു സാഗരമായി ചിക്ക് മാംഗളൂരെന്ന സ്വപ്ന നഗരിയിലേക്ക് കുതിക്കാൻ സജ്ജമായി കഴിഞ്ഞിരുന്നു.

യാത്രാ പദ്ധതിയുടെ മുഖ്യ സംഘാടകരിൽ ഒരാളായ മാത്യു സാറിന്റെ അഭിസംബോധനയോടെ, 2022 ലെ മൈസൂർ യാത്രയിലൂടെ ഉല്ലാസ യാത്രയുടെ രാജശില്പിയായി കണ്ണൂർ പി എസ് സി കുടുംബാംഗങ്ങളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ പ്രിയപ്പെട്ട രമേശൻ സാർ യാത്രാംഗങ്ങള അഭിവാദ്യം ചെയ്ത് കൊണ്ട് തന്റെ യാത്രാ സങ്കല്പങ്ങളെ കുറിച്ച് മനസ്സ്

തുറന്നപ്പോൾ എല്ലാവരും ഹർഷാരവത്തോടെ അത് ഏറ്റെടുത്തു. തുടർന്ന് യാത്രാംഗങ്ങളുടെ പരസ്പര കുശലാന്വേഷണങ്ങളും നർമ്മ സല്ലാപങ്ങളും. അടുത്ത പുലരിയിലേക്കുള്ള മാനസികമായ തയ്യാറെടുപ്പെന്നോണം അധികം വൈകാതെ തന്നെ, ബസ്സിൽ മുഴങ്ങി കേട്ട ഒരു നേർത്ത സംഗീതത്തിന്റെ താളത്തിലേക്ക് മിക്കവരും നിദ്രയിലേക്ക് ചെരിഞ്ഞു.

രാവിലെ ആറേമുപ്പതോടെയാണ് ഞങ്ങൾ ചിക്ക് മാംഗ്ളൂർ നഗരത്തിലെത്തി ചേർന്നതെങ്കിലും അതിനകം തന്നെ മനസ്സ് കൊണ്ട് പലരും സ്വപ്ന തേരിലേറി ഏറെ ദിവസങ്ങളായി ചർച്ചകളിലും ചിന്തകളിലും നിറഞ്ഞ് നിന്നിരുന്ന ചിക്ക് മാംഗ്ളൂരെന്ന സ്വപ്ന ഭൂവിൽ എത്തി ചേർന്നിട്ടുണ്ടാവണം.

ചിക്ക് മാംഗ്ളൂർ നഗരത്തിൽ നേരത്തെ പറഞ്ഞ് ഏർപ്പാട് ചെയ്തിരുന്ന അത്യാവശ്യ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി എല്ലാവരും കുളിച്ചൊരുങ്ങി വന്നപ്പോഴേക്കും സമയം രാവിലെ 8.30. തുടർന്ന് സ്വാദിഷ്ടമാർന്ന ഒരു പ്രാതൽ. ദോശയും പൂരിയും ഇഡ്ലിയും ഉപ്മാവുമുൾപ്പടെയുള്ള വൈവിദ്ധ്യമാർന്ന വിഭവങ്ങൾ. ഞങ്ങളുടെ രുചി സങ്കല്പങ്ങളെ തന്നെ അട്ടിമറിക്കുന്ന രീതിയിൽ ഓരോന്നും ഒന്നിനൊന്ന് മെച്ചം. ശരിക്കും മനസ്സറിഞ്ഞ് കഴിച്ചു.

ചിക്ക് മാംഗളൂർ യാത്രയിലെ ഏറ്റവും പ്രധാന ആകർഷണ കേന്ദ്രമായ മുള്ളയാനഗിരി 'Z' പോയിന്റിലെത്താൻ ചിക്ക് മാംഗളൂർ ടൗണിൽ നിന്നും 26 കിലോ മീറ്ററോളം ദൂരം സഞ്ചരിക്കണം. ഇടുങ്ങിയ റോഡുകളായതിനാൽ ഇത് വഴി ബസ് യാത്ര അനുവദനീയമല്ല. അത് കൊണ്ട് തന്നെ മൂന്ന് ബാച്ചുകളായി ക്രൂയിസർ ജീപ്പിലായിരുന്നു തുടർന്നങ്ങോട്ടുള്ള ഞങ്ങളുടെ യാത്ര. തുടക്കം മുതൽ തന്നെ പ്രകൃതി രമണീയമായ അന്തരീക്ഷം. മുന്നോട്ട് പോകുന്തോറും തുടക്കത്തിൽ അനുഭവപ്പെട്ട ഇളം വെയിൽ മാറി അന്തരീക്ഷം തണുത്ത് തുടങ്ങിയിരുന്നു. വഴിയോരങ്ങളിൽ ചെറിയ ചെറിയ കവലകളും ചെറിയ കെട്ടിടങ്ങളും മാത്രം. നമ്മുടെ നാട്ടിൻ പുറങ്ങളിൽ പോലും കൃഷിയിടങ്ങളെല്ലാം കോൺക്രീറ്റ് പാടങ്ങളായി മാറുന്ന ഈ കാലത്ത് ഇത് വേറിട്ട ഒരനുഭവമായി മാറി. ചെങ്കുത്തായ പാതകൾ താണ്ടി വീണ്ടും മുന്നോട്ട് പോയപ്പോൾ റോഡിന് ഇരുവശവും കണ്ണെത്താ ദൂരത്തോളം പരന്ന് കിടക്കുന്ന താഴ്‌വാരങ്ങൾ. അവിടെ കാപ്പി തോട്ടങ്ങളുടെ നീണ്ട നിരകൾ, പേരറിയാത്ത മറ്റനേകം വൃക്ഷലതാദികൾ..

ആകപ്പാടെ പച്ചില ചാർത്തണിഞ്ഞൊരുങ്ങി നിൽക്കുന്ന പ്രകൃതി ദൃശ്യങ്ങൾ കണ്ടപ്പോൾ പണ്ടെന്നോ സ്ക്കൂൾ ക്ലാസുകളിൽ കേട്ടു മറന്ന

'മലരണിക്കാടുകൾ തിങ്ങി വിങ്ങി,

മരതക കാന്തിയിൽ മുങ്ങി മുങ്ങി........'

എന്ന മലയാളത്തിന്റെ ഗ്രാമഭംഗിയെക്കുറിച്ചുള്ള ചങ്ങമ്പുഴയുടെ അനശ്വരമായ കവിതാശകലങ്ങളാണ് മനസ്സിൽ മിന്നി മറഞ്ഞത്. മുള്ളയൻ ഗിരിയിലെ 'Z' പോയിന്റിലേക്ക് അടുക്കുന്തോറും താഴ്‌വാരങ്ങളിലെ വൃക്ഷലതാദികളൊക്കെ മൂടൽ മഞ്ഞിൽ പുതഞ്ഞ് ഒളിച്ചിരിക്കുന്നത് പോലെ തോന്നി. റോഡിലെ തിരക്ക് കാരണം ഒരു പാട് നേരം പല ഭാഗങ്ങളിലായി വാഹനം നിർത്തിയിടേണ്ടി വന്നെങ്കിലും സഞ്ചാരികൾക്ക് അതൊരു മുഷിപ്പായി അനുഭവപ്പെടുന്നുണ്ടായിരുന്നില്ല, അത്രയേറെ മനോഹരമായിരുന്നു റോഡിന്റെ ഇരുവശവുമുള്ള പ്രകൃതിയിലെ ദൃശ്യ വിസ്മയങ്ങൾ. പുറത്തെ കാഴ്ചകളിൽ അലിഞ്ഞ് ചേർന്ന് ആടിയും പാടിയും ആർപ്പുവിളികളായും യാത്രയിലെ ഈ ഇടവേളകൾ ഞങ്ങളും ശരിക്കും ആസ്വദിച്ചു.

സമുദ്ര നിരപ്പിൽ നിന്നും 6317 അടി ( 1925 മീറ്റർ ) ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കർണാടകയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ മുള്ളയാനഗിരിയിലെ 'Z' പോയിന്റിലെത്തിയപ്പോൾ ഏതോ ഒരു വിസ്മയ പറുദീസയായാണ് അനുഭവപ്പെട്ടത്. കണ്ണെത്താ ദൂരത്തോളം മൂടൽ മഞ്ഞ് വ്യാപിച്ചു കിടക്കുന്നു, തറയിൽ കാലൊന്ന് ഉറപ്പിച്ചു നിർത്താൻ പോലും കഴിയാത്ത രീതിയിൽ തണുത്തുറഞ്ഞ കാറ്റ് ആഞ്ഞ് വീശിയടിച്ചു കൊണ്ടിരിക്കുന്നു. കൊടുമുടിയുടെ ഉയരങ്ങളിലേക്ക് പോകുന്തോറും പ്രകൃതി അതിന്റെ രൗദ്ര ഭാവങ്ങൾ പുറത്തെടുക്കുന്നത് പോലെ തോന്നി. അത് വരെ കാവ്യ ഭാവനകളിലും കഥാ സന്ദർഭങ്ങളിലും മാത്രം പറഞ്ഞ് കേട്ട ഏതോ ഒരു മായാ പ്രപഞ്ചത്തിൽ ചെന്ന് പെട്ടത് പോലെയുള്ള ഒരനുഭൂതിയായി മാറി പ്രകൃതിയുടെ വരദാനമായ മുള്ള യൻ ഗിരിയിലെ 'Z' പോയിന്റിൽ ചെലവഴിച്ച ഓരോ നിമിഷവും എന്ന് പറഞ്ഞാൽ ഒട്ടും അതിശയോക്തിയാവില്ല എന്ന് തോന്നുന്നു.

'Z' പോയിന്റിലെ മാറ്റൊരു ആകർഷണ കേന്ദ്രമാണ് ബാബാ ബുധൻ ഗിരി. ബാബാ ബുധൻ എന്നും, ഗുരു ദത്താ ത്രേയ എന്നും അറിയപ്പെടുന്ന സൂഫി വര്യനായ ദാദാ ഹയാത്ത് മിർ കലന്തറിന്റെ വാസസ്ഥലമായിരുന്നു സമുദ്ര നിരപ്പിൽ നിന്നും ആറായിരം അടി ഉയരത്തിലുള്ള ഈ ഗുഹാ ക്ഷേത്രം. യാതൊരു അധിക നിർമ്മിതിയുമില്ലാതെ അത് അതിന്റെ പൗരാണിക തനിമയോടെ സംരക്ഷിച്ചിരിക്കുന്ന അതി മനോഹര കാഴ്ചയാണിത്. ഇന്നും ഹൈന്ദവരും മുസ്ലിങ്ങളും ഒരു പോലെ പുണ്യ

കേന്ദ്രമായി കാണുന്ന ഇന്ത്യയിലെ സമ്മിശ്ര സംസ്കാരത്തിന്റെ ഒരു അടയാള കേന്ദ്രം. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള തമ്മിലടികൾക്കെതിരെയുള്ള ഒരോർമ്മപ്പെടുത്തൽ കൂടിയാണ് ഇത്തരം തിരുശേഷിപ്പുകൾ.

മുള്ളയൻ ഗിരിയിലെ കഫെ ടെന്റിൽ നിന്നും കിട്ടിയ ചുടു ചായ ശീതക്കാറ്റിലും മൂടൽ മഞ്ഞിലും മരവിച്ചു പോയ ഞങ്ങളുടെ കൈകാലുകൾക്ക് പുതിയൊരൂർജ്ജം നൽകി. അല്പം വൈമനസ്യത്തോടെയാണെങ്കിലും ഉച്ചയ്ക്ക് ഒന്നര മണിയോടെയാണ് 'z' പോയിന്റിൽ നിന്നും ഞങ്ങൾ താഴെക്കിറങ്ങാൻ തുടങ്ങിയത്. തുടർന്ന് മുള്ളയൻ ഗിരിയിലെ ഒരിടത്താവളമായ ഷൂട്ടിങ്ങ് പോയിന്റിലിറങ്ങി. അവിടെ നിന്ന് കിലോമീറ്ററുകളോളം വ്യാപിച്ചു കിടക്കുന്ന പ്രകൃതി രമണീയമായ ദൃശ്യ വിസ്മയങ്ങൾ കണ്ട് ആസ്വദിക്കാൻ കഴിഞ്ഞു. അവധി ദിവസമായതിനാൽ മുള്ളയൻ ഗിരിയിലും പരിസര പ്രദേശങ്ങളിലും അനുഭവപ്പെട്ട പതിവിൽ കവിഞ്ഞ തിരക്കിന്റെ അടയാളമായി കിലോമീറ്ററുകളോളം നീണ്ടു കിടക്കുന്ന വാഹനങ്ങളുടെ നിര ഷൂട്ടിങ്ങ് പോയിന്റിൽ നിന്നുള്ള മനോഹര കാഴ്ചയായിരുന്നെങ്കിലും തിരികെയുള്ള യാത്രയെക്കുറിച്ചാലോചിച്ചപ്പോൾ ആശങ്കയായി. എന്നിരുന്നാലും അധികം ബുദ്ധിമുട്ടാതെ ഉച്ചയ്ക്ക് ശേഷം രണ്ടേ കാലോടെ ഉച്ച ഭക്ഷണത്തിനായി കണ്ട് വെച്ച സ്ഥലത്തെത്തി. അല്പനേരം കാത്ത് നിൽക്കേണ്ടി വന്നെങ്കിലും ഉച്ച ഭക്ഷണം ഞങ്ങളുടെ സങ്കല്പത്തിനുമപ്പുറമായിരുന്നു. ചിക്കനും നെയ്ച്ചോറുമാണെന്നറിഞ്ഞപ്പോൾ ചിലർക്കെങ്കിലും ഒരു വിമ്മിഷ്ടമുണ്ടായിരുന്നു. പക്ഷെ ഭക്ഷണം കഴിച്ചു തുടങ്ങിയപ്പോഴേക്കും എല്ലാവരും ഹാപ്പി, അത്രയേറെ സ്വാദിഷ്ടമായിരുന്നു ചോറും കറിയും മറ്റു ചേരുവകളുമെല്ലാം.

സമയ പരിമിതി മൂലം ചിക്ക് മാംഗ്ളൂരിലെ ജാരി വെള്ളച്ചാട്ടം ഉൾപ്പടെയുള്ള ചില കേന്ദ്രങ്ങൾ ടൂർ ചാർട്ടിൽ നിന്നും ഞങ്ങൾക്ക് ഒഴിവാക്കേണ്ടി വന്നു. തിരികെ പോകുന്ന വഴിയിലുള്ള ബേലൂർ ചെന്ന കേശവ ക്ഷേത്രമായിരുന്നു ഞങ്ങളുടെ അടുത്ത ലക്ഷ്യം. അതിനിടയിൽ സിരി നാചർ റസ്റ്റ് എന്ന പേരിൽ അറിയപ്പെടുന്ന ചിക്ക് മാംഗ്ളൂർ നഗരത്തോട് ചേർന്ന് കിടക്കുന്ന സ്റ്റാച്യൂ പോയിന്റിലും അൽപ നേരം ചെലവഴിച്ചു.

ചിക്ക് മാംഗളൂരിൽ ജീപ്പ് ഒഴിവാക്കി ബസിൽ യാത്ര തുടർന്നു. വൈകുന്നേരം അഞ്ചര മണിയോടെ ഞങ്ങൾ ബേലൂർ ചെന്ന കേശവ ക്ഷേത്ര നഗരിയിലെത്തി. ഹൊയ്സാല സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ബേലൂരിൽ യഗാച്ചി നദീ തീരത്ത് വിഷ്ണുവർദ്ധന രാജാവിന്റെ കാലത്ത് എ.ഡി 1117ൽ പണി കഴിപ്പിച്ചതാണ് ഈ ക്ഷേത്രം. മൂന്ന് തലമുറകളിലായി 103 വർഷങ്ങൾ കൊണ്ടാണ് ഈ മനോഹര ക്ഷേത്രത്തിന്റെ പണി പൂർത്തിയാക്കിയത് എന്നാണ് ചരിത്ര സാക്ഷ്യം. 4 പ്രവേശന കവാടങ്ങളും 64 മൂലകളും 48 തൂണുകളുമായുള്ള ഈ ക്ഷേത്ര നിർമ്മിതി ഒരു വിസ്മയ കാഴ്ചയാണ്. പൂർണ്ണമായും കരിങ്കല്ലിൽ പണിതീർത്ത ഈ ക്ഷേത്രത്തിന്റെ ശ്രീകോവിലിനുള്ളിൽ അഞ്ചു തൂണുകളാണ്. ക്ഷേത്ര ചുമരുകളിൽ കാണുന്ന ശില്പ വേലകളും രേഖാ ചിത്രങ്ങളും കൊത്ത് പണികളുമൊക്കെ അത്യാശ്ചര്യകരമാണ്.

നൂതന സാങ്കേതിക വിദ്യകളൊന്നും ഒട്ടും അഭിവൃദ്ധിപ്പെട്ടിട്ടില്ലാത്ത പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇത്തരമൊരു അതി മനോഹര നിർമ്മിതി എങ്ങനെയുണ്ടായി എന്നത് ആരെയും ആശ്ചര്യപ്പെടുത്തും. വൈകുന്നേരം 6–45 ഓടെ ബേലൂർ ക്ഷേത്ര സന്നിധിയിൽ നിന്നും ഞങ്ങൾ പടിയിറങ്ങി.

സന്ദർശന കേന്ദ്രങ്ങളുടെ പട്ടിക പൂർത്തിയായതോടെ വിസ്മയം തീർത്ത കാഴ്ചകളെ കുറിച്ചുള്ള ആസ്വാദന ചർച്ചകളും കലാവിരുന്നുമൊക്കെയായിരുന്നു യാത്രയിലെ അടുത്ത അജണ്ടകൾ.

രേഖീകൃത പാശ്ചാത്തല സംഗീതത്തിന്റെ അകമ്പടിയോടെ എത്തിയ പ്രശാന്തും പ്രഭാകരേട്ടനും, ശുദ്ധ സംഗീതത്തിന്റെ മധുര രാഗവുമായെത്തിയ ഗണേശനും, ഭാവ ഗായകന്റെ റോളിലെത്തി ആടി പാടി മനം കവർന്ന അജയനും മൈസൂർ യാത്രയുടെ ട്രാക്ക് റെക്കോർഡുമായെത്തിയ ഷജിനയും ഒപ്പം



സുഭാഷും, ഷാജി സാറും, ദിനേശനും, പങ്കേച്ചിയും ഗീതേച്ചിയും നിതിനു മൊക്കെ ചേർന്ന് വൈവിദ്ധ്യമാർന്ന രാഗ താള ലയങ്ങളുമായി കലാ വിരുന്ന് വിഭവ സമൃദ്ധമാക്കി. ഇടവേളയിൽ കാവ്യാലാപനവുമായി എത്തിയ ജോബിയും രാജേട്ടനും ഹാസ്യഗാനവുമായി അരങ്ങ് തകർത്ത പ്രശാന്ത് മേലൂരും വേറിട്ട ശബ്ദങ്ങളായി മാറി. നാടൻ പാട്ടിന്റെയും കാവ്യ ശകലങ്ങളുടെയും വശ്യതയാർന്ന ഇടിമുഴക്കവുമായി എത്തിയ മനോജ് കുമാർ ശരിക്കും ശ്രോതാക്കളെ തന്നോടൊപ്പം കൂട്ടി ഒരു നാദ വിസ്മയം തന്നെ തീർത്തു. മൈസൂർ യാത്രയിൽ ആംഗലേയത്തിൽ അരങ്ങേറ്റം കുറിച്ച മാത്യു സാറിന്റെ ഇത്തവണത്തെ ഊന്നൽ സംസ്കൃത ശ്ലോകങ്ങളിലായിരുന്നു. കന്നഡ ഗീതങ്ങളുമായി ഭരതേട്ടനും തന്റെ ബാല്യകാല സ്മൃതികളിൽ നിന്നും ചികഞ്ഞെടുത്ത ഹിന്ദി കുട്ടി കവിതയുമായി ഗ്രീഷ്മ മാധവും കൂടി എത്തിയതോടെ ശ്രോതാക്കൾ ശരിക്കും അമ്പരന്നു.

കലാവിരുന്നിന്റെ കൊട്ടികലാശമായി മാറിയ നൃത്ത ചുവടുകളുടെ അരങ്ങേറ്റം അക്ഷരാർത്ഥത്തിൽ അതിരുകളില്ലാത്ത ആഹ്ലാദാരവങ്ങളുടെ ഒരു വേലിയേറ്റമായി മാറി. ന്യൂജൻ സംഗീതത്തിനൊത്ത് താളം പിടിച്ച് നൃത്ത ചുവടുകൾ ആരംഭിച്ചതോടെ സീറ്റിൽ അധികമാരുമുണ്ടായിയിരുന്നില്ല. ഷാജി സാറും മധു സാറും ഗ്രീഷ്മ മാധവും നിയുക്ത എസ് ഒ ബീന മാധവുമൊക്കെ നൃത്തോത്സുകരായി രംഗത്തെത്തിയത് ആഘോഷങ്ങളിൽ നിന്നും ആർക്കും മാറി നിൽക്കാനാവില്ല എന്ന സന്ദേശം കൂടിയായി. പിന്നീട് അങ്ങോട്ട് എല്ലാവരും ചേർന്ന് ആടി പാടി തകർക്കുകയായിരുന്നു. സീറ്റിലിരുന്നവർ പോലും നൃത്ത ചുവടുകൾക്കനുസരിച്ച് താളം പിടിക്കുന്നുണ്ടായിരുന്നു. പറഞ്ഞറിയിക്കാനാവാത്ത ആഹ്ലാദാരവങ്ങൾ. ഓരോ നൃത്ത ചുവടുകളും അരങ്ങേറി അവസാനിക്കുമ്പോൾ ഒരു പേമാരി പെയ്തൊഴിഞ്ഞ പ്രതീതിയായിരുന്നു.

ഈ ഉല്ലാസ യാത്രയെ എല്ലാ അർത്ഥത്തിലും ആസ്വാദ്യകരവും അവിസ്മരണീയവുമാക്കണമെന്ന കാര്യത്തിൽ ഏറ്റവും കൂടുതൽ നിർബന്ധബുദ്ധി കാണിച്ചത് ജില്ലാ ഓഫീസർ ശ്രീ രമേശൻ സാറാണെന്ന് തോന്നുന്നു. യാത്രയുടെ തുടക്കം മുതൽ തന്നെ ആ ഇടപെടലുകളുടെ ഊഷ്മളത എല്ലാവർക്കും അനുഭവപ്പെട്ടിരിക്കും. കുട്ടിക്കാലത്ത് സ്കൂളുകളിൽ നിന്നും പോയ പഠന യാത്രകളാണ് സാറിന്റെ ഓരോ ഘട്ടത്തിലുമുള്ള പ്രചോദനങ്ങളും ജാഗ്രതയും കണ്ടപ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞ് വന്നത്. ഒരു പക്ഷെ ഈ യാത്രയിലെ ഏറ്റവും സജീവ സാന്നിദ്ധ്യവും അദ്ദേഹം തന്നെയായിരുന്നു. യാത്രയ്ക്കിടയിലെ സൂക്ഷ്മ ചലനങ്ങൾ പോലും ക്യാമറ കണ്ണിലൂടെ ഒപ്പിയെടുക്കാനുള്ള അദ്ദേഹത്തിന്റെ ജാഗ്രത എന്നെ ഏറെ അശ്ചര്യപ്പെടുത്തു കയുണ്ടായി. കാലങ്ങൾ എത്ര കടന്ന് പോയാലും സാറിന്റെ ആ ആൽബതാളുകൾക്ക് നമ്മുടെ ഈ അനശ്വര യാത്രയുടെ കഥകൾ അതിന്റെ ഊഷ്മളതയോടെ പറയാൻ കഴിഞ്ഞേക്കും.

ബേലൂർ ക്ഷേത്രത്തിലെ ശില്പ വേലകളുടെയും കൊത്ത് പണികളുടെയുമൊക്കെ കാണാപുറങ്ങൾ തേടി മാത്യു സാറുമൊത്ത് രമേശൻ സാർ ക്ഷേത്രത്തിന്റെ അകത്തളങ്ങളിൽ ഏറെ നേരം ചുറ്റിക്കറങ്ങുന്നത് കാണാമായിരുന്നു മടക്ക യാത്രയിലെ കലാപ്രകടനങ്ങളുടെ പ്രധാന പ്രചോദന കേന്ദ്രവും രമേശൻ സാർ തന്നെ യായിരുന്നു. കലാവാസനയുടെ ഒരു തരിമ്പെങ്കിലും നമ്മിലുണ്ടെങ്കിൽ അത് എങ്ങിനെയെങ്കിലുംപുറത്ത് ചാടിക്കുന്ന രൂപത്തിലായിരുന്നു അദ്ദേഹത്തിന്റെ ഇടപെടലുകൾ. ജീവിതത്തിലിന്ന് വരെ മൈക്ക് തൊടാത്തവരുടെ കൈകളിൽ പോലും അദ്ദേഹം മൈക്ക് എത്തിച്ചു. യാത്രയിലുടനീളം എല്ലാ കാര്യങ്ങളിലും രമേശൻ സാറോടൊപ്പം സജീവമായി ഇടപെട്ട ഷാജി സാറും മറ്റുള്ളവർക്ക് ഏറെ പ്രചോദനമായി മാറി. പ്രകാശൻ സാർ പറഞ്ഞത് പോലെ ജീവനക്കാരുടെ ഉല്ലാസ വേളകളെ ഉന്മേഷഭരിതമാക്കുന്ന കാര്യത്തിൽ ഷാജി സാറിൽ രാമേശൻ സാറിന്റെ ഒരു പിൻഗാമിയെ പ്രതീക്ഷിക്കാവുന്ന തരത്തിലായിരുന്നു ഈ യാത്രയിലെ അദ്ദേഹത്തിന്റെ സമീപനങ്ങൾ.

കണ്ണൂർ ഓഫീസിൽ നിന്നും സ്ഥലം മാറി പോയവരുടെയും വിരമിച്ച പ്രഭാകരേട്ടൻ ഉൾപ്പടെയുള്ളവരുടെയും സാന്നിദ്ധ്യമായിരുന്നു ചിക്ക് മാംഗളൂർ യാത്രയുടെ ഒരു വൈകാരിക തലം. മൈസൂർ യാത്രയിലൂടെ രൂപപ്പെട്ട കണ്ണൂർ പി.എസ്.സി കുടുംബമെന്ന ഹൃദയ ബന്ധമാണ് അതിന് നിദാനമായത്. ഇക്കാര്യത്തിലും രമേശൻ സാറിന്റെ കൈയ്യൊപ്പ് തെളിഞ്ഞ് കാണാം

ഒന്നര രാവും ഒരു പകലും നീണ്ട് നിന്ന, ജീവിതത്തിൽ ഒരിക്കലും മറക്കാനാ വാത്ത ഒരുപാട് മധുരാനുഭവങ്ങൾ സമ്മാനിച്ച ഈ അനശ്വര യാത്ര ജീവനുള്ള കാലത്തോളം ഒരു കൂളിർ തെന്നലായി മനസിൽ തങ്ങി നിൽക്കും. ഈ യാത്രാനുഭവങ്ങൾക്ക് പാശ്ചാത്തലമൊരുക്കിയ രമേശൻ സാറിനെയും ഒപ്പം നിന്ന ഷാജി സാറിനെയും പ്രശംസാർഹമായ രീതിയിൽ ഇതിന്റെ സംഘാടനം നിർവ്വഹിച്ച മാത്യു സാർ, സുധാകരൻ, അജയൻ, ഗണേശൻ, അതിലെല്ലാമുപരി സജീവമായ പങ്കാളിത്തം കൊണ്ട് ഈ യാത്രയെ ഹൃദ്യാനുഭവമാക്കി മാറ്റിയ പ്രിയ സഹപ്രവർത്തകരെയും ഹൃദയത്തോട് ചേർത്ത് അഭിവാദ്യം ചെയ്യുന്നു....



കഥ



അഭിഷേക്. സി

# അവൾ

**ഇ**ന്ന് വെള്ളിയാഴ്ച്ചയാണ്.. നാളെയും മറ്റന്നാളും സ്കൂൾ അവധിയാണ്.. ഇന്ന് അവളെ കണ്ടില്ലെങ്കിൽ പിന്നെ തിങ്കളാഴ്ചയെ കാണാൻ പറ്റു.. ആ മൂന്ന് ദിവസങ്ങൾ കൊടിയിറങ്ങിയ പൂരപ്പറമ്പ് പോലെ മൂകമുഖരിതമായിരിക്കും.. അതാണ് കൂട്ടുകാർ സിനിമയ്ക്ക് പോകാൻ വിളിച്ചിട്ടും പോകാതെ യൂത്ത് ഫെസ്റ്റിവൽ ആയിട്ട് പോലും സ്കൂളിലേക്ക് പോകണം എന്ന് തീരുമാനിച്ചത്. പൊലിമ തീരെയില്ലാത്ത സ്കൂൾ യൂണിഫോമിൽ മാത്രം എന്നെ കണ്ടിട്ടുള്ള അവളുടെ മുന്നിൽ കളർ ഡ്രസ്സിട്ട് പ്രത്യക്ഷപ്പെടണം... ആ കുപ്പായത്തിന്റെ നിറം അവളുടെ മനസ്സിൽ പതിയണം.. ഉള്ളതിൽ ഏറ്റവും പുതിയ ഷർട്ടും പാന്റ്സും ധരിച്ച് കരുതലോടെ ഒരുങ്ങി സ്കൂളിലേക്ക് തിരിച്ചു. അവളെ ആദ്യമായി കണ്ട നിമിഷം ഓർമ്മയിലേക്ക് വീണ്ടും കടന്നു വന്നു.. എല്ലാ ആകർഷണങ്ങളും ആരംഭിക്കുന്നപോലെ സ്കൂൾ ഇടനാഴിയിൽ വെച്ച് തന്നെയായിരുന്നു അവളെയും ഞാൻ ആദ്യമായി കണ്ടത്.. ഇടനാഴിയിലെ കൈവരിക്കും ചുമരിനും ഇടയിലെ വീതി കുറഞ്ഞ നിരത്തിലെവിടെയോ വെച്ചായിരുന്നു എന്റെ ഹൃദയം അവളുടെ വരവിനനുസരിച്ച് ചരിഞ്ഞു തുടങ്ങിയത്. അന്ന് ആദ്യമായി അവളെ കാണുമ്പോൾ കണ്ണുകൾക്ക് ഒട്ടും അപരിചിതത്വം തോന്നിയില്ല.. ഓർമ്മയുടെ അബോധതലങ്ങളിൽ എവിടെയോ പതിഞ്ഞ്കിടന്ന, പണ്ടെപ്പഴോ നഷ്ടപ്പെട്ടുപോയ കളിക്കൂട്ടുകാരിയുടെ ഇരുണ്ട നിഴലിന് നിറം വെച്ചപോലയെ തോന്നിയുള്ളു.. ഇടനാഴിയുടെ വളവ് കടന്ന് വിദൂരത്തവൾ ആദ്യമായി അന്ന് തെളിഞ്ഞ് വന്നപ്പോൾ കണ്ണ് അവളിലേക്ക് മാത്രമായി ഉടക്കി ഒതുങ്ങാതിരിക്കാനായി മുഖംതാഴ്ത്തി നടന്നു.. അവൾ അടുത്ത് വരും തോറും മുഖം ഇടയ്ക്കിടയ്ക്ക് അനുവാ

ദമില്ലാതെ നിവർന്നു.. ഒരു നിശ്ചിത പരിധി വരെ നിയന്ത്രണം തുടരാനായെങ്കിലും അവൾ അരികിലേക്ക് അടുത്തപ്പോൾ പിന്നെ കണ്ണ് നിയന്ത്രണം തെറ്റിയ പട്ടം പോലെ അവളിലേക്ക് തന്നെ പതിച്ചു. അവളും നോക്കി.. അപ്പോൾ ചിരിക്കണം എന്ന് തോന്നിയെങ്കിലും ചിരിച്ചില്ല.. ഇനി ഞാൻ കാണുന്ന പെൺപിള്ളേരടുത്തൊക്കെ പല്ലിളിച്ച് കാണിക്കുന്ന പ്രകൃതക്കാരനാണെന്ന് വല്ലതും കരുതിയാലൊ അനാവശ്യമായി അസ്ഥാനത്തുണ്ടായ ആശങ്ക ചുണ്ടുകളെ ചലിപ്പിച്ചില്ല.. പക്ഷെ അവളെന്തോ ചിരിച്ചു.. ഇനി എനിക്ക് തോന്നിയപോലെ അവൾക്കും അബോധമണ്ഡലത്തിൽ നിഴൽ വല്ലതും തെളിഞ്ഞു കാണുമോ എന്തോ? പിന്നെ ഞാനും ചിരിച്ചു.. വീക്ഷണസ്ഥിരതയുടെ ആഘാതം കൊണ്ടാണോന്ന് അറിയില്ല, കടന്ന് പോയിട്ടും കുറേ നേരം അവൾ കണ്ണിൽ തന്നെ തങ്ങി നിന്നിരുന്നു.. അതുകൊണ്ടായിരിക്കും അവൾ കടന്ന് പോയ ശേഷവും അതേ ചിരി തുടർന്നത്.. ആ ഒരു നിമിഷം... കടന്ന് വന്ന വഴികളിൽ നിറഞ്ഞ് നിന്ന മുൾച്ചെടികൾ എല്ലാം ആ ഒരു നിമിഷം കൊണ്ട് പൂമരങ്ങളായി മാറിയത് പോലെ.. വികാര വീക്ഷണങ്ങളിൽ പുതിയൊരു അനുഭൂതി കൂടി കൂട്ടിച്ചേർക്കപ്പെട്ടു.. പിന്നെ ആ ഇടനാഴിയിലൂടെ നടക്കുമ്പോഴെല്ലാം ഓരോ ചുവടിലും അവളെ തിരഞ്ഞു കണ്ണുകൾ അലയും.. മിക്കവാറും കണ്ണുകൾക്ക് നിരാശയോടെ മടങ്ങേണ്ടി വരും.. ആ മനോഹര മുഹൂർത്തത്തെ അനുഭവവേദ്യമാക്കാതെ അകറ്റി നിർത്തിയ വിധിയോട് അപ്പോൾ വല്ലാത്ത ദേഷ്യം തോന്നും.. പിന്നെ ക്ലാസ്സിൽ ഇരിക്കുമ്പോൾ കൂട്ടുകാരുടെ ചിരിയും തമാശയും ശല്യപ്പെടുത്തലുകളായി തോന്നും.. അൽപ സമയം ചുറ്റും ഇരുട്ടായെങ്കിൽ എന്ന് ആഗ്രഹിച്ച് പോകും.. അടുത്ത തവണ എന്തായാലും കാണാതിരിക്കില്ല എന്ന പ്രതീക്ഷ ഒടുവിൽ സമാധാനിപ്പിക്കും.. പ്രതീക്ഷ ഇടവേളയില്ലാതെ നിരന്തരം നീണ്ടത് കൊണ്ടാവാം പ്രതീക്ഷയ്ക്ക് ഇടയ്ക്കെങ്കിലും വഴങ്ങേണ്ടതായിവന്നു..

ഏത് നിമിഷവും എതിർ ദിശയിൽ അവൾ വരും. എന്നെ നോക്കി ചിരിക്കും.. ആ ചിരി നേരിടാൻ വേണ്ട തയ്യാറെടുപ്പുകളൊക്കെ നടത്തിയാവും നടക്കുന്നതെങ്കിലും അകലെ നിന്ന് അരികിലേക്ക് അവൾ അടുക്കുമ്പോൾ വീണ്ടും ഞാൻ പൂജ്യത്തിലേക്ക് മടങ്ങും.. പിന്നെ വീണ്ടും അവളെ ആദ്യമായി കാണുന്നത് പോലെ.. എല്ലാം ഒന്നേന്ന്... അങ്ങനെ ഓരോ പ്രാവശ്യം അവളെ കാണുമ്പോഴും എന്റെ ചലനങ്ങൾ യാന്ത്രികമാകുന്നതും ശ്വസന സംവിധാനം പരുങ്ങുന്നതും പിന്നെയും പിന്നെയും ആവർത്തിച്ചുകൊണ്ടേ ഇരുന്നു.. അപ്പോഴും അവൾ പുതുമ മാറാത്തവളായി നിലനിന്നു. അവളെ വീണ്ടും വീണ്ടും കാണാൻ എന്നെ പ്രവർത്തിപ്പിച്ചു കൊണ്ടേ ഇരുന്നു.. ആ പ്രവർത്തനത്തിന്റെ ഭാഗമായാണ് കൂട്ടുകാരോടൊപ്പമുള്ള സിനിമകാണൽ പോലും വേണ്ടന്ന് വെച്ച് ഇന്നിവിടെ സ്കൂളിൽ കെട്ടി ഒരുങ്ങി ഞാൻ നിൽക്കുന്നതും.. ഇട്ടിരിക്കുന്ന കളർ ഡ്രസിനോടുള്ള അമിത വിശ്വാസം കൊണ്ടാവാം ആരൊക്കെയോ എന്നെ നോക്കുന്നുണ്ടെന്ന് ഒരു തോന്നൽ.. അവൾക്ക് വേണ്ടി മാത്രം സ്ഥലം ഒഴുപ്പിച്ചിട്ടിരുന്ന കൊണ്ടാവാം എന്റെ ദൃഷ്ടിപടലം ആ തോന്നലുകളെയൊക്കെ വകവെയ്ക്കാത്തത്... എന്തോ അപ്പോൾ അത് അഹങ്കാരമായൊന്നും തോന്നിയില്ല.. പ്രതീക്ഷയോടെ നോട്ടം ഓരോ പെൺകുട്ടികളിലും പതിയുമ്പോൾ അത് അവളല്ലെന്നറിയുമ്പോൾ നിരാശകൊണ്ട് മുഖം കറുക്കും.. സമയം കടന്ന് പോകും തോറും ആ കറുപ്പ് കൂടി കൂടി വന്നു.. അവൾ വരുമെന്നുള്ള പ്രതീക്ഷക്ക് ഇപ്പോൾ തീരെ കനമില്ലാതായിരിക്കുന്നു.. യുവജനോത്സവവേദിയിൽ നിന്നും മുഴങ്ങുന്ന മധുര നാദങ്ങൾ എന്നെ അലോസരപ്പെടുത്താനായി ആരോ മനഃപൂർവം ഉണ്ടാക്കുന്ന കോലാഹലങ്ങളായി തോന്നി.. ആരെക്കെയോ എന്റെ മനോവിചാരങ്ങളെ ചോർത്തിയെടുത്ത് പരസ്യപ്പെടുത്തിയതായും അവരൊക്കെ അതിനെക്കുറിച്ച് ചർച്ചചെയ്ത് ചിരിക്കുന്നതായും തോന്നി.. ആരുടേയും മുഖത്ത് നോക്കിയില്ല.. പുതിയ കുപ്പായത്തിനുള്ളിൽ നിന്ന് ഞാൻ വിയർത്തു.. കുപ്പായം ഭാരമായി തോന്നുന്നു.. പുതിയ ഷർട്ടും പാന്റ്സും ഇട്ട് അവളുടെ മനസ്സിൽ പതിയാനായി ഇറങ്ങിയ ഞാൻ വിയർത്ത് വിഷണ്ണനായി വീട്ടിലേക്ക് മടങ്ങിയ വിവരം വല്ലതും അവൾ അറിയുന്നുണ്ടോ ആവോ.. പിന്നെ കൊടിയിറങ്ങിയ പൂരപ്പറമ്പിലെ മൂകതയോടെ രണ്ട് ദിവസംകൂടി ചവിട്ടി നീക്കി.. അല്ലെങ്കിലും വരില്ലെന്നുണ്ടെങ്കിൽ അവൾക്ക് നേരത്തെ ഒരു വാക്ക് പറഞ്ഞാലെന്താ.. വെറുതെ ഞാൻ പ്രതീക്ഷയും ചുമന്ന് നിന്ന് വിയർക്കില്ലായിരുന്നല്ലോ.. തിങ്കളാഴ്ച്ച ആവട്ടെ.. അവളെ കാണുമ്പോൾ ചോദിച്ചിട്ട് തന്നെ കാര്യം.. ഇഴഞ്ഞു നീങ്ങിയത് കൊണ്ടാവാം വെള്ളിയും തിങ്കളും തമ്മിൽ വല്ലാണ്ട് അകലം തോന്നിയത്.. അതിനിടയിൽ പലതവണ തനിച്ചിരുന്നപ്പോഴെല്ലാം അന്തരീക്ഷത്തിൽ അവൾ നിറഞ്ഞിരിന്നു.. തിങ്കളാഴ്ച്ച അവളോട് ചോദിക്കാനുള്ള ചോദ്യം ആ അന്തരീക്ഷത്തോട് ആവർത്തിച്ച് ചോദിച്ച് ആവശ്യത്തിന് വേണ്ട തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരുന്നു.. തിങ്കളാഴ്ച അവളെ കാണുമ്പോൾ പൂജ്യത്തിലേക്ക് മടങ്ങരുത്.. ശൂന്യതയിൽ നിന്ന് തുടങ്ങേണ്ടി വരരുത്.. ഇത്തവണ എന്തായാലും അവൾ

എന്റെ ചോദ്യം അഭിമുഖീകരിച്ചേ മതിയാവൂ.. മൂകത മൂടിയ മൂന്ന് ദിവസങ്ങൾക്കൊടുവിൽ പമ്മിയാണെങ്കിലും തിങ്കൾ എത്തി.. ഇന്നലെ രാത്രി ഉറക്കം ബാധിക്കുന്നതിന് മുന്നെ കിടക്കയിൽ തുടങ്ങിയ 'റിഹേഴ്സൽ' ഇന്ന് ഉണർന്ന ശേഷം കണ്ണാടിയുടെ മുന്നിലും തുടർന്നു..

അവളുടെ കണ്ണിലെ പ്രകാശം പോലും അതിജീവിക്കാൻ പ്രേത്യേക പരിശീലനം വേണ്ട ഞാനാണ് ഇന്ന് അവളോട് ചോദ്യം ചോദിക്കാനായി മുതിരുന്നത്.. ഘടികാരം കറങ്ങും തോറും സമ്മർദ്ദം മസ്തിഷ്കത്തിൽ നിന്നും മറ്റ് ഭാഗങ്ങളിലേക്കും വ്യാപിച്ച് കൊണ്ടിരുന്നു.. പുറം ലോകം ഇതൊന്നും അറിയാത്ത വണ്ണം സ്കൂൾ കോമ്പൗണ്ടിലേക്ക് കടന്നു.. ക്ലാസ്സിലെ സ്ഥിരം മുഖങ്ങൾക്ക് അസ്വാഭാവികതകളൊന്നും തോന്നിപ്പിക്കാതെ ഒരു വിധം പിടിച്ചു നിന്നു.. ഇന്റർവെല്ലിനായുള്ള മണി മുഴങ്ങി.. പ്രതിധ്വനികൾ ചുമരുകൾക്കിപ്പുറം എന്റെ മാറെല്ലുകൾ കടന്ന് നെഞ്ചിലേക്ക് ഒരു പിടച്ചിലായി പരിണമിച്ചിരിന്നു.. മൂന്ന് ദിവസത്തെ കാത്തിരിപ്പിന്റെ ഭാരം ഒരുമിച്ച് അനുഭവപെട്ട നിമിഷം.. സ്ഥിരം മുഖങ്ങൾക്ക് ശ്രദ്ധ കൊടുക്കാതെ പതിയെ എഴുന്നേറ്റ് ഇടനാഴിയിലൂടെ അവളുടെ ക്ലാസ്സ് ലക്ഷ്യം വെച്ച് നടന്നു.. എല്ലാരും യൂണിഫോമിലായത് കൊണ്ട് അവളെ കണ്ടെത്താൻ കണ്ണുകൾക്ക് കുറച്ചധികം പാട് പെടേണ്ടിവരും.. തിരച്ചിലിനിടയിൽ കണ്ണ് പെട്ടന്ന് ഓറഞ്ച് പട്ട് പാവാട ധരിച്ച പെൺകുട്ടിയുടെ വർണപൊലിമയ്ക്ക് മുന്നിൽ നിശ്ചലമായി നിന്നു.. കണ്ണ് അല്പം കൂർപ്പിച്ച് നോക്കിയപ്പോഴാണ് അറിഞ്ഞത് അത് അവൾ തന്നെയായിരുന്നുവെന്ന്.. ആ യൂണിഫോമുകൾക്കിടയിൽ തെളിഞ്ഞ പട്ട് പാവാട അവളെ അമാവാസിയിലെ ഇരുണ്ട ആകാശത്തിലേക്ക് പ്രകാശവുമായി വന്ന നക്ഷത്രകുമാരിയെ പോലെ തോന്നിപ്പിച്ചു.. ആ ഓറഞ്ച് പൂവിലെ ഒരിതൾ മാത്രം മതിയായിരുന്നു എന്റെ പൂന്തോട്ടം മുഴുവൻ മനോഹരമാക്കാൻ.. അവൾ എനിക്ക് വേണ്ടി എറിഞ്ഞു തന്ന ചിരി പൂർണമായി സ്വീകരിക്കാൻ പാകത്തിന് അരികിൽ എത്തുമ്പോഴേക്കും എന്റെ ഓരോ കോശങ്ങളിലും അവൾ നിറഞ്ഞിരിന്നു.. സാധാരണ കണ്ണ് കൊണ്ട് കളം വരച്ച് അതിൽ ചിരി വിതറി കടന്ന് പോയിരുന്ന അവൾ അന്ന് എന്റെ മുന്നിൽ എത്തിയപ്പോൾ ഒന്ന് നിന്നു.. അവളുടെ നെറ്റിത്തടത്തിലെ ചന്ദനക്കുറിയും ഒതുക്കി കെട്ടിയ മുടിച്ചുരുളിൽ പറ്റിചേർന്ന് കിടന്ന മുല്ലപ്പൂവും എന്റെ ശ്വസനവായുവിലെ ഓക്സിജനെ മുഴുവൻ വലിച്ചെടുത്തത് പോലെ ശ്വാസം നിലനിർത്താൻ പ്രത്യേകം പരിശ്രമിച്ച് കൊണ്ട് അവളുടെ മുന്നിൽ ഞാനും നിന്നു.. അവളുടെ ചുരുട്ടി പിടിച്ചിരുന്ന കൈ എന്റെ മുന്നിലേക്ക് നിവർത്തി.. 'ഇന്നെന്റെ ബർത്ത് ഡേ ആണ്.. ഇതാ മുട്ടായി എടുത്തോളു..' പ്ലാനിങ്ങിലും റിഹേഴ്സലിലും ഒന്നുമില്ലാതിരുന്ന ആ 'സീനി'ന് മുന്നിൽ പകച്ച് നിന്ന ഞാൻ എന്റെ മുഴുവൻ യാന്ത്രിക ബലവും പ്രയോഗിച്ച് കൈ ഉയർത്തി അവൾ നീട്ടിയ മിഠായി എടുത്തു.. തെല്ല് പാട്പെട്ട് ശ്വാസം ക്രമീകരിച്ച് ഒരുവിധം ഒരു 'ഹാപ്പി ബർത്ത് ഡേ' ഒപ്പിച്ചു.. ഒരു 'താങ്ക് യു' തിരിച്ച് തന്നിട്ട് മുല്ലപ്പൂവിന്റെ മണവും ഉപേക്ഷിച്ച് അവൾ കടന്ന് പോയി.. ആ മണം എന്റെ സ്വാഭാവിക ചലനങ്ങളെ പരിമിതപ്പെടുത്തിക്കൊണ്ട് എന്നെ ചുറ്റി വളഞ്ഞു.. പഞ്ചേന്ദ്രിയങ്ങളെ മുഴുവൻ മനസ്സ് 'ഹൈജാക്ക്' ചെയ്ത് കഴിഞ്ഞിരുന്നു .. മനസ്സിൽ പട്ടുപാവാടയും ചന്ദനക്കുറിയും മുല്ലപ്പൂവും ആവർത്തിച്ച് തെളിഞ്ഞ് കൊണ്ടിരിക്കുന്നു... ആ ദിവസം മനസ്സിൽ കുറിച്ചിട്ടു.. അടുത്ത വർഷം ഈ ദിവസം അവൾക്ക് 'സർപ്രൈസ്' കൊടുത്ത് ഞെട്ടിക്കണം.. മനസ്സിൽ വരച്ചിരുന്ന യൂണിഫോമിട്ട മാലാഖയുടെ ചിത്രം ഇപ്പോൾ പട്ട് പാവാടയിട്ട രാജകുമാരിയുടെ ചിത്രമായി മാറിയിരിക്കുന്നു.. അങ്ങനെ അവളിൽ അലിഞ്ഞ് ദിവസങ്ങൾ വേഗത്തിൽ ഒഴുകി.. എന്നെങ്കിലും വരാതിരിക്കില്ലെന്ന് കരുതിയ വേനൽ വില്ലനെ പോലെ അവധിയുമായി വന്നു .. ഇനി നശിച്ച രണ്ട് മാസങ്ങൾ.. അവളുടെ കണ്ണുകളിൽ കരി കൊണ്ട് എഴുതിയ കവിതകൾക്കും ചുണ്ടിൽ വിടർന്ന പുഷ്പങ്ങൾക്കും കാർമുടിക്കെട്ടിലെ പൂന്തെന്നലിനും പകരമായി ഒന്നും തരാനില്ലാത്ത നഷ്ടദിനങ്ങൾ.. അവധിയുടെ ആഘാതം കുറയ്ക്കാനുള്ള ആശയങ്ങളുടെ ആലോചനകൾക്കൊടുവിൽ അന്വേഷണം ഒരു കടവിലടുത്തിരുന്നു.. അച്ഛൻ ലീവിന്



വന്നപ്പോൾ കൊണ്ട് വന്ന മിഠായികളിൽ എനിക്കേറ്റവും ഇഷ്ടപെട്ട ഒന്ന് അവൾക്കുവേണ്ടി മാറ്റി വെച്ചു.. ആനുവൽ പരീക്ഷയുടെ അവസാന ദിവസം.. നാളെ മുതൽ അതിജീവിക്കാനുള്ള വരണ്ട മരുഭൂമിയുടെ കവാടത്തിന്റെ തണലിൽ അവൾക്ക് കൊടുക്കാനുള്ള ചോക്ലേറ്റുമായി കാത്ത് നിന്നു.. കയ്യിൽ ഇരുന്ന് വിയർത്ത് കൊണ്ടിരുന്ന അവൾക്കായുള്ള ആദ്യ സമ്മാനവുമായി.. 'ജസ്റ്റ്' അത് കൊടുക്കണം.. അവധി കഴിഞ്ഞ് കാണാമെന്ന് പറയണം.. അത്രയും മതി..കൂടുതൽ പറഞ്ഞ് കുളമാക്കണ്ടെന്ന് കരുതി.. ദീർഘ നിശ്വാസങ്ങളിലൂടെ ശ്വസന ക്രമീകരണം സാധാരണ ഗതിയിൽ നിലനിർത്തിക്കൊണ്ടിരിക്കവേ ഇടനാഴിയുടെ വളവ് കഴിഞ്ഞ് അവൾ നടന്ന് വരുന്നത് കണ്ടു..

അവളിലേക്കുള്ള ദൈർഘ്യം കുറഞ്ഞ് വരുന്നതനുസരിച്ച് ദീർഘ നിശ്വാസത്തിന്റെ ദൈർഘ്യവും കുറഞ്ഞ് കുറഞ്ഞ് ഒടുവിൽ കിതപ്പായി മാറി.. ചോക്ലേറ്റ് ഒന്നു കൂടി മുറുകെ പിടിച്ചു.. അല്പം കൂടി അടുത്തപ്പോഴാണ് അവളുടെ കണ്ണിലെ മങ്ങൽ ശ്രദ്ധയിൽ പെട്ടത്.. അവളുടെ ചുണ്ടുകളും ചലിക്കുന്നുണ്ടായിരുന്നില്ല.. എന്റെ അരികിൽ അവൾ എത്തി.. ചോക്ലേറ്റ് കൊടുക്കാനുള്ള തയാറെടുപ്പിനിടയിൽ അവൾ എന്തോ സംസാരിക്കാൻ തുടങ്ങുന്നതായി തിരിച്ചറിഞ്ഞു .. 'അച്ഛന് ട്രാൻസ്ഫർ ആയി.. അടുത്ത വർഷം എന്നെ സ്കൂൾ മാറ്റാൻ പോകുന്നു..' എനിക്കെന്തെങ്കിലും പറയാനുണ്ടോയെന്ന് രണ്ട് സെക്കന്റ് അവൾ 'വെയ്റ്റ്' ചെയ്ത് നോക്കി.. പെട്ടെന്നുണ്ടായ ഞെട്ടലിന്റെ ആഘാതത്തിൽ നാവ് മരവിച്ച് വെറുതെ നിൽക്കാനെ എനിക്ക് സാധിച്ചുള്ളു.. 'ബൈ.. കാണാം..' എന്ന് പറഞ്ഞ് അവൾ എന്നിൽ നിന്നും പതിയെ നടന്നകന്നു..

എന്റെ പൂന്തോട്ടത്തെ മനോഹരമാക്കിയ ആ പൂവിന്റെ ഇതളുകൾ ഞാൻ നോക്കി നിൽക്കെ തന്നെ കൊഴിഞ്ഞു വീണു.. വളവിലേക്ക് തിരിയും മുന്നെ അവസാനമായി അവൾ ഒന്ന് കൂടി തിരിഞ്ഞ് നോക്കി.. കണ്ണിൽ അപ്പോഴേക്കും നനവ് മൂടിയിരുന്നത് കൊണ്ട് അവളുടെ അവസാനത്തെ നോട്ടം എനിക്കൊരു മങ്ങലോടെ അല്ലാതെ കാണാൻ കഴിഞ്ഞില്ല... ഇടനാഴിയുടെ കൈവരിയിൽ താങ്ങി വിദൂരതയിൽ എവിടെയൊ വെറുതെ നോക്കി നിന്ന് ഞാൻ വിതുമ്പി.. എന്നെ അറിയാവുന്ന ആരും അടുത്ത് വരരുതേ എന്ന് പ്രാർത്ഥിച്ച് കൊണ്ടിരുന്നു..ആരെയെങ്കിലും കണ്ടാൽ പിന്നെ കരഞ്ഞ് പോയാലോ.. നാണക്കേടാകും.. അമ്മയുടെ മടിയിൽ കുറച്ച് സമയം കിടക്കാനായെങ്കിൽ, ആ കൈ കൊണ്ട് ഒന്ന് തലോടിയിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോയി.. കഷ്ടപ്പെട്ട് നേടിയെടുത്ത വലിയ കുട്ടിയെന്ന അംഗീകാരം അതിനൊന്നും അനുവാദം തന്നില്ല.. പോക്കറ്റിൽ കിടന്ന മിഠായി കവർ കിലുങ്ങുന്ന ശബ്ദം കേട്ടപ്പോഴാണ് അവൾക്കായി കൊണ്ട് വന്ന ആദ്യ സമ്മാനം കൊടുക്കാനായില്ലല്ലോ എന്നത് ഓർത്തത്.. അവൾ സ്കൂൾ മാറുന്ന കാര്യം അറിഞ്ഞപ്പോൾ ചുറ്റും നിറഞ്ഞ ഇരുട്ടിൽ ആ സമ്മാനവും മറഞ്ഞിരുന്നു.. ഇനി ഒരിക്കലും കാണാനാകാത്ത അവൾക്ക് ഇത് ഇനി എങ്ങനെ കൊടുക്കാനാണ്.. ആ സമ്മാനം കൈയ്യിൽ ഇരുന്ന് പൊള്ളുന്ന പോലെ തോന്നി .. ദൂരേയ്ക്ക് എടുത്ത് എറിഞ്ഞാലോ.. അച്ഛനോടൊപ്പം എനിക്ക് വേണ്ടി മാത്രം വിമാനം കയറി വന്നതാണ്.. എറിയണ്ട.. കൊണ്ട് നടക്കാനും വയ്യ.. രണ്ടും കല്പിച്ച് കവർ കീറി.. പ്രയാസപ്പെട്ട് ആ ചോക്ലേറ്റ് വായ്ക്കുള്ളിലാക്കി.. ചവയ്ക്കാനായി പല്ല് വഴങ്ങുന്നില്ല.. കണ്ണുനീരിലെ ഉപ്പ് കലർന്ന കൊണ്ടാണോന്ന് അറിയില്ല വല്ലാത്ത ഒരു ചവർപ്പ്.. അന്നനാളത്തിന്റെ വ്യാസം കുറഞ്ഞത് പോലെ ആ ചോക്ലേറ്റ് ഞെരുങ്ങി അമർന്ന് താഴേക്ക് നീങ്ങി.. എങ്ങനെയോ ആ ശ്രമകരമായ ദൗത്യം പൂർത്തിയാക്കി.. പിന്നെ ആരെയും ശ്രദ്ധിക്കാതെ തലകുനിച്ച് കരച്ചിൽ നിയന്ത്രിച്ച് വീട്ടിലേക്ക് നടന്നു.. മസ്തിഷ്കത്തിലെ ഏതോ ബിന്ദുവിൽ അനുവാദമില്ലാതെ കടന്ന് വന്ന അവളുടെ കൺദളങ്ങളും ചിരി പൂക്കളും ചന്ദനക്കുറിയുമൊക്കെ എന്റെ കണ്ണിലൂടെ പുറത്ത് ചാടാൻ ശ്രമിച്ച് കൊണ്ടിരുന്നു. എങ്ങനെയെങ്കിലും വീട്ടിൽ എത്തണം തലയണയിലേക്ക് അവരെ തുറന്ന് വിടണം.. അവരുടെ സ്വാതന്ത്ര്യത്തിൽ ആനന്ദം കണ്ടെത്തണം.. ഒരിക്കൽ വില്ലനായി തോന്നിയ വേനലവധി ഇപ്പോൾ അനുഗ്രഹമായി തോന്നി.. അവധി ഒരിക്കലും തീരാതിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ച് പോയി .. അവധി ആസ്വദിക്കാനുള്ള കൊതി കൊണ്ടൊന്നുമല്ല.. ഇതൾ പൊഴിച്ച് അവൾ നടന്നകന്ന ഇടനാഴിയിലൂടെ ഇനി നടക്കുമ്പോൾ കാൽ ഇടറിയാലോ എന്ന പേടി കൊണ്ട് മാത്രം.. ●

Poem

# The Divine Smell of CHRISTMAS



Jithin Jose

Walking amidst those grown up trees
I saw dew drops over their leaves
Why you came early I wondered
But no one answered me then

I advanced...
Most of them had shed their leaves I saw
Oh ..they blushed when I came near
Made me laugh while passing them

Neverthless I moved on..in deep thought
the snow is thickening behind dark night
So as the wind, pierces my bones
Far high, the sky has been muffled in the frost I saw
Why my dude, not showing me the sunset ..??
What special do you have for me today..?
You too my dear stars, came before bed time..!!

With doubts in mind I went on..
From where I felt the warmth of light
despite this frozen darkness?
Oh.. those small huts ..
remind my old crib ..!



I gazed around..
and realised the sanctity of December..!
the divine smell of Christmas..!!
Oh Santa.. why I forgot you..?
as there had been thick snow of darkness
in my life for a few years..
Come..enlighten me..and
shower me the dazzling light of Jesus.




ഉദ്ദണ്ഡൻ

# സ്വർണ്ണം പൂശിയ പട്ടിണി വണ്ടി

**സാ**മ്പത്തിക പ്രതിസന്ധി കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലത്ത് നവകേരള സദസ്സിന്റെ ആവശ്യമെന്തായിരുന്നു എന്ന ചോദ്യം ഓരോ കേരളീയന്റെയുമുള്ളിൽ മുഴങ്ങുന്നുണ്ട്. അത് ഉത്തരമർഹിക്കുന്നു. അത് സി.പി.എമ്മിന്റെയും എൽ.ഡി.എഫിന്റെയും ഒരു രാഷ്ട്രീയ അനിവാര്യത ആയിരിക്കാം. പി.ആർ ഏജൻസികളുടെ നൂൽപ്പാവകളാകാൻ സർവ്വാത്മനാ സന്നദ്ധമാകുന്നവർ സ്വന്തം പ്രസക്തിയെ സ്വയം റദ്ദു ചെയ്യുകയാണ്. സർക്കാർ ഖജനാവിന് ആഘാതമേൽപ്പിച്ച് അനാവശ്യ ധൂർത്തുമായി മുന്നേറുന്നവർ അവശേഷിപ്പിക്കുന്ന ആശങ്കകൾ ചെറുതല്ല.

## പുതിയ വണ്ടി, ലിഫ്റ്റ്, അർദ്ധ ഭ്രമണാസനം, അമേദ്യ പിഞ്ഞാണം; ഏതു മ്യൂസിയമാണ് ഇവയെ മോഹിക്കാത്തത്?

ചെലവ് ഒരു കോടി. ഉറവിടം സർക്കാർ ഖജനാവ്. മുൻമന്ത്രി കോൾമയിൽ കൊള്ളുന്നു. മ്യൂസിയത്തിൽ വയ്ക്കണമത്രേ. എ.സി തൊഴുത്തിൽ പാട്ടു കേൾക്കുന്ന പശുവിന്റെ ചാണകം മ്യൂസിയത്തിൽ വച്ചാൽ ഇതിലും നന്നാവും. ആ ദയവു കാട്ടാൻ സന്മനസ്സുണ്ടാകണം. അതാവുമ്പോൾ സഹിക്കാവുന്ന ദുർഗന്ധമേയുള്ളൂ. നഗ്നനായ രാജാവിന്റെ പട്ടുകുപ്പായത്തിന്റെ പകിട്ട് ബാലേട്ടനെ കണ്ടുള്ളൂ. ഹറാംപിറപ്പുകളെ ന്യായീകരിക്കുന്ന വെട്ടുകിളി സിൻഡ്രോം രാഷ്ട്രീയമാവില്ല, ബാലാ!

## കെ.എസ്.ആർ.ടി.സി ജീവനക്കാർ, കരുവന്നൂരിലെയും കണ്ടലയിലെയും നിക്ഷേപകർ, ക്ഷേമപെൻഷൻകാർ, സർക്കാർ ജീവനക്കാർ, കെ.എസ്.ഇ.ബി എന്നീ വിഭാഗക്കാരോടുള്ള വെല്ലുവിളി

'പൗരപ്രമുഖൻ' എന്ന ആന്റിഡെമോക്രാറ്റിക് ആന്റി കമ്മ്യൂണിസ്റ്റ് വായ്ത്താരി മുഴക്കി ഒരു തൊഴിലാളി സർക്കാർ സാമാന്യ ജനങ്ങളെ അന്യവത്കരിക്കുന്നു. പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നിടത്ത് മന്ത്രിമാർ നഹി നഹി. അവർ ഊട്ടുപുരകളിൽ തിക്കിത്തിരക്കുന്നു. തളികകളും പാനപാത്രങ്ങളും ഒഴിയുന്നു. ശൗചാലയങ്ങൾ നിറയുന്നു. ജനങ്ങളുടെ പരാതികൾ കോർപ്പറേഷൻ ആഫീസുകളിലേയ്ക്കും വില്ലേജ് ആഫീസുകളിലേയ്ക്കും കൈമാറുന്നു. അപഹാസ്യമായ അമ്മാനമാട്ടം. ലക്ഷക്കണക്കിന് പിഴപ്പലിശ ഉള്ളവർക്ക് അഞ്ഞൂറ്റി പതിമൂന്നു രൂപ ഇളവ് നൽകുന്നു. സന്മനസ്സിന് സ്വസ്തി! മാസാമാസത്തെ ശമ്പളം പോലും വൻ നേട്ടമായി കൊട്ടിഘോഷിക്കുന്ന ഉച്ചഭാഷിണിയ്ക്കു നേരെ കെ.എസ്.ആർ.ടി.സി ജീവനക്കാരൻ കാർക്കിച്ച് തുപ്പുന്നു. കരുവന്നൂരിലെയും കണ്ടലയിലെയും കവർച്ച നടത്തിയ സഖാക്കന്മാരുടെ അപരാധങ്ങൾ അവർ തന്നെ ക്ഷമിച്ചരുളുന്നു. പരമ്പരാഗതമായി കിട്ടിയതുപോലുള്ള സ്വാതന്ത്ര്യമുപയോഗിച്ച് സർക്കാർ ഖജനാവിൽ നിന്ന് നഷ്ടം നികത്തിയാലെന്താ എന്ന നിവൃത്തി മാർഗ്ഗം ആരായുന്നു. സാമ്പത്തിക പ്രതിസന്ധി ഫ്ളൈറ്റ് ചാർട്ട് ചെയ്ത് വന്നില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ? കെ.എസ്.ഇ.ബി. പോലും നഷ്ടത്തിലായി. ഇത് ലാവ്ലിൻ അപാരതയുടെ

തുടർച്ചയാണ്. അഹോ കഷ്ടം!

ക്ഷേമപെൻഷൻ ഒരു തെരഞ്ഞെടുപ്പു കാല വിനോദം മാത്രമാകുന്നു. അന്തം വിട്ടുപോയവർ വാ പൊളിക്കരുത്. കേന്ദ്രം നികുതി വിഹിതം തരുന്നില്ല, കടമെടുപ്പു പരിധി കൂട്ടുന്നില്ല തുടങ്ങിയ കാപ്സ്യൂളുകൾ ഇട്ട് വെള്ളമൊഴിച്ചു കളയും. വോട്ട് ചെയ്ത് തുടർഭരണം കൊടുത്തതല്ലേ. അനുഭവിച്ചോട്ടാ! കേന്ദ്രത്തിനോട് അങ്ങ് ചോദിച്ചേച്ചാലും മതി. പുള്ളിയുടെ സ്ഥിതിയും ഇതുപോലൊക്കെ തന്നെ. ഡി.എ, പേറിവിഷൻ, സബ്സിഡി, സൗജന്യ ഗ്യാസ്, കക്കൂസ് എല്ലാം കൃത്യം. പക്ഷെ ദിവസം ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾ വീതം അപ്രത്യക്ഷമായിക്കൊണ്ടിരിക്കും. നാട്ടുകാരേ, ജീവനക്കാരേ നിങ്ങൾ അറിയുന്നുണ്ടോ ? ഭരണാധികാരികൾ കോർപ്പറേറ്റുകളുടെ ജാരന്മാരായിക്കൊണ്ടിരിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യം ചാരിത്ര്യവും ചുവന്ന തെരുവുകളിൽ വില്പനച്ചരക്കായി മാറിക്കഴിഞ്ഞിരിക്കുന്നു. അങ്ങോര് തറവാട് വിറ്റ് പെരുന്നാൾ സദ്യ ഊട്ടുന്ന കാർന്നോരും, ഇങ്ങോര് വീട്ടുകാരെ പട്ടിണിയ്ക്കിടുന്ന മടിയനും വിഡ്ഢിയുമായ ഗൃഹനാഥനും. പരസ്പര പരിഹാസത്തിനുതകുന്ന സമാനതകൾ ഏറെയുള്ള രണ്ട് രാഷ്ട്രീയ രൂപകങ്ങൾ. ജനതയ്ക്കേറ്റ ആജന്മ ശാപങ്ങൾ. സമ്പൂർണ്ണ ഏകാധിപത്യ വൈകൃതങ്ങൾ.

നവകേരളത്തിന്റെ ഫലസിദ്ധികളിൽ പ്രധാനം സർക്കാർ ജീവനക്കാർ ഡി.എ യ്ക്കായുള്ള മുറവിളി നിർത്തി എന്നതു തന്നെയാണ്. ആർജ്ജിതാവധി സറണ്ടറും. 'ഉജ്ജ്വല'മായി. തവളകളുടെ സംഘഗാനം ഇടവപ്പാതിയ്ക്ക് തൊട്ടുമുൻപാണെങ്കിൽ, ഭരണവിലാസന്മാരുടെ സമരവീര്യം പ്രതിപക്ഷകാലത്തു മാത്രവും ആയിരിക്കും. മറ്റ് കാലങ്ങൾ അടിമകളായി മുട്ടുകാലിൽ വാൽമാക്രികളെപ്പോലെ ഇഴയാനുള്ളതാണ്.

യു.ഡി.എഫ് ഭരണകാലത്ത് ഡി.എയും ആർജ്ജിതാവധിയും ഒന്നും മുടങ്ങിയില്ല. എങ്കിലും സമരം ചെയ്തു. ഒരു രസം. പങ്കാളിത്ത പെൻഷൻ പദ്ധതി ആവിഷ്കരിക്കും മുൻപേ തന്നെ പരാജയമാണെന്ന വെളിപാട് സമരം. പണ്ട് കമ്പ്യൂട്ടർ അറബിക്കടലിലെറിഞ്ഞപ്പോഴും ഇതേ വെളിപാട് തന്നെയാണ് പ്രവർത്തിച്ചത്. എന്നാൽ സ്വയംകൃതാനർത്ഥങ്ങൾ കൊണ്ട് പങ്കാളിത്ത പെൻഷൻ പദ്ധതി തകർത്ത് തരിപ്പണമാക്കിയതിന്റെ കുറ്റബോധം കൊണ്ടാകണം അത് പിൻവലിക്കണമെന്ന് ഒരു ഉൾവിളി തോന്നിയത്. പങ്കാളിത്തപെൻഷൻ പദ്ധതി റിപ്പോർട്ടിന്റെ വിവരാവകാശ രേഖ പരിശോധിച്ചാലറിയാം NPS കാരോട് ഈ സർക്കാർ കാട്ടിയ നെറികേടിന്റെ വ്യാപ്തി. ആ ഉൾവിളി പക്ഷേ, പ്രകടനപത്രികയിൽ വെറും വാഗ്ദാനമായി ഒതുങ്ങി. അത് പിൻവലിക്കാൻ യാതൊരു നിയമ തടസ്സവുമില്ല എന്ന റിപ്പോർട്ടുണ്ടായിട്ടും ഈ സർക്കാരിന് ഒരു വൈക്ലബ്യം. പങ്കാളിത്തപെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ വിഹിതം പോലും പണയപ്പെടുത്തി കടമെടുത്തിരിക്കുകയല്ലെ?. എങ്ങനെ പിൻവലിക്കും ?

NPS കാരെ പറ്റി പറയാൻ യുഡിഎഫ് ന് അവകാശമില്ലെന്ന മറ്റൊരു വിചിത്ര ഭാഷ്യം പ്രചരിക്കുന്നുണ്ട്. (അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആയിരുന്നതിനാൽ) എല്ലാ ചോദ്യത്തിനുമുള്ള ഒറ്റ മറുപടിയായി ആശയദാരിദ്ര്യക്കാരുടെ ഒരു വായ്മൊഴി വഴക്കം. NDA യുടെ കുട്ടിയെ ഉമ്മൻചാണ്ടിയുടെ മടിയിലിരുത്തി 'അച്ഛാ' എന്നു വിളിപ്പിക്കുമ്പോൾ കിട്ടുന്ന ഒരു രസം. പക്ഷേ NPS കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കിയത് അന്നത്തെ ഒരു സുപ്രധാന തീരുമാനമാണ് എന്നത് മറക്കാതിരിക്കാനുള്ള ഔചിത്യബോധം ജീവനക്കാർക്കുണ്ട്. ഇന്ത്യയിലെ വിവിധ കോൺഗ്രസ് സർക്കാരുകൾ അത് ഇതിനോടകം പിൻവലിച്ചു കഴിഞ്ഞു. ഇനിയൊരു യു.ഡി.എഫ് അധികാരത്തിൽ വരുന്നതു വരെയേ ഈ ശാപത്തിന് ആയുസുള്ളൂ എന്ന് അവർക്ക് നന്നായറിയാം. ഈ NPS കാർ ഫലത്തിൽ 60 വയസ്സു വരെ സർവ്വീസുള്ള Non- NPSകാരായി മാറുന്ന ഒരു യു.ഡി.എഫ് ഭരണം നിലവിൽ വരുമെന്ന പ്രത്യാശയ്ക്ക് ഒരു സുഖമുണ്ട്.

ഭരണവിലാസ സമരവീരന്മാരുടെ ഇന്നത്തെ നിസ്സംഗത ലജ്ജാകരമാണ്. ഏതു വിശുദ്ധ ബനാനയാണ് അവരുടെ അണ്ണാക്കിൽ കുടുങ്ങിയത്? അവരുടെ ശബ്ദം കേൾക്കുന്നേയില്ലല്ലോ ജീവനക്കാരോടുള്ള അവരുടെ പ്രതിബദ്ധത സംശയത്തിന്റെ നിഴലിലാണ്. അവരുടെ അസ്തിത്വം ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥ നിലവിൽ വന്നു കഴിഞ്ഞു. അവർക്കൊപ്പം ചേരുന്നതും ആത്മഹത്യ ചെയ്യുന്നതും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലെന്ന് ജീവനക്കാർ തിരിച്ചറിഞ്ഞു കഴിഞ്ഞു.

## രക്ഷാപ്രവർത്തനം മതിലുപൊളി, കരിങ്കൊടി കൗണ്ടർ, കരിങ്കൊടി, ഇരട്ടത്താപ്പ്

ആഭ്യന്തരൻ കരിങ്കൊടി കണ്ട് ഹാലിളകിയ അങ്കിൾ ജനങ്ങളെയും പ്രതിപക്ഷത്തെയും അറസ്റ്റ് ചെയ്ത് മർദ്ദിക്കുന്നു. പോലീസ് സേനയ്ക്കൊപ്പം വെളുത്ത ടീ ഷർട്ടിട്ട മാംസപുഷ്കലന്മാരും അണിനിരന്ന് ചെടിച്ചട്ടി എടുത്ത് തലയിലടിച്ച് 'രക്ഷാപ്രവർത്തനം' നടത്തുന്നു. ഈ നാട്ടിലെ ആഭ്യന്തരം ഏതു ഗംഗയിൽ മുങ്ങിയാലും ശുദ്ധമാവില്ല. ഗവർണർക്ക് സർക്കാർ സ്പോൺസേർഡ് കരിങ്കൊടി കാണിക്കുന്നു. പോലീസ് രണ്ട് കരിങ്കൊടിക്കാരോടും അമ്പി-അന്യൻ ഭാവപ്പകർച്ചയിൽ പെരുമാറുന്നു. ആദ്യത്തെ കരിങ്കൊടിക്കാരനോട് അസഭ്യം. രണ്ടാം കരിങ്കൊടിക്കാരന് ലാളന. തുല്യത എന്ന് പറഞ്ഞാൽ, ലാലിതാണ്. പല സ്ഥലത്തും നവകേരള വണ്ടി മതിലു പൊളിച്ചാണ് കടന്നു ചെന്നത്. സ്റ്റേഡിയങ്ങൾ അലങ്കോലമാക്കപ്പെടുന്നു. പരിപാടി കഴിഞ്ഞാലും വൃത്തിയാക്കാൻ ഭാവമില്ല. അധികാരഹുങ്കിന്റെ വിസ്ഫോടനം.

## സാമ്പത്തിക പരാധീനതകളും അവിഹിത ധനസമ്പാദനവും

ഡി.എ (18%) കുടിശ്ശികയും ശമ്പള പരിഷ്കരണ കുടിശ്ശികയും 40,000 കോടി, സാമൂഹിക ക്ഷേമ പെൻഷൻ 4 മാസത്തെ കുടിശ്ശിക 2140 കോടി, കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പള പെൻഷൻ കുടിശ്ശിക 20 കോടി, കോവിഡ് കാലത്ത് ഭക്ഷ്യധാന്യ കിറ്റ് നല്കിയ വകയിൽ 14257 വ്യാപാരികൾക്ക് കമ്മീഷനായി നല്കാനുള്ളത് 40 കോടി, നിർമ്മാണപ്രവർത്തനങ്ങളിൽ കരാറുകാർക്ക് നല്കാനുള്ളത് 16,000 കോടി, ആരോഗ്യ ഇൻഷുറൻസ് (മെഡിസെപ്പ്) ആശുപത്രികൾക്ക് നല്കാനുള്ളത് 300 കോടി, ഓണക്കിറ്റ് 158 കോടി, സപ്ലൈകോയ്ക്ക് നൽകാനുള്ളത് 1524 കോടി.

ക്ഷേമപെൻഷൻ വിതരണം കൃത്യമാക്കാൻ ഇന്ധന സെസ്സ് ആവിഷ്കരിച്ചു. ഇന്ധനസെസ്സ് കൃത്യമായി പിരിക്കുന്നുണ്ട്. ക്ഷേമപെൻഷൻ കുടിശ്ശിക നാൾക്കുനാൾ വളർന്നു കൊണ്ടേയിരിക്കുന്നു. നവകേരള സദസ്സിന് സ്പോൺസർഷിപ്പ് മീഡിയേറ്റർ ആരാന്നാ ? ജി.എസ്.ടി കമ്മീഷണർ ! നികുതി വരവിൽ ഹെവി ബ്ലോക്ക്, സർക്കാരിന് സാമ്പത്തിക സ്ട്രോക്ക് റിയൽ എസ്റ്റേറ്റ്, ക്വാറി, മൈനിങ് സർക്കാർ, പാർട്ടി അവിഹിത വൈകൃതം, പാർട്ടി നേതാക്കൾക്ക് സമ്പന്നരാകാൻ സുവർണ്ണാവസരം. നാടിന്റെ സാമ്പത്തികരംഗം നിരുത്തരവാദപരമായി കൈകാര്യം ചെയ്ത് കടക്കെണിയിൽപ്പെടുത്തിയതിനുശേഷം എത്ര തിരുവാതിര കളിച്ചാലും കരേറാൻ സാധ്യമല്ല എന്ന് തമ്പുരാക്കന്മാർ മനസ്സിലാക്കണം.

ഭരണപരാജയം മറയ്ക്കുക, ആത്മാരാധനയുടെ വാഴ്ത്തു പാട്ടുകൾ നാടെങ്ങും മുഴക്കുക, പാലസ്തീൻ ഐക്യദാർഢ്യം കപടമായി പ്രകടിപ്പിച്ച് സാമുദായിക ധ്രുവീകരണത്തിലൂടെ അധികാരം അരക്കിട്ടുറപ്പിക്കുക എന്ന ഗൂഢലക്ഷ്യങ്ങൾ ഈ യാത്രയ്ക്ക് പിന്നിലുണ്ട് എന്ന് പൊതുജനങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. കുടുംബശ്രീക്കാരും തൊഴിലുറപ്പുകാരും സർക്കാർ ഉദ്യോഗസ്ഥരും എന്തിനേറെ സ്കൂൾകുട്ടികളെപ്പോലും നിർബന്ധിച്ചും ഭീഷണിപ്പെടുത്തിയും വേദിയിലെത്തിക്കുന്ന തന്ത്രം പൊതുജനങ്ങളെ വല്ലാതെ അലോസരപ്പെടുത്തിയിട്ടുണ്ട്. വെറുത്തു മരിക്കാറായി നില്ക്കുന്നവരുടെ മുന്നിൽ ഏകപക്ഷീയമായ ഭരണനേട്ടഘോഷണവുമായി ഒരു ഏകാധിപതി അവതരിക്കുന്നു. നരകം ഇതിലും ഭേദമാണെന്ന് നാട്ടുകാർ മനസ്സിലാക്കുന്നു. തുടർഭരണത്തിന്റെ യഥാർത്ഥ കാരണക്കാരിയായ ശൈലജ ടീച്ചർ സ്വന്തം മണ്ഡലത്തിൽ അധികപ്രസംഗം നടത്തി എന്ന് അല്പത്തം കലർന്ന പരാമർശം നടത്താതിരിക്കാൻ പോലും കെല്പില്ലാത്തയാളാണ് നമ്മുടെ ഭരണാധികാരി എന്നോർത്ത് നമുക്ക് തല കുനിക്കാം.

പുതിയ 'ഏകാധിപതി' താൻ പഴയ 'ഏകാധിപതി' ആയിരുന്നെങ്കിൽ എന്ന് ഭീക്ഷണിപ്പെടുത്തുന്നു. പഴയ ഏകാധിപതിയാകട്ടെ, ഒരു ഭരണകർത്താവിനുണ്ടായിരിക്കേണ്ട ലാളിത്യത്തെപ്പറ്റിയും വിശുദ്ധിയെപ്പറ്റിയും 'ശീലാവതി പ്രസംഗം' നടത്തുന്നു. അവിടെ നിന്നും പിന്നോട്ടു നോക്കിയാൽ, അയാൾ ഒരു കൊലപാതകി മാത്രമായി ചുരുങ്ങുന്നു. ചതികളുടെയും കളവുകളുടെയും അടരുകൾ പിന്നോട്ട് മറിച്ച് അയാളുടെ ആവിർഭാവത്തിലേക്ക് നാം എത്തുമ്പോൾ കാണുന്ന ആ വിഷ ബീജം നമ്മോട് പറയാതെ പറയുന്ന സത്യമെന്തായിരിക്കും ? ഏകാധിപതികളുടെ ആത്മകഥകളിൽ വൈവിധ്യങ്ങൾക്ക് ഒരു സാദ്ധ്യതയുമില്ല എന്നതല്ലേ അത് ? തന്നിൽ നിന്നും തുടങ്ങി തന്നിലേയ്ക്ക് മാത്രമെത്തിച്ചേരുന്ന വട്ടപ്പൂജ്യം ഏങ്കോണിച്ചതു പോലെയുള്ള ഒരു വിരലടയാളം മാത്രമല്ലേ അതിലുള്ളൂ.

കവിത

# സഹയാത്രിക



ലത.എൻ

ഒന്നും അറിയാതെ അറിയിക്കാതെ
എല്ലാം സഹിച്ചു നീ മുന്നേറവേ
ഞാൻ കണ്ടതു നിൻ പറക്കൽ മാത്രം
അതിലെത്ര നോവുണ്ടെന്നു ഞാനറിഞ്ഞീല

കുതിരക്കുളമ്പിൻ വേദനയറിയുന്നതവൻ മാത്രമല്ലേ
സകലരും കാണുന്നതുമവൻ മുന്നേറ്റമല്ലേ
ഓരോ നിലാവത്തും കണ്ടു ഞാൻ നിൻ പുഞ്ചിരി
ആ പുഞ്ചിരി മറച്ചു നിൻ മനസും ഹൃദയവും

പറന്നുയരും കഴുകനെയുറ്റു നോക്കുന്നു മാലോകർ
പുകഴ്ത്തുന്നു കുമ്പിടുന്നു ചടുവാക്കുതിർത്തിടുന്നു
പെട്ടെന്നൊരിക്കലടിതെറ്റി വീഴുമാ പക്ഷിയ്ക്കായ്
മെനയുന്നു ശരശയ്യ ഹർഷാരവത്താൽ

മുന്നിട്ടു നിൽക്കുമാ കൊമ്പനെ വണങ്ങുന്നു
അവൻ കൊലകൊല്ലിയാകിലും
താലോലമേറ്റുവാങ്ങാനാഗ്രഹിച്ചു നീ
കണ്ടതും കേട്ടതും ഹർഷരോദനങ്ങൾ

ചേറുമണ്ണിൽ മുന്നേറും വേരിനെയോ
മുള്ളാൽ നിറയുന്ന തണ്ടിനെയോ
കണ്ടിടാതെ, വിടരുന്ന മൊട്ടിനും
സുഗന്ധം പൊഴിയ്ക്കും പൂവിനുമാണാരാധന

പൂവായ പൂക്കളിൽ പാറിനടക്കും
പൂമ്പാറ്റയെ എത്രയിഷ്ടമാണിവർക്ക്
തേൻ ശേഖരിച്ചു മൂളിനടക്കും
തേനീച്ചയോടമർഷം മാത്രമല്ലേ

ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ
എന്തെല്ലാം പങ്കുവയ്ക്കാനുണ്ടായിരുന്നു
എല്ലാം മനസിലൊതുക്കിയെത്ര നാൾ
നിന്നെ കാത്തിരിക്കേണ്ടൂ ഞാൻ

ജന്മാന്തരങ്ങളിൽ കണ്ടിടുമ്പോൾ
പറയാൻ ഓർത്തു വച്ചിടാം മറന്നിടാതെ
എത്രമാത്രം സ്നേഹിച്ചിരുന്നു ഞാൻ
അറിയുന്നതിപ്പോൾ ഏകാകിയായിടുമ്പോൾ

എത്ര ജന്മസ്മരണകൾ നമ്മൾ
പങ്കുവയ്ക്കണം ഇനി കണ്ടിടുമ്പോൾ
അറിയാതെ അറിയിക്കാതെ സഹിച്ച
നിൻ വേദന ഞാനിന്നറിഞ്ഞിടുന്നു

ഏകാകിയായിടും നിൻ വേദന
ഒത്തു ചിരിക്കാൻ, സംസാരിക്കാൻ
എത്ര കൊതിച്ചിട്ടുണ്ടായിരുന്നു നീ
എല്ലാം സഹിച്ചു നീ പുഞ്ചിരി തൂകിയില്ലേ

എൻ ഓർമ്മയിൽ പുഞ്ചിരി നിറയുന്നു
നിൻ ഓർമ്മകൾ ആശ്വാസമായെത്തുമ്പോൾ
സന്തോഷം തന്നുപോയ പൂമ്പാറ്റയല്ലേ നീ
സുഗന്ധം പൊഴിച്ചിടും മലരല്ലേ നീ

നിൻ സുഗന്ധം എൻ വീഥിയിൽ
വെളിച്ചമായ് തെളിഞ്ഞിടുന്നു
നിൻ സഹനം എത്ര മഹനീയം
എന്നെ തഴുകി വേദനയകറ്റിടുന്നു




# വീട്ടിലേക്കുള്ള വഴി



വി.ലോറൻസ്

**കൊ**ല്ലം റെയിൽവേ സ്റ്റേഷനിൽ നിന്നും പാസ്സഞ്ചർ ട്രെയിൻ പെട്ടെന്ന് ഒരു കുലുക്കത്തോടെ മുന്നോട്ടുനീങ്ങി. സീറ്റ് കിട്ടാത്തതിനാൽ നിൽക്കുകയായിരുന്ന ഞാൻ വീഴാതെ ഒരിടത്ത് പിടിച്ചു നിന്നു. ട്രെയിൻ കുറെ ദൂരം പിന്നിട്ടെങ്കിലും ഞാൻ ആ പിടി വിട്ടില്ല. ഇത് കണ്ട് കൂടെയുണ്ടായിരുന്ന സുഹൃത്തുക്കൾ എന്നെ സംശയത്തോടെ നോക്കുന്നതായി തോന്നിയപ്പോൾ ഞാൻ മടിച്ചുമടിച്ചു പറഞ്ഞു, 'ആദ്യമായാണ് ട്രെയിനിൽ കയറുന്നത്'. അധ്യാപകപഠനത്തിനിടെ സുഹൃത്തിന്റെ സഹോദരന്റെ വിവാഹത്തിന് കൊല്ലം പരവൂരിലേക്കുള്ള യാത്രയ്ക്കിടെയായിരുന്നു ആ സംഭവം. കുറേനാൾ കൂട്ടുകാർക്കിടയിൽ എന്നെ ട്രോൾ ചെയ്യാൻ അതൊരു കാരണമായി. പിന്നീട് ആന്ധ്രാപ്രദേശിൽ അധ്യാപകനായി ജോലിക്ക് പോയപ്പോഴും സർക്കാർ നിയമനം ലഭിച്ച് ആദ്യം പാലക്കാട്ടും തുടർന്ന് തിരുവനന്തപുരം, കോട്ടയം, ഓഫീസുകളിലേക്കും സ്ഥലം മാറ്റം കിട്ടി ധാരാളം ട്രെയിൻ യാത്ര ചെയ്യുമായിരുന്നതിനാൽ വീടും ഓഫീസും കഴിഞ്ഞുള്ള മൂന്നാമിടം ട്രെയിനായി. വീട്ടിൽ നിന്നും ആസ്ഥാന ഓഫീസിലേക്ക് പോയി വരണമെങ്കിൽ ട്രെയിനിലും ബസിലുമായി 6-7 മണിക്കൂർ യാത്ര. ജില്ലാ ഓഫീസുകളിലേക്കാണെങ്കിലും വേണം 3-4 മണിക്കൂർ. 2016ൽ ഒരു കുഞ്ഞുമോൾ കൂടി എത്തിയപ്പോൾ എന്നാൽ പിന്നെ തിരുവനന്തപുരത്ത് തല്ക്കാലം കൂടിക്കളയാം എന്ന് തീരുമാനിച്ചു. ദിവസേനയുള്ള യാത്ര ആദ്യമൊക്കെ ഹരമായിരുന്നെങ്കിലും പിന്നീട് വിവിധ കാരണങ്ങളാൽ യാത്ര പ്രയാസകരമായി തുടങ്ങിയിരുന്നു. ജോലിയുടെ ഭാഗമായി ദീർഘദൂരയാത്ര ചെയ്തിരുന്ന കാലയളവിൽ വീടിനടുത്തുള്ള ഓഫീസിൽ ജോലിചെയ്യണമെന്നുള്ള ആഗ്രഹം സാധ്യമാക്കുന്നതിന് ഒരു വാടക വീടിനായുള്ള അന്വേഷണം എത്തിനിന്നതു സംഘടനയിലെ അംഗങ്ങൾക്ക് എന്തും സാധിക്കാൻ സഹായിക്കുന്ന സാറും കുടുംബവും വർഷങ്ങളായി താമസിച്ചിരുന്ന പട്ടം പ്ലാമൂടിനടുത്ത് പുഷ്പനഗറിലെ വീട്ടിലായിരുന്നു. സാറ് അടുത്തൂൺ (വിരമിക്കൽ) പറ്റി സ്വന്തം

വീട്ടിലേക്ക് താമസം മാറിയ സാഹചര്യത്തിൽ സാറുമായുള്ള അടുപ്പം ആ വീട് വാടകയ്ക്ക് എനിക്ക് കിട്ടുന്നതിനും സ്നേഹപൂർവ്വം 'കുട്ടാ' എന്ന് വിളിക്കുന്ന വീട്ടുടമസ്ഥയുമായി (തെറ്റിദ്ധരിക്കേണ്ട 70+ ആയ സ്ത്രീയാണ്) കൂട്ടുകൂടാനും സഹായകമായി. അങ്ങനെ കൂടും കിടക്കയും പിള്ളേരുമൊക്കെയായി അനന്തപുരിയിൽ താമസവുമായി.

ഇതിനുമുൻപ് കോട്ടയത്തുനിന്നും തിരുവനന്തപുരത്തേക്ക് ജനറൽ ട്രാൻസ്ഫറിന്റെ ഭാഗമായ മാറ്റം അനിവാര്യമായപ്പോൾ അതിൽ നിന്നും രക്ഷപെടാനായി ഡെപ്യൂട്ടേഷൻ പോയി. അവിടെ ചെന്നപ്പോഴോ, പടപേടിച്ചു ബാലന്റെ നാട്ടിൽ ചെന്ന അവസ്ഥ. പി.എസ്.സിയിൽ അസിസ്റ്റന്റായ ഞാൻ ക്ഷേമനിധി ആപ്പീസിലെത്തിയപ്പോൾ ജില്ലാ ഓഫീസർ. വെറും ജില്ലാ ഓഫീസറല്ല, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ. അതും പോരാഞ്ഞിട്ട് രണ്ട് ജില്ലകളുടെ ചുമതലയും. എല്ലാ ആഴ്ചയും മലകയറി ഇടുക്കിയിലും പോകണം. എന്തായാലും കെ.എസ്.ആർ-ന്റെ അനുഗ്രഹം കൊണ്ട് മൂന്നാം വർഷത്തെ എൻ.ഓ.സി-യുടെ കാര്യത്തിൽ ഒരു തീരുമാനമായതിനാൽ ആസ്ഥാനത്തേക്ക് മടങ്ങി മാതൃജില്ലയിലോ സമീപജില്ലകളിലോ അല്ലാതെ അന്യത്ര സേവനം (ഡെപ്യൂട്ടേഷൻ) കഴിഞ്ഞപ്പോൾ തെക്കേ അറ്റത്തോട്ടുതന്നെ എടുത്തു. പറഞ്ഞു പറഞ്ഞു കാടുകയറി, കാര്യത്തിലോട്ടു കടക്കാം.

പുതിയ വീടിന് താരതമ്യേന വാടക കുറവായിരുന്നതും സാമാന്യം സ്ഥല സൗകര്യങ്ങൾ ഉണ്ടായിരുന്നതും തുളസിക്കുന്നിൽ നിന്നും വിദൂരത്തല്ലായിരുന്നതും അനുകൂല ഘടകങ്ങൾ ആയിരുന്നു. എന്നാൽ ആ വീടിന്റെ കാലപ്പഴക്കം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുംതോറും കൂടുതൽ സങ്കീർണമായി. അറ്റകുറ്റപ്പണികൾ പൂർണമായും സ്വന്തം നിലയിൽ ചെയ്യണമായിരുന്നു. ഇക്കാരണങ്ങളാൽ പട്ടത്തിന് സമീപം 10-15 km ചുറ്റളവിൽ സ്വന്തമായി കുറച്ച് സ്ഥലം വാങ്ങാമെന്നും പിന്നീട് വീട് വെക്കാമെന്നും ഒരു തീരുമാനമെടുത്തു, അതിനുള്ള ശ്രമവും തുടങ്ങി.

നമുക്ക് യോജിച്ചത് എന്തുതന്നെയായാലും കണ്ടെത്തുന്നതിന് നല്ല പ്രയത്നം വേണമെന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ നേരിട്ടും ബ്രോക്കർ മുഖാന്തിരവും സ്ഥലം വാങ്ങാനുള്ള അന്വേഷണം സജീവമാക്കി. തുളസിക്കുന്നിൽ നിന്നും അത്ര വിദൂരത്തല്ലാത്തതും വിൽക്കാനുള്ളതുമായ ഒരുമാതിരിപ്പെട്ട പ്ലോട്ടുകൾ 5-6 മാസങ്ങൾകൊണ്ട് കണ്ടു കഴിഞ്ഞു. പല പ്ലോട്ടുകളും കണ്ട് നമുക്കിഷ്ടപ്പെട്ടത് വാങ്ങാൻ ശ്രമിക്കുമ്പോൾ എന്തെങ്കിലും തടസ്സം വരും.

പട്ടത്തുനിന്നും 4 km മാത്രം അകലെ ഒരു ചെറിയ സ്ഥലം താങ്ങാവുന്ന ബജറ്റിൽ വാങ്ങാൻ മുൻപിൻ ആധാരങ്ങളുടെ പകർപ്പൊക്കെ വാങ്ങി പരിശോധിച്ചുവന്നപ്പോൾ അതിലൊരു കുരുക്ക്. അത് വിട്ട് അതിന് സമീപത്ത് 5 വർഷം മാത്രം പഴക്കമുള്ളൊരു വീട് വിൽക്കാനുണ്ടെന്നറിഞ്ഞു പോയി കണ്ടു, കുടുംബത്തിനെയും മറ്റും കൊണ്ടുവന്നു കാണിച്ചു, അത്ര തരക്കേടില്ലാത്ത വീടായതിനാൽ വലിയ വിലപേശൽ ഇല്ലാതെ വിലപറഞ്ഞുറപ്പിച്ചു. അപ്പോഴാണറിയുന്നത് കോർപ്പറേഷനിലും കളക്ടറേറ്റിലും സിവിൽ/ക്രിമിനൽ കോടതികളിലുമൊക്കെയായി കേസും പുക്കാറുമായി ആകെ പ്രശ്നമാണെന്ന്. ഫാക്ട് ചെക്ക് ചെയ്തപ്പോൾ സംഗതി ശരിയുമാണ്. വീട്ടുടമയുമായി ബന്ധപ്പെട്ടപ്പോൾ എല്ലായിടത്തുനിന്നും അനുകൂല ഉത്തരവ് സമ്പാദിച്ചിട്ടുണ്ടെന്നും പറഞ്ഞ് കോടതി ഉത്തരവുകളും മറ്റും കാണിച്ചു. എന്നാൽ ഉത്തരവിൽ വീട്ടുകാരൻ ചെയ്യേണ്ട ചില സംഗതികൾ പരാമർശിച്ചിട്ടുള്ളതിനെ പറ്റി ആരാഞ്ഞപ്പോൾ അതൊന്നും പറ്റില്ല, നിങ്ങൾ വാങ്ങിയിട്ട് വേണമെങ്കിൽ ചെയ്തോളൂ എന്നായി. പ്രശ്നങ്ങളൊക്കെ നേരിടുന്നത് അത്ര പുത്തരിയല്ലാത്തതിനാൽ അതിന്റെ പേരിൽ 2-3 ലക്ഷം കുറയ്ക്കണമെന്നും ആ തുക ഉപയോഗിച്ച് പരാതിക്കാരുമായുള്ള പ്രശ്നങ്ങൾ തീർക്കാമെന്നുമുള്ള എന്റെ ആവശ്യം വീട്ടുടമ തള്ളിയത് അതിന്റെ കാര്യത്തിൽ തീരുമാനമാകാൻ കാരണമായി.

അതേ ബ്രോക്കറിന്റെ പരിചയക്കാരൻ ആയ മറ്റൊരു ബ്രോക്കറെക്കൂട്ടി 75% പണിപൂർത്തിയായ ഒരു വീടുകാണാൻ പോയി. ഇനി പണി പൂർത്തിയാക്കാൻ പണമില്ലാത്തതിനാൽ വിൽക്കുന്നെന്ന് പറഞ്ഞെങ്കിലും അന്വേഷിച്ചപ്പോൾ വീട്ടുടമ കെട്ടിടം പണിയുന്ന മേസ്തിരിയാണെന്ന് ഇന്റലിജൻസ് റിപ്പോർട്ട് കിട്ടി. എന്തെങ്കിലുമാകട്ടെ വീടുകൊള്ളാം ഒറ്റ പ്രശ്നം, തഴെ ഒരു മുറിയെയുള്ളൂ. വേണമെങ്കിൽ ഒരു ചെറിയ മുറി പണിയാമെന്നൊക്കെ കരുതി തുടർ നടപടികളിലേക്ക് കടന്നപ്പോൾ ശരിക്കുള്ള ഉടമസ്ഥ ഒരു പ്രായമായ സ്ത്രീയാണെന്നും അവർക്ക് ആധാറും പാനും ബാങ്ക് അക്കൗണ്ടുമൊന്നുമില്ല, മുഴുവൻ തുകയും പണമായി നൽകണമെന്നും കേട്ടതോടെ എന്തോ ഒരു പന്തികേട് മണത്തു. മാത്രവുമല്ല വാങ്ങുന്നതിനുള്ള ബാങ്ക് ലോൺ തുക പണമായി കിട്ടില്ലല്ലോ, അങ്ങനെ അതും വേണ്ടെന്ന് വെച്ചു. എല്ലാവർക്കും പ്രാർത്ഥിക്കാൻ ഓരോ

കാരണങ്ങൾ എന്ന് പറയുന്ന പോലെ ഇവിടെ ഓരോന്നും മുടങ്ങാൻ ഓരോ കാരണങ്ങൾ. ഓരോ മുടക്കവും കൂടുതൽ ഊർജം പകർന്നപോലെ, തളരാതെ ഉശിരോടെ പ്രയത്നം തുടർന്നു.

അന്വേഷണം തുടരുന്നതിനിടെ 'ബാർബർഷോപ്പിൽ ഇരുന്നൊരാൾ വസ്തു വിൽക്കാനുണ്ടെന്ന് പറയുന്നത് കേട്ടു, സാറിന്റെ ബജറ്റിലൊതുങ്ങും. പട്ടത്തുനിന്നും 8 km മാത്രം, പണം അക്കൗണ്ടിൽ കൊടുത്താൽ മതി' എന്നീ ഓഫറുകളുമായി അതേ ബ്രോക്കർ വിളിക്കുന്നു. അന്നുതന്നെ പ്ലോട്ട് കണ്ടു, കൊള്ളാം. സമചതുരം, വെള്ളം കയറില്ല, എന്നാൽ കിണർ കുഴിച്ചാൽ വെള്ളം കിട്ടുന്ന സ്ഥലവുമാണ്. വഴി അൽപ്പം ദുർഘടമാണെങ്കിലും പരിസരമൊക്കെ നന്നായിട്ടുണ്ട്, ഗ്രാമീണാന്തരീക്ഷം. കുടുംബക്കാർക്കെല്ലാം ഇഷ്ടപെട്ടു. അതിനോട് ചേർന്ന പ്ലോട്ടിന്റെ അൽപ്പം മാറിയുള്ള സ്ഥലത്ത് കുറേ കല്ലറകൾ കണ്ടെങ്കിലും ജീവിച്ചിരിക്കുന്നവരെയല്ലേ പേടിക്കേണ്ടത്, മരിച്ചവർ ഒരു ശല്യവുമുണ്ടാക്കില്ല എന്ന ന്യായത്തിൽ ഞാൻ ഉറച്ചുനിന്നു, സ്ഥലമുടമയെ കണ്ട് വാക്കുറപ്പിച്ചു, ചെറിയതുക ടോക്കൺ അഡ്വാൻസും നൽകി. സാധ്യമായ എല്ലാ വഴികളും തേടി ഫണ്ട് സ്വരൂപിക്കാൻ തുടങ്ങി. കുറച്ച് തുക നൽകി 3 മാസത്തേക്ക് കരാർ എഴുതാൻ ചെന്നപ്പോൾ ഉടമസ്ഥന് ആകെത്തുകയുടെ പകുതിയോളം മുൻകൂറായി കിട്ടിയെങ്കിലേ കരാറാക്കാൻ കഴിയൂ എന്നായി. ഏകദേശം ഒരു വർഷത്തോളമായുള്ള അന്വേഷണം മടുപ്പായി തുടങ്ങിയതിനാലും ഇനി അന്വേഷിക്കാൻ സ്ഥലങ്ങളൊന്നും ബാക്കിയില്ലാത്തതിനാലും പറഞ്ഞതുക കണ്ടെത്തി മറ്റൊരു ദിവസം കരാറെഴുതി.

ബാങ്ക് ലോൺ മുഖാന്തിരം വസ്തു വാങ്ങി വീട് വെക്കേണ്ട സാഹചര്യമായതിനാൽ ബാങ്കിന്റെ ലീഗൽ അഡ്വൈസർ ആവശ്യപ്പെട്ട ഡോക്യുമെന്റ്സ് ഒക്കെ നൽകിയെങ്കിലും പ്രമാണത്തിലും കുടിക്കിട സർട്ടിഫിക്കറ്റിലുമുള്ള ചില കാര്യങ്ങളിൽ വ്യക്തതക്കായി സ്ഥലമുടമയെ നേരിട്ട് ഹാജരാക്കാമോ എന്ന് ബാങ്ക് ആവശ്യപ്പെട്ടു. നമ്മുടെ ആവശ്യമായിപ്പോയില്ലേ, കാര്യം പറഞ്ഞപ്പോൾ അദ്ദേഹം തയ്യാറായതിനാൽ ഞങ്ങൾ രണ്ടുപേരും കൂടി ലീഗൽ അഡ്വൈസറിന്റെ ഓഫീസ്-കം-വീട്ടിലേക്ക് ഗൂഗിൾ ലൊക്കേഷൻ ഇട്ട് പോയി. യാത്രക്കിടെ ചില സ്വകാര്യ വിശേഷങ്ങൾ പങ്കുവെക്കുന്നതിനിടെ നല്ലരീതിയിൽ പണികഴിപ്പിച്ച പുതിയ വീട് കിട്ടിയിരുന്നെങ്കിൽ അതായിരുന്നു താല്പര്യവും സൗകര്യവും എന്ന് അദ്ദേഹത്തിനോട് പറയുകയുണ്ടായി. അത് കേട്ടിട്ട് 'അതിനെന്താ നമുക്ക് നോക്കാമല്ലോ' എന്ന് അദ്ദേഹം പറഞ്ഞതുകേട്ട് 'അപ്പോൾ നമ്മുടെ കരാറോ' എന്ന എന്റെ ചോദ്യത്തിന് അതിപ്പോൾ നിങ്ങൾ അല്ലെങ്കിൽ മറ്റൊരാളെ നമുക്ക് കണ്ടെത്താം എന്ന് പറയുന്നതൊപ്പം ഈ വസ്തുവിന് സമീപം നല്ലൊരു വീടുണ്ടെന്നും നല്ലരീതിയിൽ പണികഴിപ്പിച്ച ആ വീടിന്റെ ഉടമ വീടുവയ്ക്കാൻ തന്റെ കയ്യിൽ നിന്നാണ് വസ്തു വാങ്ങിയതെന്നും പറഞ്ഞു വീട് പരിചയപ്പെടുത്തി. ആ വീട് കരാറെഴുതിയ വസ്തു കാണാൻ ചെന്നപ്പോൾ ഞാൻ നോട്ടമിട്ടെങ്കിലും അതിന്റെ ഉടമ വലിയ വിലയാണ് ചോദിക്കുന്നതെന്ന് അന്നേ ബ്രോക്കർ പറഞ്ഞ കാര്യം ഞാൻ വെളിപ്പെടുത്തി. 'ഓ, അതൊക്കെ മുൻപ്. ഇപ്പോൾ ന്യയമായ വില പറഞ്ഞാൽ താങ്കൾക്ക് വാങ്ങാം എന്ന് അദ്ദേഹം പറഞ്ഞത് കേട്ട് എന്റെ മനസ്സിൽ ലഡ്ഡു പൊട്ടി.

പിന്നീട് കാര്യങ്ങൾ ശരവേഗത്തിലായിരുന്നു. ആ സ്ഥലത്ത് ഒന്നര വർഷമായുണ്ടായിരുന്ന പരിചയങ്ങൾ ഉപയോഗപ്പെടുത്തി പുരയിടം തയ്യാറാക്കിയതു മുതൽ വീടുപണിയുടെ ഓരോഘട്ടത്തിന്റെയും നിലവാരത്തെപ്പറ്റി അന്വേഷിച്ചതിനെ തുടർന്ന് ലഭ്യമായ വിവരങ്ങൾ ആ വീട് തന്നെ വാങ്ങാൻ എന്നെ പ്രചോദിപ്പിച്ചു. പിറ്റേദിവസം വീട് തുറന്ന് കാണാൻ കഴിഞ്ഞു. എല്ലാവർക്കും വീട് നന്നായി ബോധിച്ചു. എന്നെ സംബന്ധിച്ച്, ഞാൻ എന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന രീതിയിൽ ഒരു വീട് സ്വന്തമായി നിർമ്മിച്ചിരുന്നെങ്കിൽ എങ്ങനെ ആയിരിക്കുമോ അതിന്റെ 90% ഇതുപോലെ തന്നെയെന്ന് തോന്നിപ്പിച്ചു. അതോടെ എങ്ങനെയും ഈ വീട് സ്വന്തമാക്കണമെന്ന് ഉറപ്പിച്ചു. വൈകുന്നേരം വീട്ടുടമയുമായി സംസാരിച്ചു, അല്ല വിലപേശി എന്ന് തന്നെ പറയാം. ഒട്ടും നഷ്ടമല്ലാത്ത വിലക്ക് വീടുറപ്പിച്ചു. വളരെപ്പെട്ടെന്ന് കാര്യങ്ങൾ നീക്കി, അൽപ്പം കസ്റ്റമൈസേഷൻ ചെയ്ത് പുതിയ വർഷത്തിൽ പുതിയ വീട്ടിൽ താമസവുമായി. കരാർ എഴുതിയ വസ്തു സഹോദരിയും കുടുംബവും വാങ്ങിയത് അനുഗ്രഹമായി. ഒന്നുരണ്ട് മാസത്തിനു ശേഷം കൊറോണ ഹോളിഡേയ്സ് ആരംഭിച്ചപ്പോൾ ആ വീടും പരിസരവും തരപ്പെട്ടിരുന്നില്ലെങ്കിൽ ആ കാലഘട്ടം അതിജീവിക്കാൻ പാടുപെട്ടേനെ എന്ന് തോന്നിയിരുന്നു.


പണ്ട് ആരോ പറഞ്ഞിട്ടുള്ളതുപോലെ വീട്, സ്ഥലം, ജോലി, പങ്കാളി ഇവയൊക്കെ നമുക്ക് കിട്ടേണ്ടതാണെങ്കിൽ നമ്മെ തേടി വരും. പക്ഷെ അതിനുള്ള ആത്മാർഥമായ ശ്രമം ഉണ്ടാവണമെന്ന് മാത്രം. ഒപ്പം സ്വന്തം പ്രശ്നങ്ങൾ ഉള്ളിൽ കുഴിച്ചുമൂടാതെ ഇടക്കെങ്കിലും മറ്റുള്ളവരോട് തുറന്നു പറയുന്നത് മിക്കപ്പോഴും ഗുണമേ ചെയ്യൂ എന്നും ഗുണപാഠം.






സുനിൽ.വൈ

എല്ലാ വർഷത്തെയും പോലെ നിരവധി സിനിമകളുമായാണ് 2023 പിറന്നത്. ജനശ്രദ്ധയാകർഷിച്ചതും കലാമൂല്യമുള്ളതുമായ ചില ചിത്രങ്ങളെ പരിചയപ്പെടുത്തിക്കൊള്ളട്ടെ.......





## കാതൽ (The Core)

കാതൽ അഥവാ അകക്കാമ്പ് ഒരു സംവിധായകന്റെ കയ്യൊപ്പ് പതിഞ്ഞ സിനിമയാണ്. മമ്മൂട്ടി എന്ന മഹാനടൻ കഥാപാത്രത്തിന്റെ പരാധീനതയും നിസഹായതയും നമ്മെ ഹൃദ്യമായി അനുഭവവേദ്യമാക്കുന്നു. കഥാപാത്രങ്ങളുടെ മികച്ച പ്രകടനവും ആകർഷകമായ കഥ പറച്ചിലും മനോഹരമായ ഷോട്ടുകളും ബോൾഡ് ആയ സമീപനവും കൊണ്ട് വേറിട്ട് നിൽക്കുന്ന ചിത്രം. ജ്യോതിക എന്ന നടിയുടെ കരിയറിലെ ഏറ്റവും മികച്ചതെന്ന് പറയാവുന്ന കഥാപാത്രം. ഒരു പ്രണയരഹിത ദാമ്പത്യത്തിന്റെ പുറന്തോട് പൊട്ടിച്ച് പുറത്തുവരാൻ ധൈര്യം കാണിച്ച സ്ത്രീകഥാപാത്രം. മലയാളി തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രം.




## RDX

ഉജ്വല യൗവ്വനത്തിന്റെ തീക്ഷ്ണതയും ചടുലതയും ആഘോഷമാക്കാനും പ്രണയവും പ്രണയനഷ്ടവും മാർഷ്യൽ ആർട്സിന്റെ പശ്ചാത്തലത്തിൽ അതിമനോഹരമായി വരച്ച് കാട്ടുവാൻ നഹാസ് ഹിദായത്തുള്ള എന്ന യുവ സംവിധായകനായിട്ടുണ്ട്. ഷെയ്ൻ നിഗം, ആന്റണി പെപ്പെ, നീരജ് മാധവ് എന്നീ മൂന്ന് നടൻമാരുടെയും മികച്ച പെർഫോമൻസ്. അൻപറിവിന്റെ തീ പാറും ആക്ഷൻ ഇടിയുടെ പൂരം. യുവതയുടെ ആഘോഷമാണ് RDX.




## Killers of the Flower Moon

Martin Scorsese എന്ന വിഖ്യാത സംവിധായകന്റെ ഇതിഹാസ ചിത്രമാണിത്. ലിയനാർഡോ ഡിക്കാപ്രിയോ, റോബർട്ട് ഡി നീറോ എന്നീ അതുല്യനടന്മാരുടെ വിസ്മയിപ്പിക്കുന്ന പ്രകടനം. 1920 കാലഘട്ടത്തിലെ ഓക്കലഹോമയിലെ ഓസേജ് കൊലപാതകങ്ങളുടെ ചുരുളഴിക്കുന്ന ത്രസിപ്പിക്കുന്ന ചിത്രം. തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രങ്ങളുടെ പട്ടികയിൽപ്പെടുത്താവുന്ന ഒന്ന്.

## ജിഗർദണ്ഡ ഡബിൾ എക്സ്

സിനിമ കൊണ്ട് സിനിമയ്ക്കൊരു കൺകെട്ട് തീർത്തിരിക്കുകയാണ് കാർത്തിക് സുബ്ബരാജ് എന്ന അതുല്യ സംവിധായകൻ. സിനിമയെ ഗൗരവമായി സമീപിക്കുന്നവർക്കൊരു പാഠപുസ്തകമാണീ ചിത്രം. കഥാപാത്രങ്ങൾ, പശ്ചാത്തലം എന്നിവയ്ക്കെല്ലാം വലിയൊരു ക്യാൻവാസ് ഉണ്ട്. ഫിലിം മേയ്ക്കിംഗിന്റെ ബ്രില്ല്യൻസ് ആസ്വദിക്കണമെങ്കിൽ ധൈര്യമായി കാണാവുന്നതും കാർത്തിക് സുബ്ബരാജിന്റെ ജിഗർദണ്ഡ സിനിമാറ്റിക് യൂണിവേഴ്സ് എന്തെന്ന് മനസ്സിലാക്കാവുന്നതുമാണ്. രാഘവ ലോറൻസ് എന്ന അഭിനയ പ്രതിഭയെ നമുക്ക് കാണിച്ച് തരുന്ന ചിത്രം. ക്ലിന്റ് ഈസ്റ്റ് വുഡിനെ ഈ ചിത്രവുമായി മനോഹരമായി ബ്ലൻഡ് ചെയ്ത് ആസ്വാദ്യകരമായ ഒരു ഹോളിവുഡ് ഫീൽ തമിഴിൽ കൊണ്ടുവന്ന് താലത്തിൽ വച്ച് തന്നിരിക്കുകയാണീ ചിത്രം.

## ടോബി

മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കന്നഡ സിനിമാലോകത്തിലെ ഷെട്ടി ത്രയങ്ങളിൽ രാജ്.ബി.ഷെട്ടി എന്ന അഭിനേതാവിന്റെ വിസ്ഫോടനാത്മകമായ ഒരു ചലച്ചിത്ര കാവ്യം. ''ഗരുഡ ഗമന ഋഷഭ വാഹന'' എന്ന ചിത്രത്തിൽ ബ്രഹ്മ-വിഷ്ണു-മഹേശ്വര സങ്കല്പത്തിലൂന്നിയ ഗാങ്സ്റ്റർ കഥയാണ് പറഞ്ഞതെങ്കിൽ ഇത്തവണ ''മാരി'' എന്ന വിശ്വാസത്തിലൂന്നി ടോബിയെന്ന സംസാരശേഷിയില്ലാത്ത ഒരു കഥാപാത്രത്തെ തന്റെ അഭിനയപാടവത്തിലൂടെ മികവാർന്ന ഒരു ചലച്ചിത്രമാക്കിത്തീർത്ത രാജ്.ബി.ഷെട്ടിയുടെ പ്രകടനം എത്ര പറഞ്ഞാലും മതിയാകില്ല. തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രമാണ് ടോബി.

## നേര്

മോഹൻലാൽ-ജിത്തുജോസഫ് കൂട്ടുകെട്ടിൽ പിറന്ന ചിത്രം. കാലിക പ്രസക്തിയുള്ള വിഷയം ചർച്ച ചെയ്ത ചലച്ചിത്രം. ജിത്തുജോസഫ് എന്ന ബ്രില്ല്യന്റായ ഡയറക്ടറിൽ നിന്നും




മോഹൻലാൽ എന്ന അഭിനയപ്രതിഭയിൽ നിന്നും നാം പ്രതീക്ഷിക്കുന്ന ഒരു നിലവാരത്തിലേയ്ക്ക് ചിത്രം എത്തിയോ എന്ന് സ്വാഭാവികമായും സംശയം വരാം. എങ്കിലും 2023 ലെ ജനശ്രദ്ധയാകർഷിച്ച സിനിമയായിരുന്നു 'നേര്' എന്ന Courtroom ഡ്രാമ.

## സലാർ




ആദ്യദിനം കൊണ്ട് തന്നെ കളക്ഷനിൽ റെക്കോർഡിട്ട ചിത്രം. റിബൽ സ്റ്റാർ പ്രഭാസിന്റെ തിരിച്ചുവരവിനായി ആഗ്രഹിച്ച ആരാധകരുടെ മനം നിറയ്ക്കുന്ന ചിത്രം. പൃഥ്വിരാജിന്റെ ഇതുവരെ പുറത്തിറക്കിയ ചിത്രങ്ങളിൽ മികച്ച് നിൽക്കുന്ന പ്രകടനം കാഴ്ച വച്ച സിനിമ. പൃഥ്വി-പ്രഭാസ് രസതന്ത്രം നന്നായിട്ടുണ്ട്, കെ.ജി.എഫ്, ബാഹുബലി, ബ്ലാക്ക് പാന്തർ എന്നീ ചിത്രങ്ങളെ അനുസ്മരിപ്പിക്കുന്ന പല സീക്വൻസുകളും ചിത്രത്തിലുണ്ട്. പ്രശാന്ത് നീൽ ന്റെ സിനിമാറ്റിക് യൂണിവേഴ്സ് മനസ്സിലാക്കി ചിത്രം കാണുന്നതായിരിക്കും ഉചിതം.


## ക്യാപ്റ്റൻ മില്ലർ

അരുൺ മാതേശ്വരൻ സംവിധാനം ചെയ്ത ഒരു വാർ ആക്ഷൻ ചിത്രമാണിത്. ഹോളിവുഡിലും തന്റെ സാന്നിധ്യം അറിയിച്ച ധനുഷ് എന്ന മഹാനടന്റെ കരിയറിലെ മികച്ച പ്രകടനം. പ്രതിഷേധങ്ങളും പ്രതിരോധങ്ങളും തീർക്കുവാൻ ആയുധമെടുത്ത് പോരാടുവാൻ ധൈര്യം കാണിക്കുന്ന ശക്തമായ സ്ത്രീകഥാപാത്രങ്ങളും ചിത്രത്തിന് മാറ്റ് കൂട്ടുന്നു. ധനുഷിന്റെ മില്ലറും (അനലീസൻ) ശിവരാജ് കുമാറിന്റെ സെങ്കോളനും തന്നെയാണ് ചിത്രത്തിന് കൈയടി നേടിക്കൊടുക്കുന്നത്. അതിസുന്ദരമായ ബി.ജി.എം, മികച്ച ഛായാഗ്രഹണം, വ്യത്യസ്ത ഭാവങ്ങളുമായി ധനുഷിന്റെ ആറാട്ട്, സ്വാതന്ത്ര്യത്തിന് മുമ്പുള്ള കാലഘട്ടത്തിലേയ്ക്ക് നമ്മെ കൂട്ടിക്കൊണ്ട് പോകുന്നു. ബ്രിട്ടീഷ് അധിനിവേശ കാലത്ത് നാട്ടുരാജാവിന്റെ ഭരണത്തിൻ കീഴിലുള്ള ഒരു ഗ്രാമത്തിന്റെ കഥ പറയുന്ന ആക്ഷൻ ചിത്രം. കലാമൂല്യമുള്ള ഒരു വ്യത്യസ്ത ചിത്രം.

## 12th Fail

നിരൂപകരുടെയും പ്രേക്ഷകരുടെയും പ്രശംസ ഒരു പോലെ നേടിയ വിധു വിനോദ് ചോപ്ര സംവിധാനം ചെയ്ത ചിത്രമാണ് 12th Fail. Motivational movie എന്ന് പറഞ്ഞാൽ ഇതാണ് എന്ന് കാട്ടിത്തരുന്ന ചിത്രം. കുടുംബസമേതം കാണുകയും മക്കളെ ഒപ്പമിരുത്തി തീർച്ചയായും കാണിച്ചു കൊടുക്കേണ്ട സിനിമയുമാണിത്. മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന യുവജനത തീർച്ചയായും കാണണം. കൊള്ളക്കാർക്ക് പ്രസിദ്ധിയാർജിച്ച 'ചമ്പൽ' ൽ നിന്നും പന്ത്രണ്ടാം ക്ലാസ് തോറ്റ് പിന്നീട് അതികഠിനമായ ജീവിത യാഥാർത്ഥ്യങ്ങളെ വെല്ലുവിളിച്ച് സത്യത്തെയും ധർമ്മത്തെയും മുറുകെ പിടിച്ച് IPS നേടുന്ന മനോജ്കുമാർ ശർമ എന്ന യുവാവിന്റെ കഥയാണിത്. കഴിഞ്ഞ വർഷത്തെ Outstanding movie എന്ന് നിസംശയം പറയാം.

കലാസ്വാദകർക്ക് മികച്ച സിനിമകളുടെ വർഷമായി തീരട്ടെ 2024 എന്ന് ആശംസിച്ചുകൊണ്ട് എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ.



കുട്ടിവര

Diya Shameem
(D/o. Ajina Mohamed Thasim)

# സമകാലിക രാഷ്ട്രീയവും കേരളവും

# സഹികെട്ടാൽ എം.ടി പള്ളും പറയും





എ.കെ.സാദിക്
(മുൻ പ്രസിഡന്റ് PSCEA)

**അ**ങ്ങനെ ഒടുവിൽ അത് സംഭവിച്ചു. അതും പുതുവർഷത്തിൽ. വൈകിയാണെങ്കിലും കിട്ടിയപ്പോൾ വയറു നിറയെ കിട്ടി. കിട്ടിയതോ ഏറ്റവും അർഹതപ്പെട്ട ആളിൽ നിന്നും. അതാകട്ടെ ആയിരക്കണക്കിനാളുകളുടെ മുമ്പിൽ വച്ച് ലൈവായി ആനന്ദലബ്ധിക്കിനിയെന്തുവേണം. ഇരുത്തി പൊരിക്കുക എന്നു കേട്ടിട്ടുള്ള മുഖ്യന് അത് അനുഭവപ്പെടുത്തി, എം.ടി.വാസുദേവൻനായർ കൊടുത്താൽ കൊല്ലത്തോ കോഴിക്കോട്ടോ എവിടെ നിന്നെങ്കിലും കിട്ടും എന്ന പ്രാക്ടിക്കൽ ക്ലാസും കിട്ടി. കൈയ്യടിച്ച ജനം ഒന്നടങ്കം പറഞ്ഞു. ഇതാണ് യഥാർത്ഥ നവകേരള സദസ്സ്. പക്ഷേ അപ്പോഴും ശുപ്പാണ്ടി ശിങ്കിടി ജയരാജ് എന്ന പരാജയൻ പറയുന്നു ''ഞങ്ങളുടെ മൊയ്‌ലാളിയെ അല്ല കേന്ദ്ര മൊയ്‌ലാളി മോഡിക്കാണ് കൊടുത്തതെന്ന്. മണ്ടഗണേശാ മലയാളത്തിൽ പറഞ്ഞതും ഇ.എം.എസ് അങ്ങനെ ആയിരുന്നില്ല എന്നും പറഞ്ഞത് വിവരശൂന്യന്മാരായ എല്ലാ കമ്മ്യൂണിസ്റ്റുകൾക്കും ഒരു പോലെ അത് മുഖ്യനെ മാത്രം ഉദ്ദേശിച്ചാണ് എന്ന് തിരിച്ചറിയാനാണ്. അറിയേണ്ടുന്ന പൊട്ടനു മനസ്സിലായാലും കേട്ട പൊട്ടന്മാർ അങ്ങനെയാ. ഇപ്പോഴാണ് 50 വർഷം മുമ്പ് കൊല്ലത്തു നടന്ന കഥ ഓർമ്മ വന്നത്. ഗുസ്തി മത്സരമാണ്. രണ്ടു പേരും രണ്ടു മതവിഭാഗക്കാർ. വിസിൽ അടിച്ചു. അര മിനിറ്റിൽ ഒരാൾ തോറ്റു വീണു. മത്സരം തീർന്നു. പക്ഷേ തോറ്റ ആളുടെ മതവിഭാഗക്കാർ ബഹളം വച്ചു. ഫൗളായിരുന്നു. വീണ്ടും വിസിൽ. അപ്പോഴും തോറ്റു. ഇല്ല റഫറിക്കു തെറ്റുപറ്റിയതാ. വീണ്ടും വിസിൽ. അപ്പോഴും തോറ്റു. ഇല്ല റഫറിക്കു തെറ്റു പറ്റിയതാ. തോറ്റിട്ടില്ല തോറ്റിട്ടില്ല തോറ്റ ചരിത്രം കേട്ടിട്ടില്ല. മതഭ്രാന്തന്മാർ ബഹളം. നാലാംവട്ടം വിസിൽ മുഴങ്ങി. ഗ്രൗണ്ടിൽ തോറ്റു വീണു കിടന്ന ഗുസ്തിക്കാരൻ. ''എടാ ദ്രോഹികളെ ഞാൻ ആദ്യമേ തോറ്റതാ. നീയൊക്കെക്കൂടി എന്നെ കൊന്നേ അടങ്ങത്തോള്ളോ'' അലറി. അതോടെ കളിയും തീർന്നു കഥയും കഴിഞ്ഞു.

മുഖ്യസഖാവ് സമ്മതിച്ചാലും കുട്ടി സഖാക്കൾ ചത്താലും സമ്മതിക്കില്ല. ഇതിനിടെ കൊല്ലത്ത് മന്ത്രിസഖാക്കൾ ട്രോഫിക്ക് മർക്കടമുഷ്ടി നടത്തിയത് കണ്ട് സഹികെട്ട് മമ്മൂട്ടി ട്രോഫി വിട്ട് ജീവനും കൊണ്ടോടി. എം.പി.പ്രേമചന്ദ്രനെ വിളിക്കാതിരുന്നതിനാൽ പണ്ട് മുഖ്യൻ പറഞ്ഞതുപോലെ ''നാറേണ്ടി'' വന്നില്ല.

കഷ്ടകാലസമയമായതിനാൽ ഇനി തൊഴുത്തുമാറ്റി കെട്ടി നോക്കാം എന്ന് മുഖ്യന്റെ ശാസ്ത്ര, ഐ.റ്റി, ആഭ്യന്തര, ധനശാസ്ത്ര, സാമ്പത്തിക, പി.ആർ, ഉപദേശിമാർക്കൊപ്പം ആസ്ഥാന ജ്യോത്സ്യർ കൂടി ഒന്നിച്ചിരുന്നു കവടി നിരത്തി പറഞ്ഞു. സ്പീക്കറുടെ റൂളിംഗ് വന്നു. കവടി മിത്തല്ല. സത്താണ്. അതോടെ രണ്ട് അര മന്ത്രിമാരെ തൊഴുത്തുമാറ്റിക്കെട്ടി. അങ്ങനെ ''മൊഴിചൊല്ലൽ'' മത്സരത്തിൽ ജയിച്ച കോഴിക്കോട്ടുകാരന് കൂട്ടായി കൊല്ലംകാരനെ കിട്ടി. അതിലെ സീനിയർ കഴിഞ്ഞ ദിവസം ഒരു സത്യം പറഞ്ഞു. രാഹുൽ മാങ്കൂട്ടത്തിനെ അല്ല എന്നെയും പണ്ട് വെളുപ്പാൻ കാലം ഉറക്കപ്പായിൽ നിന്ന് പോലീസ് പൊക്കി എന്ന്. എന്തിനായിരുന്നു സഖാവേ എന്ന് ചോദിച്ചാൽ ഡോക്ടർ ഭാര്യയെ ഭിത്തിയിൽ ചേർത്ത് നിറുത്തി കഴുത്തിനു പിടിച്ച് നാഭിക്കു ചവിട്ടി മൂത്രതടസ്സം വരുത്തിയ ''രക്ഷാപ്രവർത്തന''ത്തിന് എന്ന് എൽ.കെ.ജി കുട്ടികൾ വരെ ശരി ഉത്തരം എഴുതും. മറ്റേ മഹാന്റെ ഭാര്യയും ഡോക്ടറായിരുന്നു. അദ്ദേഹം വി.എസ്. എന്ന മുൻ മുഖ്യൻ ഞരമ്പുരോഗിയാണെന്ന് കണ്ടെത്തി. മന്ത്രിസ്ഥാനം പോയപ്പോൾ ഒ.സി മുൻ മുഖ്യന് സോളാർ ബന്ധം എന്ന് കള്ളകത്തെഴുതി നാറ്റിച്ചു. എന്തായാലും വിദേശിയുടെ അടിവസ്ത്രം അടിച്ചുമാറ്റിയ വക്കീൽ

മന്ത്രിയെ മാറ്റി പകരം വച്ചത് അതുക്കും മേലെ പലരുടെയും മുഴുവസ്ത്രം ഉരിഞ്ഞവൻ തന്നെ വേണമല്ലോ? നല്ല കണ്ടെത്തൽ. മൊഴിചൊല്ലൽ മത്സരത്തിൽ ഒപ്പത്തിനൊപ്പമുള്ള കൊല്ലം ജില്ല എം.എൽ.എ യ്ക്ക് ഒരു കാൽവർഷം മന്ത്രിസ്ഥാനം ആകാനുള്ള പൂതി ഉണ്ടേ മനസിൽ. പിന്നെ ഒരാശ്വാസം വയസൻ പൂച്ചക്കുട്ടി മന്ത്രിയും കൂട്ടിനുണ്ട് എന്നതാണ്. ഇവരെ നാലു പേരെയും സ്ത്രീസുരക്ഷയുടെ അംബാസിഡർമാരാക്കാം.

പാവം ശിവശങ്കരൻ ഫ്ളാറ്റിൽ ദിവസവും ബിവറേജ് നുണഞ്ഞ് സ്വർണ്ണക്കടത്തുകാരിയുടെ കടുംപിടിത്തത്തിൽ പെട്ടപ്പോൾ ഇത്ര വേഗം എവിടെയൊക്കെ എല്ലുണ്ടോ അതെല്ലാം പൊടിയുന്ന അവസ്ഥ പ്രതീക്ഷിച്ചില്ല. ചില മുൻ മന്ത്രിമാരും മുൻ സ്പീക്കറും തങ്ങളുടെ എല്ല് എപ്പോൾ പൊടിയും എന്ന ഭയത്താൽ മുൻകൂർ ചികിത്സാ ജാമ്യത്തിന് ഓടുകയാണ്. എല്ലുപൊടി വിൽക്കപ്പെടും എന്ന ബോർഡ് കണ്ടിട്ടുണ്ട്. പക്ഷേ അതിന്റെ പിന്നിലുള്ള രഹസ്യം ഇപ്പോഴാണ് പിടികിട്ടിയത്. എന്തായാലും ഇംഗ്ലീഷ് ഉന്നത വിദ്യാഭ്യാസമന്ത്രിയുടെ ക്ലാസെടുപ്പ് വൈറലായി. ''വെയറെവർ ഐ ഗോ ഐ ടേക്ക് മൈ ഹോം ഓൺ മൈ ഹെഡ്''. ശരീരവും നാക്കും മാത്രമല്ല തലയ്ക്കും നല്ല കനമാ (ഹെഡ് വെയ്റ്റ്) മുഖ്യന് ഇംഗ്ലീഷ് പഠിപ്പിച്ചതിങ്ങനെ. ''വെയറെവർ ഐ ഗോ ഐ ടേക്ക് മൈ വൈഫ് ഓൺ മൈ ഹെഡ്.'' സർക്കാരാശുപത്രികളിൽ വരുന്നവർ പറയുന്നതിങ്ങനെ. 'വെയർഎവർ ആന്റ് വെൻഎവർ ഐ ഗോ റ്റു ഹോസ്പിറ്റൽ ഐ ടേക്ക് സം 'പഞ്ഞി' ഇൻ മൈ പോക്കറ്റ്. സിവിൽ സപ്ലൈസും മാവേലിയും എല്ലാം കടയ്ക്കു മുമ്പിൽ ''കട കാലിയാക്കൽ പദ്ധതി'' എന്ന ഫ്ളക്സ് വലിച്ചു കെട്ടി. ദോഷം പറയരുത് കേരളത്തിൽ ഇപ്പോൾ പശു, തൊഴുത്ത്, ചാണകം, കുഴി എന്നിവ ഓഹരി വിപണിയിൽ നല്ല മാർക്കറ്റും സാനിറ്ററി ക്ലോസറ്റിനു വൻ വിലക്കുറവുമുണ്ട്. പക്ഷേ പശുവിന്റെ ക്ലോസറ്റിന് 3.72 ലക്ഷം രൂപ. 21 മന്ത്രിമാരും കൂടി ഒരു ബസിൽ ടോയ്‌ലറ്റിൽ ഗെറ്റ് റ്റുഗതർ നടത്തിയതും അത് ലീക്കായതും വാർത്ത ലീക്കായി നാട് നാറിയതും മറക്കാനാവും മുമ്പ് പുതിയ ശൗചാലയ നിർമ്മാണം പ്രധാനമന്ത്രി തൃശൂരിൽ വരുന്നതിനാലാണ് ഈ ചാണകപ്രേമം. ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പേ കേരള സർക്കാർ.

'സ' കാരത്തിൽ പ്രത്യക്ഷപ്പെട്ട സോളാറിനെയും സ്വർണ്ണത്തെയും കടത്തിവെട്ടി 'മ' കാരത്തിൽ കടന്നുവന്ന മറിയക്കുട്ടി കലക്കി. ചുവപ്പ് ചട്ടിയും കറുത്ത ബ്രായും എല്ലാം മുഖ്യന് നാശനഷ്ടങ്ങൾ വരുത്തിയ മാരകായുധങ്ങളായി. ഇവ നിരോധിച്ചേക്കാം. കാലൻ, പോത്ത്, കിയാ കാർണിവൽകാർ, നവകേരള ബസ് എന്നിവ ഒഴികെ കറുപ്പ് നിറം ഇനി അനുവദീയമല്ല. നിർത്തലാക്കിയ വർണ്ണവിവേചനവും അടിമസമ്പ്രദായവും നവകേരളത്തിൽ തുടക്കം കുറിച്ചു കഴിഞ്ഞു. മുഖ്യന്റെ കമാന്റോകൾ കറുത്ത വസ്ത്രത്തിൽ വന്ന് കറുത്ത ചുരിദാറിട്ട സ്ത്രീയെ പിടിച്ചു കൊണ്ടു പോകുന്ന വിചിത്രകാഴ്ച സഞ്ചാരം സന്തോഷ് 192 രാജ്യങ്ങളിൽ കേരളത്തിൽ മാത്രം കണ്ട കാഴ്ച. സാംസ്കാരിക നായകൾ ഒന്നടങ്കം ഉറക്കത്തിൽ. വനിതാവാദികളും കമ്മീഷനും അന്ത്യവിശ്രമത്തിലും. അടിമ എന്നു കേട്ടപ്പോൾ കുത്തബുദ്ദീൻ ഐബക്കിനെ ഓർമ്മ വന്നു. ആയിരം വർഷം മുമ്പ് ഇന്ത്യയിൽ അടിമ വംശം സ്ഥാപിച്ച വ്യക്തി. 700 വർഷത്തെ രാജഭരണവും 190 വർഷത്തെ ബ്രിട്ടീഷ് ഭരണ ശേഷം കോൺഗ്രസ് പ്രസ്ഥാനം രാജ്യത്തിനു സ്വാതന്ത്ര്യം നേടിയെടുത്തു. ഇന്നിതാ ആയിരം വർഷത്തിനുശേഷം കേരളത്തിൽ രണ്ടാം അടിമവംശ സ്ഥാപകനായി പിണറായി മാറിയിരിക്കുന്നു.1865 ൽ ലിങ്കൺ നിർത്തലാക്കിയ അടിമത്തം സ്വന്തം പാർട്ടിയിലും ഭരണത്തിലും നടപ്പിലാക്കിയ വിജയൻ അത് പുനഃസ്ഥാപിച്ച വകയിൽ നമ്പർ വൺ മാത്രമല്ല ഇരട്ട ചങ്കനും ആണ്.

നമ്മുടെ നാട്ടിൽ പി.എസ്.സി മത്സര പരീക്ഷ തുടങ്ങിയ നാൾ മുതൽ കോൺഗ്രസ് രൂപീകരിച്ച വർഷം ഏത്? സ്ഥാപകൻ ആര്? ആദ്യ കോൺഗ്രസ് പ്രസിഡന്റാര് ? എവിടെയാണ് രൂപീകരിച്ചത് ? എത്ര പേർ ആദ്യ സമ്മേളനത്തിൽ പങ്കെടുത്തു? എന്നു തുടങ്ങി ഒരു മാർക്കിന്റെ ആയിരക്കണക്കിനു ചോദ്യങ്ങൾ പി.എസ്.സി പരീക്ഷയ്ക്ക് ചോദിച്ചിട്ടും നാളിതുവരെ CPI ഇന്ത്യയിൽ സ്ഥാപിച്ചതെന്ന്? എവിടെ? ആദ്യ ജനറൽ സെക്രട്ടറി ആര്? എത്ര പേർ പങ്കെടുത്തു ? എന്ന് തലയ്ക്ക് സ്ഥിരത ഉള്ള ഒരാളും ഇന്നു വരെ ചോദിക്കാത്തതെന്തുകൊണ്ട് ? പല സഖാക്കളും ചെയർമാന്മാരായിട്ടും ഒരു മാർക്കിന്റെ ഒരു ചോദ്യം നമ്മുടെ പാർട്ടിയെക്കുറിച്ച് പി.എസ്.സി പരീക്ഷയ്ക്ക് ചോദിക്കാത്തതെന്തുകൊണ്ടായിരിക്കും എന്ന് പോളിറ്റ് ബ്യൂറോ സഖാക്കൾക്കുപോലും അറിയില്ല. കാരണം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചത് ഒളിവിൽ പോയി റഷ്യയിലെ ഒളിസങ്കേതത്തിൽ ഇരുട്ടത്താണ് നിർമ്മിച്ചത്. ബോംബു നിർമ്മിക്കുന്നത് രഹസ്യ കേന്ദ്രത്തിലല്ലേ? അതുപോലെ. അതു ശരിയാ രണ്ടും ഒന്നു തന്നെയാണല്ലോ ? നശീകരണ വസ്തു അപ്പോൾ പിന്നെ തല പുകഞ്ഞു ചിന്തിച്ചിട്ടോ ചിന്ത വായിച്ചിട്ടോ ചിന്ത ജെറോമിനോട് ചോദിച്ചിട്ടോ ഒരു കാര്യവും ഇല്ല. ഒളിസങ്കേതത്തിൽ പിറക്കുന്ന ഒന്നിനും ഒരു തെളിവും വെളിവും കാണില്ല എന്നത് സ്വാഭാവികം.

ഫ്ളക്സിൽ ചിത്രമോ പ്രതിമയോ വ്യക്തി പൂജയോ പാടില്ല എന്നു നിർബന്ധമുള്ള പിണറായി വി.എസ് ന്റെ ചിത്രം വച്ചടിച്ച പോസ്റ്ററുകൾ പോലും പാടില്ല എന്ന നിലപാടിലായിരുന്നു. കണ്ണൂരിന്റെ ചെന്താമര എന്ന പി.ജയരാജന്റെ പി.ജെ. ആർമി എന്ന ഫാൻസ് അസോസിയേഷനെ പിരിച്ചുവിട്ട പാർട്ടി. ഇപ്പോൾ സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പാ എന്നത് ഭേദഗതി ചെയ്ത് ''പിണറായി'' എന്ന് ഉത്തരവിട്ടിരിക്കുന്നു. രാജാവിന്റെ ഫ്ളക്സ് തല കാണാൻ മരം വരെ വെട്ടിമാറ്റുന്നു. രാജീവ് ഗാന്ധിയുടെ കാലത്ത് 'Computers man eaters. Man eaters job eaters. We don't want this computer'' എന്നു ആരോ എഴുതിക്കൊടുത്ത മുദ്രാവാക്യം ഏറ്റുവിളിക്കാനറിയാത്തതുകൊണ്ട് അങ്ങനെ തന്നെ അങ്ങനെ തന്നെ അങ്ങനെ തന്നെ സിന്ദാബാദ് എന്നു വിളിച്ചത് വിവരവും വിദ്യാഭ്യാസവും ഇല്ലാത്ത കാലമായിരുന്നു എന്നു പറയാം. എന്നാൽ ഇന്ന് കേരളം ലോക വിദ്യാഭ്യാസ വിവര രംഗത്ത് നമ്പർ വൺ ആയിട്ടും ''വിജയൻ സൂര്യ (ഭഗവാൻ) ആണ്. അടുത്ത് ചെന്നാൽ കരിയും.'' എന്ന് ഏതോ കോവിന്ദൻ 'പുളു' അടിച്ചപ്പോളും അങ്ങനെ തന്നെ അങ്ങനെ തന്നെ എന്ന് വിളിച്ചു കൂവാൻ നാണമില്ലേ. പക്ഷേ ഇത്രയും നാൾ ഈ സൂര്യതാപം ഏറ്റിട്ടും കമലം കരിയാത്തതെന്തേ ? അതോ വിജയ സൂര്യൻ എയർകണ്ടിഷൻസ് ആണോ? ''ഒന്നുകൂടി ചോദിച്ചോട്ടേ എന്തേ കറുപ്പിനോടിത്ര കലിപ്പ് ബിജയാ''? സൂര്യതാപം ഏറ്റ് കറുക്കാതിരിക്കാൻ എന്ത് വേണം ? ഭയം വേണ്ട. ജാഗ്രത മതിയോ ? കോവിഡിനിടയിൽ പാറശാലയിൽ ചുവപ്പ് സാരിയും ചുവപ്പ് ബ്ലൗസും ചെവിയിൽ ചുവപ്പ് ചെമ്പരത്തി പൂവും വച്ച് ആയിരം സഖാത്തികൾ തിരുവാതിര ആടി ''ഇന്നീ പാർട്ടി ലോകമെങ്ങും (കേരളം മാത്രം) ശോഭിച്ചീടും കാരണഭൂതം പിണറായി വിജയനെന്ന സഖാവ് തന്നെ'' എന്ന് നുണ പറഞ്ഞപ്പോഴും അടിമ അണികൾ ''അങ്ങനെ തന്നെ അങ്ങനെ തന്നെ'' എന്ന് കോറസ് പാടി. പുരാണത്തിലെ നാരദൻ മരിച്ചുപോയി എങ്കിലും അടിമസഖാക്കൾ ഉള്ളിടത്തോളം ആ കുറവ് അറിയുകയേ ഇല്ല. മതത്തിനും ദൈവത്തിനും എതിരാണ് കമ്മ്യൂണിസം എന്ന് മാർക്സ്. അതുകേട്ട് ഒരുവൻ പള്ളിയല്ല പണിയണം പള്ളിക്കൂടമായിരം എന്നു പാടി.'' ആ പാട്ടിട്ട് രസിച്ചാണ് ബംഗാളികൾ JCB വച്ച് നൂറു കണക്കിന് പള്ളിക്കൂട മതിലുകൾ പൊളിച്ച് 'പറക്കുംതളിക' കയറ്റിയത്. വിവരദോഷികൾ. നാളിതുവരെ സഖാക്കൾ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തിട്ടില്ല. കാരണം ദൈവം എന്ന് ഒന്നില്ലല്ലോ ? അതിനാൽ വാസവ(ദത്ത)ൻ ദൃഢപ്രതിജ്ഞയാണെടുത്ത് മന്ത്രിയായത്. പക്ഷേ അധികാര മത്ത് പിടിച്ചപ്പോൾ എം.ടി പറഞ്ഞതുപോലെ നേതൃപൂജാരോഗം പിടിപെട്ടുടിയാൻ പ്രഖ്യാപിച്ചത് പിണറായി വിജയൻ ദൈവത്തിന്റെ സ്വന്തം വരദാനം ആണത്രേ. ഉമ്മൻചാണ്ടിയെ എങ്ങാനും വിശുദ്ധനായി വാഴ്ത്തപ്പെടുത്തുന്നതിനുമുമ്പേ ഭഗവാൻ വാസുദേവന്റെ റോൾ വാസവനെടുത്തു. അപ്പോ ദൈവമുണ്ടോ വാസവാ എന്ന മറുചോദ്യം ചോദിക്കാൻ മുഖ്യമന്ത്രിക്കു കൊല്ലം ബീച്ചിൽ ഭീമൻപടം വരയ്ക്കാൻ ഉപയോഗിച്ച നട്ടിന് ഉറപ്പുള്ള ഒരുത്തൻ ഈ പാർട്ടിയിൽ ഉണ്ടോ ? ഉണ്ടായിരുന്ന ഒരാളിന് ഇപ്പോൾ അതുണ്ടോ എന്നു പോലും ഓർമ്മയില്ലാത്ത അവസ്ഥ. ഹാ കഷ്ടം. എന്തായാലും ദൈവത്തിന്റെ വരദാനം ഒരു പുതിയ വകുപ്പ് തുറമുഖം വാസവന് ദാനമായി കിട്ടി. സൂര്യനെപ്പോലെ നിൻ മുഖം എന്നു പുകഴ്ത്തിയ സഖാവ് കോവിന്ദന് കോളടിച്ചു കിട്ടുന്നതെന്തായിരിക്കും. പക്ഷേ മന്ത്രിണിയുടെ സ്തുതിഗീതം ലാപ്സായിപ്പോയി. ഈ കപ്പലിന് ആടി ഉലയാത്ത കപ്പിത്താനുണ്ടെന്ന് പറഞ്ഞിട്ടും നവകേരളകക്കൂസു ബസ് മണ്ണിൽ പുതഞ്ഞുപോയി.

ഫീസ് കൊടുത്തു മാത്രം പാരമ്പര്യം ഉള്ളവർക്ക് ഗുഡ് സർവ്വീസ് എൻട്രി ഗുണ്ട ഫീസും തമ്മിൽ തിരിച്ചറിവില്ലെങ്കിൽ ഇതല്ല ഇതിലപ്പുറം കാണിക്കുക തന്നെ ചെയ്യും. രാഹുൽ മാങ്കൂട്ടത്തെ റിമാൻഡു ചെയ്തതിനു നേതാവിന്റെ മറുപടി. കോടിയേരിയുടെ മോൻ ജയിലിൽ കിടന്നു എന്ന്. സഖാക്കൾ മണ്ടന്മാരാണെന്നതിന് ഒരു തെളിവും വേണ്ട. ഇതുപോരെ മയക്കുമരുന്നു കച്ചവടവുമായും പണമിടപാടുമായും അവിഹിത ഗർഭത്തിനുമെതിരെ ജയിലിൽ കിടന്നത് യോഗ്യത എങ്കിൽ അടുത്ത CPM മന്ത്രി ഗോവിന്ദച്ചാമി ആയിരിക്കും. ചെടിച്ചട്ടിയും ഹെൽമറ്റുമായി യൂത്ത് കോൺഗ്രസുകാരെ ഡിഫിക്കാർ ആക്രമിച്ചത് ലോകം മുഴുവൻ കണ്ടിട്ടും മുഖ്യം മാത്രം കണ്ടില്ലത്രേ. രാജമാണിക്യത്തെ പോലെ വലതുവശം ഒന്നും ടിയാൻ കാണില്ല. ഇടതുഭാഗത്താണെങ്കിൽ ഉള്ളതും ഇല്ല, അതും എല്ലാം കാണും. ഗവർണറെ കരിങ്കൊടി കാട്ടിയവരെ പോലീസ് പിടിച്ചതും സ്വന്തം വകുപ്പിന്റെ പോലീസ് ജീപ്പ് SFI ക്കാർ തല്ലിത്തകർത്തതും മുഖ്യൻ കണ്ടിട്ടും ഒരു കുറ്റബോധവുമില്ല. പോലീസുകാർക്ക് യൂത്ത് കോൺഗ്രസുകാരെ ശക്തമായി നേരിടാൻ പോലീസിനെ ന്യായീകരിച്ച് പ്രോത്സാഹനം നൽകി. ട്രെയിനിന്റെ മുമ്പിൽ ആത്മഹത്യ ചെയ്യാൻ വരുന്നവരെ പിടിച്ചു മാറ്റുന്ന രക്ഷാപ്രവർത്തനമത്രെ പോലീസും ഡിഫിയും ചെയ്തതെന്ന് മുഖ്യൻ. കേരളത്തിലെ മുഴുവൻ വോട്ടർമാരും മണ്ടന്മാരായതു കൊണ്ടാണല്ലോ താൻ മുഖ്യമന്ത്രിയായിരിക്കുന്നതെന്ന് പൂർണ്ണ ബോധ്യം വരദാനത്തിനുണ്ട്. ഒരേ സമയം SFI നേതാവ് രണ്ടു കോളേജുകളിൽ പഠിച്ച് പരീക്ഷ പോലും എഴുതാതെ വിജയിക്കുന്നു. കോളേ

ജിൽ മത്സരിക്കാത്തവൻ കൗൺസിലറായി SFI യ്ക്കു വേണ്ടി വോട്ടു ചെയ്യുന്നു. പരീക്ഷാ തട്ടിപ്പ് പുറത്തു കൊണ്ടു വന്ന ഏഷ്യാനെറ്റ് റിപ്പോർട്ടർക്കെതിരെ ഗൂഢാലോചന കേസെടുക്കുന്നു. മുഖ്യമന്ത്രിയുടെ ബസിനു നേരെ ഷൂ എറിയുന്നത് ലൈവായി റിപ്പോർട്ട് ചെയ്ത ലേഖികയ്ക്കെതിരെ ഗൂഢാലോചന കേസ്. ആരിഫ്ഖാനെ തെമ്മാടി എന്ന് മുദ്രാവാക്യം വിളിച്ച് കരിങ്കൊടി കാട്ടുന്ന SFI കാർക്ക് പ്രോത്സാഹനം. മുഖ്യനെതിരെ കരിങ്കൊടി പാടില്ലത്രേ. ഇത്രയും തരംതാണ പക്ഷപാത നടപടി കണ്ടിട്ടും അതിനെ ന്യായീകരിക്കുന്നവരെ മലയാളഭാഷയിലെ എത്ര നികൃഷ്ടഭാഷയിൽ വിശേഷിപ്പിച്ചാലും അധികമാകില്ല.

പോക്രിത്തരത്തിനും ഒരു അതിരുണ്ട്. അത് വെറുതെ പറയുന്നതല്ല എന്ന് ഈയിടെ സർവ്വകലാശാലകളിലെ കോളേജ്, പോളിടെക്നിക്, ഐ.റ്റി.ഐ കളിലെ കെ.എസ്.യുവിന്റെ മിന്നുന്ന ജയം സഖാക്കളുടെ അഴിഞ്ഞാട്ടത്തിനുള്ള കനത്ത താക്കീതാണ്. എം.ടി പറഞ്ഞ പോലെ ഭരണാധികാരി എറിഞ്ഞു കൊടുക്കുന്ന നക്കാപിച്ച കിറ്റ് ആണ് ഈ തുടർഭരണത്തിന് ഇടവരുത്തിയത്. അതിനുപകരം എല്ലാത്തരം ജനങ്ങളുടെയും പെൻഷൻ മാസങ്ങളായി കുടിശ്ശിക 2021 ജനുവരി മുതൽ തുടർച്ചയായ മൂന്നു വർഷം ജീവനക്കാർക്ക് ഇൻക്രിമെന്റ് മാത്രമാണ് ശമ്പളവ്യത്യാസ വർദ്ധനവ് 18% 6 ഗഡു ഡി.എ, നാലു വർഷമായി ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ 2 ഗഡു കുടിശ്ശിക. പെൻഷൻകാർ 2021 ൽ വാങ്ങുന്ന അതേ തുക ഇന്നും പെൻഷൻ. ഒരു ലക്ഷത്തോളം പേർ കുടിശ്ശിക കിട്ടാതെ മരണപ്പെട്ടു. കെ.എസ്.ആർ.റ്റി.സി ക്കാരന് ഒരു മാസത്തെ ശമ്പളം ഒന്നിച്ചു കിട്ടാൻ ഇനി യു.ഡി.എഫ് വരണം. അതേ സമയം വെള്ളക്കരത്തിന് വൻ വർദ്ധന, വൈദ്യുതി ചാർജ് സർചാർജിനത്തിൽ ഓരോ യൂണിറ്റിനും ആറു മാസത്തിൽ 10 പൈസ വീതം 3 തവണ വർദ്ധന. കെട്ടിട നികുതി, കെട്ടിട നിർമ്മാണ പെർമ്മിറ്റ് തുക 300% വരെ ഒറ്റയടിക്ക് പതിനായിരം രൂപ വരെ ഉയർത്തി. ഭൂമി രജിസ്ട്രേഷന് വസ്തുവിലയിൽ 20% വർദ്ധനയുടെ 10% ഫീസ്. കൊള്ള നികുതിക്കു പുറമേ 2023 ഏപ്രിൽ മുതൽ പെട്രോൾ ലിറ്ററിനു 2 രൂപ പ്രകാരം നമ്മുടെ എത്ര രൂപ കൊള്ള അടിക്കപ്പെടുന്നു. 2026 വരെ SNC ലാവ്‌ലിൻ നീട്ടി ലഭിക്കാൻ പിണറായിക്ക് കേന്ദ്രത്തിൽ മോഡി ഭരണം അനിവാര്യമായതിനാൽ കോൺഗ്രസിനെ പരമാവധി തോല്പിക്കുവാൻ കേരളത്തിൽ CPM BJP ഒറ്റക്കെട്ടാണെന്നത് പകൽ പോലെ വ്യക്തം. ആ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുക. നഷ്ടപ്പെട്ട പത്തു വർഷത്തെ കേന്ദ്രഭരണ നേട്ടം 1000 രൂപ നോട്ട് നിർത്തലാക്കി 2000 രൂപ നോട്ട് വന്നു 7 വർഷത്തിനിടയിൽ 2000 രൂപയും നിർത്തലാക്കിയതും കടുത്ത GST യും അല്ലാതെ മറ്റൊന്നുമില്ല. അയോദ്ധ്യവിഷയത്തിൽ ആകൃഷ്ടമായി ദുരനുഭവങ്ങൾ മറക്കാതെയിരുന്നാൽ ഡൽഹിയിൽ ഭരണമാറ്റം ഉറപ്പിക്കാം. അതാകട്ടെ നമ്മളുടെ രാജ്യത്തിന് ഇപ്പോൾ അനിവാര്യമായ നിലപാട്.

കോൺഗ്രസിന്റെ കുടുംബാധിപത്യം എന്ന് നാടുനീളെ വിളിച്ചു കൂവിയ വൃന്ദകാരാട്ട് ഇപ്പോളിതാ തനിക്ക് ഒരു സ്വാതന്ത്ര്യവും കുടുംബത്തിൽ ലഭിക്കുന്നില്ല വെറും ഭാര്യയാക്കി അടിമയാക്കി ജീവിക്കുന്നു എന്ന് കരയുന്നു. (ഇന്ത്യയ്ക്ക് തന്നെ സ്വാതന്ത്ര്യം കിട്ടിയിട്ടില്ല എന്നായിരുന്നല്ലോ പാർട്ടി തീരുമാനം) ദമ്പതികൾക്ക് നല്ല സംശയരോഗം ഉള്ളതിനാൽ പോകുന്നിടത്ത് എല്ലാം കൂടെ പോകാനുള്ള ഉപായമായിരുന്നല്ലോ ഏക വനിതാ പോളിറ്റ് ബ്യൂറോ അംഗത്വം. അതിപ്പോൾ പെൻഷണറായ കമല ടീച്ചറെയും 'വെയർ എവർ ഐ ഗോ' കേരള മുഖ്യനും കൂടെ സർക്കാർ ചിലവിൽ നാടു കാണിക്കാറുണ്ടല്ലോ ?

പക്ഷെ റിയാസ്, ഗണേഷ്, മുകേഷ് തുടങ്ങിയവർ ഞങ്ങൾക്കങ്ങ് ഡൽഹിയിലും പി.ബിയിലും പിടി ഉണ്ട് എന്ന് പറഞ്ഞപ്പോൾ പ്രകാശ് കാരാട്ടിൽ ഇത്രയും പിടി ഉണ്ടെന്ന് പ്രതീക്ഷിച്ചില്ല കേട്ടോ? ഇതിനിടെ SFI ക്കാർ ആരിഫ് ഖാന്റെ തന്തയുടെ വകയല്ല കേരളം എന്നു ബാനർ കെട്ടിയപ്പോൾ ഒരു സംശയം ബാക്കിയുണ്ട്. അപ്പോൾ പിന്നെ മുഖ്യമന്ത്രിയുടെ 'അപ്പന്റെ' വക ആയിരിക്കും അല്ലേ ? ഏതെങ്കിലും ഒരു തന്ത വേണമല്ലോ ? പക്ഷേ 'യുവർ ഡാൽ വിൽ നോട്ട് കുക്ക് ഹിയർ' എന്നതിന്റെ അർത്ഥം ആ പരിപ്പ് ഇവിടെ വേവില്ല എന്നാണോ? എന്തായാലും ബിന്ദു ടീച്ചറിന്റെ അതേ ഇംഗ്ലീഷ്. ഒരമ്മ പെറ്റ അളിയന്മാരെ പോലെ സാമ്യം. എന്തായാലും ഈ ഇംഗ്ലീഷുമായി ഡൽഹി കേന്ദ്രകമ്മിറ്റിയിൽ നവകേരള സദസ്സ് വൻ വിജയം എന്ന് വച്ചു കാച്ചിയതിങ്ങനെ. നയൻ കേരള പൗഡർ പൗഡേർഡ്. കമിംഗ് ആന്റ് ഗോയിങ് പീപ്പിൾ ഹാവ് നോ ഹാൻഡ് ആന്റ് അരിത്തമറ്റിക്സ്. മനസ്സിലായില്ല ഉത്തമാ... അതായത് നവകേരളം പൊടിപിടിച്ചു. വരികയും പോകുകയും ചെയ്തവർക്ക് കൈയും കണക്കുമില്ല. സ്റ്റഡിക്ലാസിൽ വരണം. എന്നാലേ മനസ്സിലാകൂ. അപ്പോൾ അവസാനമായി മുഖ്യനോട് ഒരു ചോദ്യം. അപ്പോൾ കെ-റെയിൽ വരുമോ P.V? മാസപ്പടിയിലെ P.V. യെന്നാൽ ആരാ 2004 ൽ മരിച്ചുപോയ പി.വി.നരസിംഹറാവു അല്ലേ ? എന്നാകും മറുപടി.

ഈശ്വരോ....രക്ഷതു.



# കാകദൃഷ്ടി

ഹേ പ്രഭു, യേ ക്യാ ഹുവാ ?

മേരാ DA ഗയാ, TA ഗയാ, ലീവ് സറണ്ടർ ഗയാ, പേ റിവിഷൻ അരിയർ ഗയാ, മേം ബർബാദ് ഹുവാ, ഫിർഭി ഹർ ദിൻ

'പിരിവ് പ്രഭു പാർട്ടി പത്രം ഹുവാ, സമ്മേളനം ഹുവാ, ഇലക്ഷൻ ഫണ്ട് ഹുവാ, പ്രവർത്തന ഫണ്ട് ഹുവാ,

യേ ക്യാ ഹുവാ ???

തുളസിക്കുന്നിലെ ആൽമരക്കൊമ്പിലിരുന്ന കിളി വടക്കേയിന്ത്യൻ പശ്ചാത്തലമുള്ള ചുവപ്പൻ സംഘ നേതാവിന്റെ ഉച്ചത്തിലുള്ള ആത്മഗതം കേട്ട് ഞെട്ടി. പ്രഭോ, യേ ക്യാ ഹുവാ ? തുളസിക്കുന്നിലും ഹിന്ദിയോ ? ഹൃദയ നൊമ്പരങ്ങൾ ഇഷ്ടഭാഷയിൽ പുറത്തു വരുന്നത് സ്വാഭാവികം, പോരെങ്കിൽ പറഞ്ഞതെല്ലാം പരമസത്യമാണല്ലോ? ഇല്ലാത്ത നേട്ടങ്ങൾ ആഘോഷിക്കാൻ സർക്കാർ പെടാപാട് പെടുമ്പോൾ സർക്കാർ ജീവനക്കാരന് ബാക്കിയുള്ളത് ഉടുതുണിയും ഉയിരും മാത്രമാണല്ലോ. ശമ്പളം പോലും ഉറപ്പില്ലാത്ത സദ്ഭരണമാണല്ലോ നടമാടുന്നത്.

പിരിവ് നടത്തി വ്യോമമാർഗ്ഗം ദില്ലിക്ക് പറന്ന നേതാക്കൾ PFRDA ബില്ല് പിൻവലിപ്പിച്ചോ അതോ ജീവനക്കാരെ വലിപ്പിച്ചോ എന്നൊന്നും ചോദിക്കരുത്. എന്നാൽ ഈ ഉളുപ്പില്ലായ്മ അപാരം. ഏഴ് സംസ്ഥാനങ്ങൾ മാതൃക കാട്ടിയിട്ടും പഠിക്കാൻ നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ചിട്ടും വാഗ്ദാനം നൽകി അധികാരത്തിലെത്തിയശേഷം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ കമ്മിക്കിളികൾ ന്യായീകരണവ്യായാമം തുടരുകയേ നിവർത്തിയുള്ളൂ. തുളസിക്കുന്നിലെ ഇടത് കുമാരന്മാർ ഇപ്പോൾ സാക്ഷാൽ ഉമ്മൻചാണ്ടിയെയാണ് കൂട്ടുപിടിച്ചിരിക്കുന്നത്. യശഃശരീരനായ അദ്ദേഹത്തിന്റെ ആത്മാവുമായി അവർ നിരന്തരം സംവാദത്തിലാണത്രെ, അദ്ദേഹത്തിന്റ ആത്മാവിന് പോലും പങ്കാളിത്തപെൻഷൻ പിൻവലിക്കുന്നതിൽ താല്പര്യമില്ല എന്നാണ് കണ്ടെത്തൽ!

ഡി.എ, ലീവ് സറണ്ടർ ഒക്കെ അവിടെ നിൽക്കട്ടെ, 'വിആർ 99' എന്ന് നാഴികയ്ക്ക് നാല്പതുവട്ടം പറയുന്നവർക്ക് സ്വന്തം അണികളോടെങ്കിലും അല്പം ആത്മാർത്ഥത ഉണ്ടെങ്കിൽ പി.എസ്.സി ജീവനക്കാരുടെ തനത് ജോലിയായ പരീക്ഷാ നടത്തിപ്പിനായുള്ള യാത്രകൾക്ക് ചിലവാകുന്ന യാത്രാപ്പടിയെങ്കിലും വാങ്ങി നൽകേണ്ടേ ? അതിനുപോലും കഴിയുന്നില്ലെങ്കിൽ പിന്നെ എന്ത് സംഘടനാ ശേഷിയാണ് ഇവർക്ക് അവകാശപ്പെടാനുള്ളത് ? സെക്രട്ടറിയേറ്റിലെ പല വിഭാഗം ജീവനക്കാരും എന്തിന് മുഖ്യമന്ത്രിയുടെ IT cell ജീവനക്കാർ വരെ പരിധിയില്ലാതെ TA വാങ്ങുമ്പോഴാണ് പി.എസ്.സി കിളികളുടെ ഈ ദുർഗതി. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് TA സീലിംഗ് സ്ഥിരമായി ഒഴിവാക്കിക്കിട്ടിയിരുന്നെങ്കിൽ ഇപ്പോൾ 2023 ജൂൺ മാസം വരെ ഉപാധികളോടെ അനുവദിച്ചിരുന്ന സീലിംഗ് ഇളവ് ഇല്ലാതായിട്ട് ആറ് മാസം കഴിഞ്ഞു.

തുളസിക്കുന്നിലെ നീതിന്യായവ്യവസ്ഥ ഇരട്ടനീതിയിൽ അധിഷ്ഠിതമാണെങ്കിലും മാർഗ്ഗം ഒന്നു മാത്രം, അത് 'വൺവേ' ആണ്. എല്ലാം അധികാരികൾ ജീവനക്കാരിൽ നിന്ന് അങ്ങോട്ട് ആവശ്യപ്പെടും. ഇടതടവില്ലാതെ നോട്ടിഫിക്കേഷനുകളിറക്കണം. പരീക്ഷകൾ ദിനംപ്രതി പല ഇനം, വെരിഫിക്കേഷൻ ദൈനംദി

നകാര്യം, ഇന്റർവ്യൂ, ലിസ്റ്റ് തയ്യാറാക്കൽ, റൊട്ടേഷൻ എഴുത്ത് എല്ലാറ്റിനും കണിശമായ വേഗമുണ്ടാകണം. ഓടി ഓടി ജീവനക്കിളികളുടെ നടുവൊടിഞ്ഞു. ആരറിയാൻ, തിരിച്ചിങ്ങോട്ട് ഒന്നുമില്ല. കാലാകാലങ്ങളായി അനുവദിച്ചിരുന്ന ലീവ് പ്രമോഷൻ ആനുകൂല്യം നിർത്തലാക്കിയത് പുനഃസ്ഥാപിക്കാൻ ആർക്കും താൽപര്യമില്ല. പരീക്ഷാഡ്യൂട്ടികൾക്ക് ഏർപ്പെടുത്തിയ TA സീലിംഗ് അധികാരികൾക്ക് ന്യായമായി തോന്നുന്നതിനാലാകാം ഇത് ഒഴിവാക്കാൻ ചെറുവിരലനക്കാത്തത്. ഇങ്ങോട്ടൊന്നും കിട്ടുന്നില്ലായെന്ന് തീർത്ത് പറഞ്ഞുകൂടാ. കൂടുതൽ പണിയെടുക്കുന്നവർക്ക് സെൻഷർ, ഇൻക്രിമെന്റ് ബാർ തുടങ്ങിയ പ്രോത്സാഹന സമ്മാനങ്ങൾ വാരിക്കോരി നൽകുന്നുണ്ട്. ഭാരിച്ച കുറ്റമൊന്നും ഇതിനായി ചെയ്യണമെന്നില്ല, വെരിഫൈ ചെയ്ത സർട്ടിഫിക്കറ്റിന് തെളിച്ചം പോരാ, സ്പെഷ്യൽ റിപ്പോർട്ട് ഉണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നതിന് പകരം ഉണ്ട് എന്ന് ഉത്തരം നൽകി, ഇതൊക്കെത്തന്നെ ധാരാളം. വാണിംഗ്, സിവിയർ വാണിംഗ് എന്നീ ശിക്ഷാ നടപടികളൊക്കെ നിർത്തലാക്കിയോ ആവോ? ഇവിടെ സെൻഷറിൽ കുറഞ്ഞ സമ്മാനങ്ങളൊന്നും കാണാറില്ല. ജീവനക്കാരുടെ ക്ഷേമകാര്യങ്ങളിൽ ഇത്രയും ശ്രദ്ധ പുലർത്താത്ത ഏതെങ്കിലുമൊരു സ്ഥാപനം ഈ അണ്ഡകടാഹത്തിലുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല എന്ന് ഏതു കിളിയും തറപ്പിച്ചു പറയും.

കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടെയും ഗോക്കളെ പരിപാലിക്കാൻ മുഖ്യൻ കാണിക്കുന്ന ശുഷ്കാന്തി ഗുജറാത്തിലെ യോഗി മഹാരാജാവിന്റെ ഗോശാലയെ പോലും കടത്തിവെട്ടും. സ്വന്തം ടോയ്‌ലറ്റിന് ചിലവാക്കിയ അതേ തുക ചാണക്കുഴിക്കായും ചിലവാക്കിയതിൽ എവിടെയോ ചാണകം മണക്കുന്നതായി ചില കിളികളെങ്കിലും പറയുന്നുണ്ട്. ഏതായാലും ചാണകത്തിൽ ചവിട്ടാതിരിക്കാൻ മുൻകരുതലെടുക്കുന്നത് നല്ലത് തന്നെ. ചിലവ് ചുരുക്കലിൽ സർക്കാരിനെ വെല്ലുന്ന തുളസിക്കുന്നിലെ ഏമാൻമാർ സംഭവം തന്നെ. ജീവനക്കിളികൾക്ക് ഓട്ടക്കാലണയുടെ വില പോലും കൽപ്പിക്കുന്നില്ലെന്ന പരാതി മാറ്റാനാവും പുതുവർഷത്തിൽ കറുത്ത പുറം ചട്ടയുമായി ഓരോ പൊളപ്പൻ ഡയറി എല്ലാക്കിളികൾക്കും ഏർപ്പാടാക്കിയത്. ഐറ്റം ഒന്നിന് ചിലവായ തുക കേട്ട് പല കിളികളും ഞെട്ടിയെങ്കിലും തർക്കവിഷയം



മറ്റൊന്നാണ്. കറുത്ത പുറം ചട്ട നൽകി ചുവപ്പൻ സംഘം തന്നെ ഡി.എ തരാത്ത മുഖ്യനെ ട്രോളിയതായി ചിലർ പറയുമ്പോൾ, അതല്ല സർക്കാർ ഭരണഘടന സ്ഥാപനമായ പി.എസ്.സി. ഉപയോഗിച്ച് കേന്ദ്ര ഭൂതനെ ട്രോളിയതാണെന്ന വാദവും എയറിലുണ്ട്..

നാട്ടുകാരുടെ ചിലവിൽ പൗരപ്രമുഖർക്ക് സർവ്വാണിസദ്യ നടത്തി സർക്കാർ മുഴുവൻ കാരവനിൽ ഊരു ചുറ്റുമ്പോൾ തുളസിക്കുന്നിലെ അധികാരികൾ ജീവനക്കാരന്റെ ചിലവിൽ നേട്ടങ്ങളുടെ മേനി പറയുന്നു. ഭരണഘടന ഉപാസകനായ ഒരു യാത്രികന് നാടുനീളെ നടന്നിട്ട് ആകെ കിട്ടിയ രുചിയുള്ള ഭക്ഷണം കപ്പയും വരാൽകറിയുമാണത്രേ! മോശമായി പോയി, നവകേരളത്തിലെ ഒരു പ്രമുഖ രാജസദസ്യന് ഈ ഗതിയോ? അണ്ടിപരിപ്പ് അരച്ചു ചേർത്ത കോഴിക്കറി പോയിട്ട് കൊറിക്കാൻ രണ്ട് പിളർപ്പ് പോലും കിട്ടിയില്ലത്രേ. എങ്ങനെ കിട്ടാൻ, നാട്ടിലുള്ളതും കടം വാങ്ങിയതുമായ കശുവണ്ടിയെല്ലാം കൊണ്ടല്ലേ കൊല്ലത്ത് ഇരട്ടച്ചങ്കന്റെ മുഖകമലത്തിന്റെ ഇൻസ്റ്റലേഷൻ ഒരുക്കിയത്. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്ന് പറഞ്ഞതുപോലെയാണ് തുളസിക്കുന്നിലെ അവസ്ഥ. ഡി.എ തരാൻ ബാധ്യതയില്ലെന്ന് സർക്കാർ വാദിക്കുമ്പോൾ TA സീലിംഗ് ഒഴിവാക്കാൻ ആവശ്യപ്പെടാനും നിർത്തലാക്കിയ ലീവ് പ്രമോഷൻ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെടാനുമൊന്നും തങ്ങൾക്ക് ബാദ്ധ്യതയില്ലെന്ന് ഇവിടുത്തെ മേലാളന്മാർ. കായികക്ഷമതാ പരീ

ക്ഷകളുടെയുൾപ്പടെയുള്ള നടത്തിപ്പിന് ജീവനക്കാർ സ്വന്തം പണം മുൻകൂറായി ചിലവാക്കേണ്ട അവസ്ഥ ഒരർത്ഥത്തിലും ഭൂഷണമാണെന്ന് കിളിക്കഭിപ്രായമില്ല. ഇതിനൊക്കെ ലഭിക്കേണ്ട പ്രതിഫലത്തുക കൃത്യമായി നൽകുന്നുവെന്ന് ഉറപ്പ് വരുത്താൻ കഴിയാത്തതും അധികാരികൾക്ക് ഭൂഷണമല്ല. ആപ്പുകൾ വാഴും കാലത്ത് ആപ്പീസ് കമ്പ്യൂട്ടറുകളൊന്നും ഇവ താങ്ങില്ലെന്ന സത്യം ആരുമറിയാഞ്ഞിട്ടാണോ? അവിടെയും ബാദ്ധ്യത. പാവം ജീവനക്കിളികൾക്ക് അസിസ്റ്റന്റാകാൻ ഉള്ള യോഗ്യതയിൽ കമ്പ്യൂട്ടർ പരിജ്ഞാനം മാത്രമേ പറയുന്നുള്ളുവെങ്കിലും തുളസിക്കുന്നിൽ പണിയെടുക്കണമെങ്കിൽ ആൻഡ്രോയിഡ് ഫോണും അളവറ്റ മെമ്മറിയും ഡാറ്റയും അനിവാര്യം EMS ആപ്പും ആധാർ ആപ്പും ഒക്കെ താങ്ങണമല്ലോ.

എസ്റ്റാബ്ലിഷ്മെന്റ് കാര്യാലയത്തിൽ നെറ്റ്‌വർക്ക് കവറേജ് കുറവായത് വാട്ട്സാപ്പ് ആശയവിനിമയത്തെ സാരമായി ബാധിക്കുന്നതിനാലാവാം ചിലർ ചെവിയിൽ മൊബൈൽ ഫോണൊട്ടിച്ച നിലയിൽ പുറത്തിറങ്ങി സ്വപ്നാടനത്തിലെന്ന പോലെ ചുവപ്പർസംഘം ആഫീസ് പരിസരത്തേക്ക് ഇടയ്ക്കിടെ നടക്കുന്നത്. തൊട്ടതിനും പിടിച്ചതിനുമൊക്കെയും ഇങ്ങനെ കാരണവൻമാരോട് ദൂത് കേൾക്കണമെങ്കിൽ കാര്യാലയം തന്നെ അങ്ങോട്ട് മാറ്റിയാൽ പോരെ എന്നാണ് കിളിയുടെ ഒരിത്. പാവം മറ്റൊരു കിളിക്കും ഈ ഗതി വരുത്തരുതേ ഈശ്വരാ. ആപ്പീസിനടുത്ത് താമസമാക്കി പത്തേമുക്കാലിന് ഓടിപ്പിടിച്ച് ഓഫീസിലെത്തുകയും ഉച്ചയ്ക്ക് 12 ന് വീട്ടിൽ പോയി ഊണും സുഖനിദ്രയും കഴിഞ്ഞ് മൂന്നരയോടെ ഓഫീസിലെത്തി ചായകുടിയും കഴിഞ്ഞ് നാലേകാലിന് ഏർളിപോയ പഴയകിളികളൊക്കെ ഇപ്പോൾ ആപ്പീസർമാരായി ചില്ലുകൂടുകളിലിരുന്ന് സ്വന്തം ജോലി കൃത്യമായും സമയബന്ധിതമായും ചെയ്യുന്ന ജീവനക്കിളികളെ ഉദ്ബോധിപ്പിക്കുന്ന കാഴ്ച കാണുമ്പോൾ ഏത് കിളിയും ചിരിച്ചു ചിരിച്ചു പണ്ടാരമടങ്ങി പോകും.

പൊതുസ്ഥലം മാറ്റത്തിന്റെ സമയമടുക്കുകയാണ്. ഇക്കുറി എന്തൊക്കെ മറിമായങ്ങൾ അരങ്ങേറുമോ ആവോ? ഇരട്ടച്ചങ്കൻ മോഡൽ ഡബിൾ റൂൾ മാനിയയാണ് എല്ലാറ്റിലും. ഒരു കൂട്ടർ കരിങ്കൊടി കാണിച്ചാൽ അതു രാജ്യരക്ഷ, മറ്റുള്ളവർ കാട്ടിയാൽ കലാപം, രാജ്യദ്രോഹം, ഒരേ കുറ്റം ചെയ്ത ഒരുവന് തല്ല്, മറ്റവന് തലോ




ടൽ. രക്ഷാപ്രവർത്തനത്തിന് അംഗരക്ഷകരും അണികളും സദാ സജ്ജം. LPR പ്രമോഷൻ ഒരിക്കൽ താൽക്കാലികമെങ്കിൽ തരം പോലെ സ്ഥിരമാക്കി പരസ്പര സ്ഥലംമാറ്റം നൽകും. മ്യൂച്ചലും സ്ഥലംമാറ്റവും ആളും തരവും നോക്കി മാത്രം പോകാൻ മറ്റാരുമില്ലെന്ന് തെറ്റിദ്ധരിപ്പിച്ച് ജില്ലയ്ക്ക് വിട്ടയാളെ തിരിച്ച് വിളിച്ച് മറ്റൊരു ജില്ലയിലേക്ക് ഇപ്പോൾ നിർബന്ധമായി വിട്ടിരിക്കുന്നു. പണ്ടെങ്ങിനെ പോയെന്ന് ഇപ്പോൾ ചോദിക്കരുത്.

ഒന്നു മയങ്ങിപ്പോയ കിളിയെ ഉണർത്തിയത് ഉച്ചത്തിലുള്ള സമരകാഹളവിളികളാണ്. രണ സ്മാരകങ്ങൾ ആരിലൊക്കെയോ സ്മരണകളെ ഉണർത്തിയിരിക്കുന്നു. ഒരു അവകാശദിനമായിക്കളയാമെന്ന് ത്രിവർണ്ണക്കാരുടെ പണിമുടക്കറിഞ്ഞ് വിപ്ലവസിംഹങ്ങൾ ഉണർന്നെണീറ്റതാണ്. ഇത്തിരി തോനെ വൈകിയെങ്കിലും പിള്ളകൾ ഉണർന്നല്ലോ, കിളിക്കത് മതി, ഇനി ഉറങ്ങാതെ നോക്കേണ്ടത് നിങ്ങളുടെ ഓരോരുത്തരുടെയും കടമയാണ്. ജാഗ്രതൈ!

ഹേ പ്രഭു കിളിക്ക് ജഗദ്ഗുരുവിനോട് ഒന്നേ പ്രാർത്ഥിക്കാനുള്ളൂ. ജീവനക്കിളികൾക്ക് പണി കൊടുക്കുക എന്ന് പണി മാത്രം ജീവിതവ്രതമാക്കിയ ഇവിടുത്തെ കങ്കാണികിളി പ്രഭുക്കളോട് അങ്ങ് പൊറുക്കേണമേ, കാരണം അവരുടെ ചുമലുകളിലാണ് പി.എസ്.സി യുടെ ഉത്തരം ഉറപ്പിച്ചിരിക്കുന്നത് എന്ന് അവർ ഉറച്ച് വിശ്വസിക്കുന്നു. ഡാറ്റ ഞങ്ങളുടേതാണെങ്കിലും ആപ്പ് അവരുടേത് മാത്രമാണല്ലോ.! കിളി പറന്നുപോയി.

*തയ്യാറാക്കിയത്:* പി.എസ്.സി. ഇ .എ.

# സംസ്ഥാന കൗൺസിൽ അംഗങ്ങൾ 2023-24

ചെയർമാൻ



ഷാനവാസ്.എ.എസ്

വൈസ് ചെയർമാൻ



ഫ്രഞ്ചസ്.ഡി



ആർ.സി.സുരേഷ്കുമാർ



ജോസ് ഫ്രാൻസിസ്



സഞ്ജീവ് പി.എ.



പ്രദീപ്കുമാർ ഐ.പി.



സുനിൽ വൈ.



ആൽബിൻരാജ്.ഡി.എസ്



ബിജു.പി.എസ്



നിസാം യൂസഫ്



മുഹമ്മദ് അലി പി.കെ.



അബ്ദുൾ റഷീദ്



അനിൽകുമാർ ഡബ്ല്യു.



മധു വി.എസ്.



ഷിൻസ് മാത്യു



വിനോദ്.ബി.ടി



രാജു എഡ്വേർഡ്



രാജേഷ്കൃഷ്ണൻ



പ്രജീഷ്



ശ്രീദേവ്.എം.എസ്.



ജ്യോതിഷ് ലോപ്പസ്



ബിന്ദു സോജ



ദീപാറാണി.വി.പി



ആശ.ആർ.നായർ



ജയലക്ഷ്മി എം.



ശ്രീലേഖ.ടി.പി



സജിതകുമാരി.എസ്.എസ്



സിന്ധു എ.എസ്.



ഷിജിനിമോൾ തമ്പി

## വനിതാ കമ്മിറ്റി



ജീജ എം.എം
കൺവീനർ



സുമ.ടി.എം
ജോയിന്റ് കൺവീനർ



















# അവകാശ സമരപോരാട്ടങ്ങളിൽ
# പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ













